# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കോഴിക്കോട് ജില്ലാ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/പി12/612/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 10/12/2021
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കോഴിക്കോട് ജില്ലാ പഞ്ചായത്ത്

സർ,

**വിഷയം : കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1)കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്ഡയറക്ടർ,,തിരുവനന്തപുരം(ഉപരിപത്രം സഹിതം).
2)സെക്രട്ടറി,തദ്ദേശസ്വയംഭരണ വകുപ്പ്,തിരുവനന്തപുരം(ഉപരിപത്രം സഹിതം).
3)കാര്യാലയപ്രതി.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/പി12/612/2021 തീയ്യതി: 10/12/2021

## കോഴിക്കോട് ജില്ലയിലെ കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 48 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.വിക്രം സിങ്ങ് | ജോയിന്റ് ഡയറക്ടർ | 06-07-2020 | 31-03-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 06-07-2020 | 31-03-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.മോഹൻ കുരുന്നംമനക്കൽ, ഓഡിറ്റ് ഓഫീസർ
ശ്രീ.ജയകുമാർ പാലോളി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.രാമദാസം.എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ബാബുപറശ്ശേരി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.ഫിലിപ്പ്.പി.ഡി | സെക്രട്ടറി | 01-04-2019 | 30-06-2019 |
| ശ്രീ.കെ.ജിസന്ദീപ് | സെക്രട്ടറി | 01-07-2019 | 09-07-2019 |
| ശ്രീ.ബാബു.വി | സെക്രട്ടറി | 10-07-2019 | 31-03-2020 |

**നിർവ്വഹണഉദ്യോഗസ്ഥർ**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ടി.അഹമ്മേദ് കബീർ | അസിസ്റ്റന്റ് എക്സികുട്ടീവ് എഞ്ചിനീയർ (കൃഷി) | 01-04-2019 | 25-11-2019 |
| ശ്രീ.അബാദുൾ വഹാബ്.വി.എസ് | എക്സികുട്ടീവ് എഞ്ചിനീയർ (കൃഷി) | 26-11-2019 | 31-03-2020 |
| ശ്രീമതി.അഫ്സത്ത് | പ്രോഗ്രാം ഓഫീസർ ജില്ലാതല ഐ.സി.ഡി.എസ്.സെൽ | 01-04-2019 | 31-10-2019 |
| ശ്രീമതി.പുഷ്പ.വി | പ്രോഗ്രാം ഓഫീസർ ജില്ലാതല ഐ.സി.ഡി.എസ്.സെൽ | 01-11-2019 | 31-03-2020 |
| ശ്രീ.ശശിപൊന്നണ | സീനിയർ കൃഷി ഓഫീസർ സംസ്ഥാന വിത്തുല്പാദനകേന്ദ്രം,പേരാമ്പ്ര | 01-04-2019 | 30-09-2019 |
| ശ്രീമതി .അനിതാബായ് | സീനിയർ കൃഷി ഓഫീസർ സംസ്ഥാന വിത്തുല്പാദനകേന്ദ്രം,പേരാമ്പ്ര | 01-10-2019 | 31-03-2020 |
| ഡോ.അലി.കെ | സൂപ്രണ്ട് ,ജില്ലാആശുപത്രി,വടകര | 01-04-2019 | 31-03-2020 |
| ശ്രീ.സന്ദീപ്.കെ | എക്സേികുട്ടീവ് എഞ്ചിനീയർ ,എൽഎസ്ജിഡി | 01-04-2019 | 31-01-2020 |
| ശ്രീ.വാസു.ടി.പി | എക്സികുട്ടീവ് എഞ്ചിനീയർ .എൽ.എസ്.ജി.ഡി | 14-01-2020 | 31-03-2020 |
| ഡോ.ജയശ്രീ.വി | ജില്ലാ മെഡിക്കൽഓഫീസർ(ആരോഗ്യം) | 01-04-2019 | 31-03-2020 |
| ഡോ.കെ.വി.ഉമ | ഡെപ്പ്യൂട്ടി ഡയറക്ടർ (മൃഗസംരക്ഷണം) | 01-04-2019 | 17-07-2019 |
| ഡോ.കെ.ഷീല് | ഡെപ്പ്യൂട്ടിഡയറക്ടർ (മൃഗസംരക്ഷണം) | 18-07-2019 | 16-08-2019 |
| ഡോ.കെ.വി.ഉമ | ഡെപ്യൂട്ടിഡയറക്ടർ(മൃഗസംരക്ഷണം) | 17-08-2019 | 31-03-2020 |
| ശ്രീമതി.കബനി.സി | ജില്ലാകോഓർഡിനേറ്റർ ശുചിത്വമിഷൻ &അസിസ്റ്റന്റ് പ്രേജക്ട് ഓഫീസർ (പി&എം) | 01-04-2019 | 03-03-2020 |
| ശ്രീ.ഇ.പി.സുരേഷ്കുമാർ | ജില്ലാവിദ്യാഭ്യാസ ഉപഡയറക്ടർ | 01-04-2019 | 22-09-2019 |
| ശ്രീമതി.മിനി.വി.പി | ജല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ | 23-09-2019 | 31-03-2020 |
| ഡോ.വി.അബ്ദുൾസലാം | ജില്ലാ മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2019 | 11-11-2019 |
| ഡോ.മുഹമ്മദ് അകാബർ | ജില്ലാ മെഡിക്കൽ ഓഫീസർ(ഹോമിയോ) | 12-11-2019 | 31-03-2020 |
| ഡോ.കെ.എം.മൻസൂർ | ജില്ലാമെഡിക്കൽ ഓഫീസർ ഭാരതീയ ചികിത്സാവകുപ്പ് | 01-04-2019 | 31-03-2020 |
| ശ്രീമതി.ബീനാ.പി | പ്രിൻസിപ്പാൾ ,ഗവൺമെന്റ് വിമൻസ് | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| | പോളിടെക്നിക്ക് മലാപറമ്പ് | | |
| ഡോ.ജെസ്സി.പി.സി | സൂപ്രണ്ട് ഇൻചാർജ്ജ് ജില്ലാആയുർവേദ ആശുപത്രി | 01-04-2019 | 02-06-2019 |
| ഡോ.ശുഭ.കെ.പി | സൂപ്രണ്ട് ജില്ലാആയുർവേദ ആശുപത്രി | 03-06-2019 | 20-06-2019 |
| ഡോ.ജെസ്സി.പി.സി | സൂപ്രണ്ട് ഇൻചാർജ്ജ് ജില്ലാആയുർവേദ ആശുപത്രി | 21-06-2019 | 10-07-2019 |
| ഡോ.സ്റ്റെല്ലഡേവിഡ് | സൂപ്രണ്ട് ജില്ലാആയുർവേദ ആശുപത്രി | 11-07-2019 | 30-09-2019 |
| ഡോ.ജെസ്സി.പി.സി | സൂപ്രണ്ട് ഇൻചാർജ്ജ് ജില്ലാആയുർവേദ ആശുപത്രി | 01-10-2019 | 29-10-2019 |
| ഡോ.പ്രീത.എ) | സൂപ്രണ്ട് ജില്ലാആയുർവേദ ആശുപത്രി | 30-10-2019 | 31-03-2020 |
| ഡോ.മുജീബുർ റഹിമാൻ | അസിസ്റ്റന്റ് ഡയറക്ടർ, പ്രാദേശിക കോഴിവളർത്തൽകേന്ദ്രം ,ചാത്തമംഗലം(അധിക ചുമതല) | 01-04-2019 | 12-07-2019 |
| ഡോ.സിന്ധു ബാലൻ | അസിസ്റ്റന്റ് ഡയറക്ടർ,പ്രാദേശിക കോഴിവളർത്തൽകേന്ദ്രം,ചാത്തമംഗലം | 13-07-2019 | 31-03-2020 |
| ശ്രീ.ശശിപൊന്നണ | സൂപ്രണ്ട് ജില്ലാകൃഷിത്തോട്ടം,കൂത്താളി | 01-04-2019 | 10-06-2019 |
| ശ്രീ.ഷാജി.ടി.ആർ | സൂപ്രണ്ട് ജില്ലാകൃഷിത്തോട്ടം,കൂത്താളി | 11-06-2019 | 31-03-2020 |
| ശ്രീ.പ്രദീപൻ.കെ | പ്രോജക്ട് ഡയറക്ടർ ദാരിദ്രലഘൂകരണ വിഭാഗം | 01-04-2019 | 18-06-2019 |
| ശ്രീ.സിജു തോമസ് | പ്രോജക്ട് ഡയറക്ടർ ദാരിദ്രലഘൂകരണ വിഭാഗം | 19-06-2019 | 31-03-2020 |
| ശ്രീമതി.ബിന്ദു.ആർ | ഡെപ്യൂട്ടി ഡയറക്ടർ (YP)കൃഷി | 01-04-2019 | 19-06-2019 |
| ശ്രീമതി.ജയശ്രീ.ബീ.കെ | ഡെപ്യൂട്ടി ഡയറക്ടർ (YP)കൃഷി | 20-06-2019 | 02-07-2019 |
| ശ്രീമതി.അനിതാപോൾ.സി | ഡെപ്യൂട്ടി ഡയറക്ടർ (YP)കൃഷി | 03-07-2019 | 31-03-2020 |
| ശ്രീമതി.ജയശ്രീ.ബീ.കെ | ഡെപ്യൂട്ടി ഡയറക്ടർ (WM)കൃഷി | 01-04-2019 | 31-10-2019 |
| ശ്രീ.ശശിപൊന്നണ | ഡെപ്യൂട്ടി ഡയറക്ടർ (WM)കൃഷി | 01-11-2019 | 06-02-2020 |
| ശ്രീമതി ബിന്ദുകുമാരി.എ) | ഡെപ്യൂട്ടി ഡയറക്ടർ (WM)കൃഷി | 07-02-2020 | 31-03-2020 |
| ശ്രീമതി .ശോഭന.എം | ഡെപ്പ്യൂട്ടിഡയറക്ടർ,ക്ഷീരവികസനം | 01-04-2019 | 31-07-2019 |
| ശ്രീമതി.ഷീബാഖമർ | ഡെപ്പ്യൂട്ടിഡയറക്ടർ,ക്ഷീരവികസനം | 01-08-2019 | 31-03-2020 |
| ശ്രീ.രാജഗോപാൽ.കെ | ജില്ലാ പട്ടികജാതി വികസന ഓഫീസർ | 01-04-2019 | 26-05-2019 |
| ശ്രീമതി.മായാഗോപിനാഥ് | ജില്ലാ പട്ടികജാതി വികസന ഓഫീസർ | 27-05-2019 | 25-08-2019 |
| | | 26-08- | 13-10- |

| | | | |
|---|---|---|---|
| ശ്രീ.രാജഗോപാൽ.കെ | ജില്ലാ പട്ടികജാതി വികസന ഓഫീസർ | 2019 | 2019 |
| ശ്രീ.ശ്രീകുമാർ.ജി | ജില്ലാ പട്ടികജാതി വികസന ഓഫീസർ | 14-10-2019 | 15-12-2019 |
| ശ്രീ.രാജഗോപാൽ.കെ | ജില്ലാ പട്ടികജാതി വികസന ഓഫീസർ | 16-12-2019 | 02-02-2020 |
| ശ്രീമതി.മായാഗോപിനാഥ് | ജില്ലാ പട്ടികജാതി വികസന ഓഫീസർ | 03-02-2020 | 10-02-2020 |
| ശ്രീ.രാജഗോപാൽ.കെ | ജില്ലാ പട്ടികജാതി വികസന ഓഫീസർ | 11-02-2020 | 31-03-2020 |
| ശ്രീ.സയീദ് നയീം.സി | ട്രയ്ബൽ ഡവലപ്പ്മെന്റ് ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി.ഷീബാ മുംതാസ് | ജില്ലാസാമൂഹ്യനീതി ഓഫീസർ (അധികചുമതല) | 01-04-2019 | 14-07-2019 |
| ശ്രീ.പരമേശ്വരൻ.പി | ജില്ലാ സാമൂഹ്യനീതി ഓഫീസർ | 15-07-2019 | 31-07-2019 |
| ശ്രീമതി.ഷീബാമുംതാസ് | ജില്ലാസാമൂഹ്യനീതി ഓഫീസർ (അധികചുമതല) | 01-08-2019 | 31-03-2020 |
| ശ്രീ.വിനോദ്കുമാർ.എം | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ (അധിക ചുമതല) തെങ്ങിൻതൈവളർത്തുകേന്ദ്രം തിക്കോടി | 01-04-2019 | 31-03-2020 |
| ശ്രീമതി.ഷേർലി സക്കറിയാസ് | സീനിയർ കൃഷി ഓഫീസർ സംസ്ഥാന വിത്തുല്പാദനകേന്ദ്രം,പുതുപ്പാടി | 01-04-2019 | 18-07-2019 |
| ശ്രീമതി.കെ.സുലേഖാബീ | സീനിയർ കൃഷി ഓഫീസർ സംസ്ഥാന വിത്തുല്പാദനകേന്ദ്രം,പുതുപ്പാടി | 19-07-2019 | 31-03-2020 |
| ശ്രീമതി.കവിതാ.പി.സി | കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്റർ | 01-04-2019 | 31-03-2020 |
| ശ്രീ.ഷാജി ജേക്കബ് | ജില്ലാ ഖാദിഗ്രാമവ്യവസായ പ്രോജക്ട് ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ.മുജീബ്.ഇ | ഡെപ്യൂട്ടി ഡയറക്ടർ ഫിഷറീസ് | 01-04-2019 | 06-09-2020 |
| ശ്രീ.സുധീർ കൃഷൻ | ഡെപ്യൂട്ടി ഡയറക്ടർ ഫിഷറീസ് | 07-09-2019 | 31-03-2020 |
| ശ്രീ.സുരജിത്ത്.എ.വി | സൂപ്രണ്ട് ,ഗവൺമെന്റ് ടെക്നിക്കൽ ഹൈസ്ക്കൂൾ വടകര | 01-04-2019 | 24-06-2019 |
| ശ്രീമതി.രാധാമണി.പി | സൂപ്രണ്ട് ,ഗവൺമെന്റ് ടെക്നിക്കൽ ഹൈസ്ക്കൂൾ വടകര | 25-06-2019 | 31-03-2020 |
| ശ്രീ.ശുഹൈബ്.ടി.വി | മാനേജർ, ജില്ലാ വ്യവസായകേന്ദ്രം | 01-04-2019 | 30-06-2019 |
| ശ്രീ.രാജീവ്.കെ | മാനേജർ, ജില്ലാവ്യവസായകേന്ദ്രം (മാനേജർ, RITഅധികചുമതല) | 01-07-2019 | 05-09-2019 |
| ശ്രീ.രാജീവ്.കെ | മാനേജർ, ജില്ലാവ്യവസായകേന്ദ്രം | 06-09-2019 | 31-03-2020 |
| ശ്രീ.കിരരൺ വൈലാശേരി | അസിസ്റ്റന്റ് സോയിൽ കെമിസ്റ്റ് ,ജില്ലാമണ്ണ് പരിശോധനകേന്ദ്രം , തിക്കോടി | 01-04-2019 | 31-03-2020 |

**ഉള്ളടക്കം**


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Mohan Kurunnam Manakkal (Audit Officer)<br>Last Updated By: Vasudevan M (Deputy Director, On 09-12-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Mohan Kurunnam Manakkal (Audit Officer)<br>Last Updated By: Vasudevan M (Deputy Director, On 09-12-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം (വരവ് ചെലവ് പത്രിക പ്രകാരം)<br>Written By: Mohan Kurunnam Manakkal (Audit Officer)<br>Last Updated By: Vasudevan M (Deputy Director, On 07-12-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Mohan Kurunnam Manakkal (Audit Officer)<br>Last Updated By: Vasudevan M (Deputy Director, On 09-12-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Mohan Kurunnam Manakkal (Audit Officer)<br>Last Updated By: Vasudevan M (Deputy Director, On 09-12-2021) | 1-5 |
| 6 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: RAMDAS M. (Asst. Audit Officer)<br>Last Updated By: Vasudevan M (Deputy Director, On 10-12-2021) | 1-6 |
| 7 | ആഭ്യന്തര നിയന്ത്രണം<br>Written By: Mohan Kurunnam Manakkal (Audit Officer)<br>Last Updated By: Vasudevan M (Deputy Director, On 07-12-2021) | 1-7 |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Mohan Kurunnam Manakkal (Audit Officer)<br>Last Updated By: Vasudevan M (Deputy Director, On 07-12-2021) | 1-8 |
| 9 | വാർഷികകണക്കിലെ അപാകതകൾ<br>Written By: Jayakumar Paloli (Asst. Audit Officer)<br>Last Updated By: Vasudevan M (Deputy Director, On 09-12-2021) | 1-9 |
| 10 | ജില്ലാ മണ്ണ് പരിശോധനാകേന്ദ്രം, തിക്കോടി - അപാകതകൾ<br>Written By: Mohan Kurunnam Manakkal (Audit Officer)<br>Last Updated By: Vasudevan M (Deputy Director, On 09-12-2021) | 1-10 |
| 11 | ജില്ലാ കൃഷി ഫാം കൂത്താളി - പ്രതിദിനകളക്ഷൻ യഥാസമയംഅടവാക്കുന്നില്ല<br>Written By: Jayakumar Paloli (Asst. Audit Officer, On 29-03-2021)<br>Last Updated By: Vasudevan M (Deputy Director, On 07-12-2021) | 1-11(1) |
| 12 | ഹൈടെക്ക് ഡയറിഫാം -നടത്തിപ്പിലെ അപാകതകൾ.<br>Written By: Jayakumar Paloli (Asst. Audit Officer, On 29-03-2021)<br>Last Updated By: Vasudevan M (Deputy Director, On 09-12-2021) | 1-11(2) |
| 13 | കൃഷി ഫാം ട്രെയിനിങ്ങ് സെന്റർ- പ്രവർത്തനം ആരംഭിച്ചില്ല<br>Written By: Mohan Kurunnam Manakkal (Audit Officer)<br>Last Updated By: Vasudevan M (Deputy Director, On 09-12-2021) | 1-11(3) |
| 14 | സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രം , പേരാമ്പ്ര - രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല.<br>Written By: Mohan Kurunnam Manakkal (Audit Officer)<br>Last Updated By: Vasudevan M (Deputy Director, On 07-12-2021) | 1-12 |
| 15 | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്ക്കോളർഷിപ്പ് - ഒരേ കോഴ്സിന് രണ്ട് നിരക്കിൽ സ്ക്കോളർഷിപ്പ് നല്കി.<br>Written By: Mohan Kurunnam Manakkal (Audit Officer)<br>Last Updated By: Vasudevan M (Deputy Director, On 07-12-2021) | 1-13 |
| 16 | ലൈഫ് പദ്ധതി -എസ്.ടി.ഭവന നിർമ്മാണ പൂർത്തീകരണം വൈകുന്നു.<br>Written By: Mohan Kurunnam Manakkal (Audit Officer)<br>Last Updated By: Vasudevan M (Deputy Director, On 09-12-2021) | 1-14 |
| 17 | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കരിയർഗൈഡൻസ്- മുഴുവൻ വിദ്യാർത്ഥികൾക്കും പ്രയോജനം ലഭിച്ചില്ല.<br>Written By: Mohan Kurunnam Manakkal (Audit Officer)<br>Last Updated By: Vasudevan M (Deputy Director, On 09-12-2021) | 1-15 |
| 18 | പട്ടികവർഗ്ഗവിഭാഗത്തിലെ അഭ്യസ്തവിദ്യരായ യുവതീയുവാക്കൾക്ക് തൊഴിൽ നേടുന്നതിന് പരിശീലന | 1-16 |

| | | |
|---|---|---|
| | പ്രൊജക്ടുകൾ ഫലപ്രാപ്തിയിലെത്തിയില്ല.<br>Written By: Mohan Kurunnam Manakkal (Audit Officer)<br>Last Updated By: Vasudevan M (Deputy Director, On 09-12-2021) | |
| 19 | സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഉപകരണങ്ങളാണ് ലഭ്യമാക്കിയതെന്ന് ടെക്നിക്കൽ സമിതി ഉറപ്പുവരുത്തിയിട്ടില്ല.<br>Written By: Mohan Kurunnam Manakkal (Audit Officer)<br>Last Updated By: Vasudevan M (Deputy Director, On 07-12-2021) | 1-17 |
| 20 | വിനിയോഗ വിവരം ലഭ്യമാക്കിയില്ല<br>Written By: Mohan Kurunnam Manakkal (Audit Officer)<br>Last Updated By: Vasudevan M (Deputy Director, On 07-12-2021) | 1-18 |
| 21 | വജ്രജൂബിലി ഫെലോഷിപ്പ് - ചെലവുവിവരങ്ങൾ പൂർണ്ണമായി ലഭിച്ചില്ല.<br>Written By: Mohan Kurunnam Manakkal (Audit Officer)<br>Last Updated By: Vasudevan M (Deputy Director, On 09-12-2021) | 1-19 |
| 22 | എസ്.ഡി.സി മുഖേന വനിതകൾക്ക് വിവിധ തൊഴിൽ പരിശീലനം – തൊഴിൽ യൂണിറ്റുകളുടെ പ്രവർത്തനം നിരീക്ഷിക്കപ്പെടുന്നില്ല.<br>Written By: Mohan Kurunnam Manakkal (Audit Officer)<br>Last Updated By: Vasudevan M (Deputy Director, On 07-12-2021) | 1-20 |
| 23 | കൊയിലാണ്ടി ഗവ. കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട് കെട്ടിടവാടക - കെട്ടിട വാടകരജിസ്റ്റർ, കെട്ടിട ഉടമയുമായുണ്ടാക്കിയ വാടക കരാർ എന്നിവ ലഭ്യമാക്കിയില്ല.<br>Written By: Mohan Kurunnam Manakkal (Audit Officer)<br>Last Updated By: Vasudevan M (Deputy Director, On 07-12-2021) | 1-21 |
| 24 | വിദ്യാർത്ഥികൾക്ക് പച്ചക്കറി കൃഷി - മുന്നൊരുക്കമില്ലാതെ പ്രൊജക്ട് രൂപീകണവും നിർവ്വഹണവും<br>Written By: Mohan Kurunnam Manakkal (Audit Officer)<br>Last Updated By: Vasudevan M (Deputy Director, On 07-12-2021) | 1-22 |
| 25 | ഗവ.ജില്ലാ ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് - ഹോംകോയിൽ മുൻകൂറായി അടച്ച മുഴുവൻ തുകയ്ക്കും മരുന്ന് ലഭ്യമായതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്.<br>Written By: Mohan Kurunnam Manakkal (Audit Officer)<br>Last Updated By: Vasudevan M (Deputy Director, On 07-12-2021) | 1-23 |
| 26 | എസ്.എസ്.എ പദ്ധതി രൂപീകരണം - ജില്ലാപഞ്ചായത്ത് പങ്ക് വഹിച്ചില്ല.<br>Written By: Mohan Kurunnam Manakkal (Audit Officer)<br>Last Updated By: Vasudevan M (Deputy Director, On 07-12-2021) | 1-24 |
| 27 | തീരദേശ ഗ്രാമപഞ്ചായത്തുകളിലെ മത്സ്യതൊഴിലാളികൾക്ക് വല – ഗ്രാമസഭകൾ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് ലഭ്യമാക്കിയില്ല.<br>Written By: Mohan Kurunnam Manakkal (Audit Officer)<br>Last Updated By: Vasudevan M (Deputy Director, On 09-12-2021) | 1-25 |
| 28 | കാർഷികകർമ്മസേനകൾക്ക് യന്ത്രങ്ങൾ വാങ്ങൽ-അപാകതകൾ<br>Written By: Mohan Kurunnam Manakkal (Audit Officer)<br>Last Updated By: Vasudevan M (Deputy Director, On 09-12-2021) | 1-26 |
| 29 | ഡയാലിസിസ് കേന്ദ്രത്തിന് കൺസ്യൂമബിൾസ് വാങ്ങി നല്കൽ - സർക്കാർ അനുമതി ലഭ്യമാക്കേണ്ടതാണ്.<br>Written By: Mohan Kurunnam Manakkal (Audit Officer)<br>Last Updated By: Vasudevan M (Deputy Director, On 08-12-2021) | 1-27 |
| 30 | "ദക്രാഡിൽ "ലക്ഷ്യമിട്ട പ്രവർത്തനങ്ങൾ പൂർത്തീകരിച്ചില്ല.<br>Written By: RAMDAS M. (Asst. Audit Officer)<br>Last Updated By: Vasudevan M (Deputy Director, On 08-12-2021) | 1-28 |
| 31 | മാമ്പുഴ നവീകരണം -കുഴിച്ചെടുത്ത മണ്ണ് നീക്കം ചെയ്യാത്തതിനാൽ പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.<br>Written By: Jayakumar Paloli (Asst. Audit Officer, On 29-03-2021)<br>Last Updated By: Vasudevan M (Deputy Director, On 08-12-2021) | 1-29 |
| 32 | വനിത തിയേറ്റർ ഗ്രൂപ്പ്-പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: RAMDAS M. (Asst. Audit Officer)<br>Last Updated By: Vasudevan M (Deputy Director, On 09-12-2021) | 1-30 |
| 33 | ഔഷധിയിൽ നിന്നും മരുന്ന് ലഭ്യമായില്ല<br>Written By: RAMDAS M. (Asst. Audit Officer, On 29-03-2021)<br>Last Updated By: Vasudevan M (Deputy Director, On 08-12-2021) | 1-31 |
| 34 | പ്രൊജക്ട് നിർവ്വഹണത്തിലെ കാലതാമസം - സർക്കാർ | 1-32 |

| | | |
|---|---|---|
| | ഗ്രാന്റുകളുടെ വിനിയോഗം കുറഞ്ഞതിനാൽ 71.11കോടി ലാപ്സായി<br>Written By: Mohan Kurunnam Manakkal (Audit Officer)<br>Last Updated By: Vasudevan M (Deputy Director, On 09-12-2021) | |
| 35 | പുതുക്കയം നിടുംപറമ്പ് ചിറ്റാരി റോഡ് കട്ടിംഗ് - പുന:സ്ഥാപിക്കൽ ചാർജ്ജ് ഈടാക്കിയതിൽ കുറവ്<br>Written By: RAMDAS M. (Asst. Audit Officer)<br>Last Updated By: Vasudevan M (Deputy Director, On 09-12-2021) | 1-33 |
| 36 | റോഡ് റെസ്റ്റൊറേഷൻ ചാർജ് ഈടാക്കുന്നതിലെ അപാകതകൾ<br>Written By: RAMDAS M. (Asst. Audit Officer, On 29-03-2021)<br>Last Updated By: Vasudevan M (Deputy Director, On 09-12-2021) | 1-34 |
| 37 | ചെറുവണ്ണൂർ ഗ്രാമപഞ്ചായത്ത് ബഡ്സ് സ്ക്കൂൾ കെട്ടിട നിർമ്മാണം-ചെലവഴിക്കാനവശേഷിക്കുന്ന തുക തിരിച്ചടവാക്കിയില്ല.<br>Written By: RAMDAS M. (Asst. Audit Officer, On 29-03-2021)<br>Last Updated By: Vasudevan M (Deputy Director, On 08-12-2021) | 1-35 |
| 38 | ചെറുകിടവ്യവസായ മേഖലയിലെ പദ്ധതി നിർവ്വഹണം കര്യക്ഷമമായില്ല<br>Written By: Jayakumar Paloli (Asst. Audit Officer, On 29-03-2021)<br>Last Updated By: Vasudevan M (Deputy Director, On 09-12-2021) | 1-36 |
| 39 | റീയൂസബിൾ എറ്റെം കുറവ് ചെയ്യാതെ കരാറുകാരന് തുക നൽകിയത് വഴി നഷ്ടം-<br>Written By: Jayakumar Paloli (Asst. Audit Officer, On 29-03-2021)<br>Last Updated By: Vasudevan M (Deputy Director, On 08-12-2021) | 1-37 |
| 40 | പുതുപ്പാടി സീഡ് ഫാം - വർഷങ്ങളായി പ്രവർത്തന സജ്ജമല്ലാത്ത യന്ത്രസംവിധാനങ്ങൾക്ക് ഇലക്ട്രിസിറ്റി ചാർജ്ജ് അടവാക്കുന്നു<br>Written By: Jayakumar Paloli (Asst. Audit Officer, On 29-03-2021)<br>Last Updated By: Vasudevan M (Deputy Director, On 09-12-2021) | 1-38 |
| 41 | ജി.എച്ച് .എസ്.എസ് .കൊളത്തൂർ-അധിക പ്രവൃത്തികൾ -ജി.എസ്.ടി ഈടാക്കിയതിൽ കുറവ്<br>Written By: Jayakumar Paloli (Asst. Audit Officer, On 29-03-2021)<br>Last Updated By: Vasudevan M (Deputy Director, On 08-12-2021) | 1-39 |
| 42 | പുതുപ്പാടി സീഡ്ഫാം-ഫാം ഉല്പന്നങ്ങൾ സ്റ്റോക്കിലെടുക്കാതെ വില്പന നടത്തുന്നു.<br>Written By: Jayakumar Paloli (Asst. Audit Officer, On 29-03-2021)<br>Last Updated By: Vasudevan M (Deputy Director, On 08-12-2021) | 1-40 |
| 43 | ജില്ലാ മൃഗാശുപത്രിക്ക് ഫോട്ടോകോപ്പിയർകംസ്കാനർ പ്രിന്റർ വാങ്ങൽ കെൽട്രോണിന് മുൻകൂർ പണം നൽകിയിട്ടും നാളിതുവരെയായും സാധനങ്ങൾ ലഭിച്ചില്ല.<br>Written By: Jayakumar Paloli (Asst. Audit Officer, On 29-03-2021)<br>Last Updated By: Vasudevan M (Deputy Director, On 09-12-2021) | 1-41 |
| 44 | പേരാമ്പ്രവനിതാ ഹോസ്റ്റൽ- നടത്തിപ്പിലെ അപാകതകൾ-<br>Written By: Jayakumar Paloli (Asst. Audit Officer, On 28-03-2021)<br>Last Updated By: Vasudevan M (Deputy Director, On 09-12-2021) | 1-42 |
| 45 | മുൻകൂർ നൽകിയ തുകയ്ക്കുള്ള മുഴുവൻ മരുന്നുകളും ലഭിച്ചില്ല.<br>Written By: Jayakumar Paloli (Asst. Audit Officer, On 28-03-2021)<br>Last Updated By: Vasudevan M (Deputy Director, On 09-12-2021) | 1-43 |
| 46 | കൃഷി ഫാമുകളിൽ നിന്നും ക്രഡിറ്റ് സെയിൽ ഇനത്തിൽ 2059929/- രൂപ ലഭിക്കാൻ അവശേഷിക്കുന്നു.<br>Written By: Jayakumar Paloli (Asst. Audit Officer, On 28-03-2021)<br>Last Updated By: Vasudevan M (Deputy Director, On 09-12-2021) | 1-44 |
| 47 | ആർ.പി.എഫ് ജീവനക്കാരുടെ ഇ.പി.എഫ് .വിഹിതം അടവാക്കുന്നതിൽ വന്ന കാലതാമസത്തിന് ജില്ലാപഞ്ചായത്ത് ഫണ്ടിൽ നിന്നും പിഴ ഈടാക്കി.<br>Written By: Jayakumar Paloli (Asst. Audit Officer, On 29-03-2021)<br>Last Updated By: Vasudevan M (Deputy Director, On 09-12-2021) | 1-45 |
| 48 | സ്പന്ദനം -ആയുർവ്വേദരംഗത്തെ അനുകരണീയ പദ്ധതി<br>Written By: RAMDAS M. (Asst. Audit Officer, On 29-03-2021)<br>Last Updated By: Vasudevan M (Deputy Director, On 09-12-2021) | 1-46 |
| | **ഭാഗം 2** | |

| | | |
|---|---|---|
| 1 | പുതുക്കയം നിടുംപറമ്പ് ചിറ്റാരി റോഡ് കട്ടിംഗ് - പുന:സ്ഥാപിക്കൽ ചാർജ്ജ് ഈടാക്കിയതിൽ കുറവ്<br>Written By: RAMDAS M. (Asst. Audit Officer)<br>Last Updated By: Vasudevan M (Deputy Director, On 09-12-2021) | 2-1 |
| **ഭാഗം 3** | | |
| 1 | റീയൂസബിൾ ഐറ്റം കുറവ് ചെയ്യാതെ കരാറുകാരന് തുക നൽകിയത് വഴി നഷ്ടം<br>Written By: Jayakumar Paloli (Asst. Audit Officer, On 29-03-2021)<br>Last Updated By: Vasudevan M (Deputy Director, On 09-12-2021) | 3-1 |
| 2 | ജില്ലാ മൃഗാശുപത്രിക്ക് ഫോട്ടോകോപ്പിയർകംസ്കാനർ പ്രിന്റർ വാങ്ങൽ കെൽട്രോണിന് മുൻകൂർ പണം നൽകിയിട്ടും നാളിതുവരെയായും സാധനങ്ങൾ ലഭിച്ചില്ല<br>Written By: Jayakumar Paloli (Asst. Audit Officer, On 03-04-2021)<br>Last Updated By: Vasudevan M (Deputy Director, On 08-12-2021) | 3-2 |
| **ഭാഗം 4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരം<br>Written By: Mohan Kurunnam Manakkal (Audit Officer)<br>Last Updated By: Vasudevan M (Deputy Director, On 09-12-2021) | 4-1 |
| 2 | ഓഡിറ്റ് വർഷം ഡെപ്പോസിറ്റ് വർക്കിനായി നല്കിയ തുകയുടെ വിവരം<br>Written By: Mohan Kurunnam Manakkal (Audit Officer)<br>Last Updated By: Vasudevan M (Deputy Director, On 09-12-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരം<br>Written By: Mohan Kurunnam Manakkal (Audit Officer)<br>Last Updated By: Vasudevan M (Deputy Director, On 08-12-2021) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Mohan Kurunnam Manakkal (Audit Officer)<br>Last Updated By: Vasudevan M (Deputy Director, On 08-12-2021) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Mohan Kurunnam Manakkal (Audit Officer)<br>Last Updated By: Vasudevan M (Deputy Director, On 08-12-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Mohan Kurunnam Manakkal (Audit Officer)<br>Last Updated By: Vasudevan M (Deputy Director, On 08-12-2021) | 4-6 |
| 7 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Mohan Kurunnam Manakkal (Audit Officer)<br>Last Updated By: Vasudevan M (Deputy Director, On 09-12-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ്റിപ്പോർട്ട് വിവരം<br>Written By: Mohan Kurunnam Manakkal (Audit Officer)<br>Last Updated By: Vasudevan M (Deputy Director, On 09-12-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Mohan Kurunnam Manakkal (Audit Officer)<br>Last Updated By: Vasudevan M (Deputy Director, On 09-12-2021) | 4-9 |
| 10 | തീർപ്പാക്കാൻ ശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Mohan Kurunnam Manakkal (Audit Officer)<br>Last Updated By: Vasudevan M (Deputy Director, On 10-12-2021) | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## ഓഡിറ്റ് റിപ്പോർട്ട്

### 1-1 ബജറ്റ്

സർക്കാർ അതത് സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി വികസന പദ്ധതികൾക്കുള്ള ചെലവുൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവു ചെലവുകളുടെ വിശദമായ എസ്ററിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനവരി 15ാം തീയ്യതിക്കു മുമ്പായി ബന്ധപ്പെട്ട സ്റ്റാന്റിങ്ങ് കമ്മിറ്റികൾ, സെക്രട്ടറിയും അതത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻമാരും നല്കുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് തയ്യാറാക്കേണ്ടതും അത് ധനകാര്യ സ്റ്റാന്റിങ്ങ് സമർപ്പിക്കേണ്ടതുമാണ്. ഈ നിർദ്ദേശങ്ങൾ പരിഗണിച്ചുകൊണ്ട് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി അതിൽ നിന്നും പഞ്ചായത്തിന്റെ അടുത്ത വർഷത്തേക്കുള്ള വരവു ചെലവു കാണിക്കുന്ന ബജറ്റ് തയ്യാറാക്കേണ്ടതും മാർച്ച് മാസം ആദ്യ ആഴ്ച പഞ്ചായത്തിന്റെ പ്രത്യേക യോഗത്തിൽ അംഗീകാരത്തിനു വെക്കേണ്ടതുമാണ്. (കേരള പഞ്ചായത്തിരാജ് നിയമം വകുപ്പ് 214, 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 71 മുതൽ 74 വരെ)

മേൽ ചേർത്ത പ്രകാരം പദ്ധതിയേതര ചെലവുകൾ സംബന്ധിച്ച എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചുകൊണ്ട് 18.12.2018ൽ പി1 (എ)3523/8 നമ്പരായി 16 നിർവ്വഹണോദ്യോഗസ്ഥർക്ക് കത്ത് നല്കിയിരുന്നെങ്കിലും എട്ട് നിർവ്വഹണോദ്യോഗസ്ഥർ മാത്രമാണ് പദ്ധതിയേതര ചെലവുകൾ സംബന്ധിച്ച് എസ്റ്റിമേറ്റ് ലഭ്യമാക്കിയത്. ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ 12.02.2019 ലെ 12/19-10 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച 2019-2020 കരട് ബജറ്റ്, 20.02.2019 ലെ ജില്ലാപഞ്ചായത്ത് ഭരണസമിതി 10/19നം. തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. പുതുക്കിയ ബജറ്റ് 26.3.2020ലെ 1-28/20 നം. തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് സംക്ഷിപ്തം താഴെ ചേർത്ത പ്രകാരമാണ്.

| | |
|---|---|
| മുൻബാക്കി | 180807911 |
| വരവ് | 1241076100 |
| ആകെ | 1421884011 |
| ചെലവ് | 1295427297 |
| നീക്കിയിരിപ്പ് | 126456714 |

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.2020 | 29.7.2020 |

### 1-3 സാമ്പത്തിക വിശകലനം (വരവ് ചെലവ് പത്രിക പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 180807911 |
| വരവ് | 671269344 |
| ആകെ | 852077255 |
| ചെലവ് | 681671905 |
| നീക്കിയിരിപ്പ് | 170405350 |

**തനത് വരുമാനം**

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ കാണിച്ച പ്രകാരം എട്ട് ശതമാനത്തിന്റെ കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതിയേതര വരവുകൾ | 32155195 | 29547493 | 2607702 | (-)8% |
| മറ്റുവരവുകൾ | 57257 | 4458 | 52799 | (-)92% |
| ആകെ | 32212452 | 29551951 | 2660501 | (-)8% |

ചെറുവണ്ണൂർ നല്ലളം വ്യവസായ എസ്റ്റേറ്റിലെ പ്ലോട്ട് ഉടമസ്ഥരിൽ നിന്നും പിരിച്ചെടുക്കേണ്ട തുകകൾ കൃത്യമായി പിരിച്ചെടുക്കുന്നതിനും ജില്ലാ പഞ്ചായത്ത് ഭരണ സമിതിയുടെ തീരുമാനം ലഭ്യമായ ലേലങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കി തുക മുതൽ കൂട്ടുന്നതിലും റോഡ് റെസ്റ്റൊറേഷൻ ചാർജ്ജുകൾ കൃത്യമായി ഈടാക്കുന്നതിനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഫാമുകളിൽ നിന്നും ക്രഡിറ്റ് സെയിൽ നടത്തിയ വകയിൽ ലഭിക്കാനുള്ള തുക പിരിച്ചെടുക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട് - ജനറൽ (ACR പ്രകാരം) | | 0 | 290255107 (ബജററ് അലോക്കേഷൻ- 505807000) | 290255107 | 290255107 | 0 |
| വികസന ഫണ്ട് - എസ്.സി.പി (ACR പ്രകാരം) | | 0 | 39702005 (ബജററ് അലോക്കേഷൻ - 130872000) | 39702005 | 39702005 | 0 |
| വികസന ഫണ്ട് - ടി.എസ്.പി (ACR പ്രകാരം) | | 0 | 6525007 (ബജററ് അലോക്കേഷൻ – 10703000 ) | 6525007 | 6525007 | 0 |
| മെയിന്റനൻസ് - റോഡ് (ACR പ്രകാരം) | | 0 | 233288076 (ബജററ് അലോക്കേഷൻ- 565955000) | 233288076 | 233288076 | 0 |
| മെയിന്റനൻസ് - നോൺ – റോഡ് (ACR പ്രകാരം) | | 0 | 27919441 (ബജററ് അലോക്കേഷൻ - 95501000) | 27919441 | 27919441 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 5000000 | 0 | 5000000 | 2653876 | 2346124 |
| | ഗ്രാമ പഞ്ചായത്ത് | 7700000 | 300000 | 8000000 | 2439308 | 5560692 |
| എസ്.എസ്.എ | | 3119336 | 98049 | 3217385 | 0 | 3217385 |
| ആർ.എം.എസ്.എ | | 104482 | 21463 | 125945 | 14213 | 111732 |
| സംസ്ഥാനാവിഷ്കൃതം- കേരളോത്സവം | | 0 | 300000 | 300000 | 300000 | 0 |

| | | | | | |
|---|---|---|---|---|---|
| ജനറൽ പർപ്പസ് ഗ്രാന്റ് | 0 | 31439100 | 31439100 | 31439100 | 0 |
| ഫാം റവന്യൂ | 25351747 | 16029042 | 41380789 | 22109431 | 19271358 |
| ടി.എസ്.ബി | 139270375 | 59118370 | 198388745 | 58648680 | 139740065 |
| മറ്റുള്ളവ | 142281 | 1212745 | 1355026 | 1197032 | 157994 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 1066 | 2254988531 | 362 | 645489874 | 162 | 704 | 226/1066<br>21.20% |

2019-2020 വർഷത്തെ പ്രോജക്ടുകളുടെ മേഖലാതല വിശദാംശങ്ങൾ താഴെ ചേർത്ത പ്രകാരമാണ്.

| വിഭാഗം | ഉല്പാദനം | | | പശ്ചാത്തലം | | | സേവനം | | |
|---|---|---|---|---|---|---|---|---|---|
| | ആകെ | നടപ്പാക്കിയവ | നടപ്പാക്കാത്തവ | ആകെ | നടപ്പാക്കിയവ | നടപ്പാക്കാത്തവ | ആകെ | നടപ്പാക്കിയവ | നടപ്പാക്കാത്തവ |
| പൊതു വിഭാഗം | 118<br>23(SO) | 51<br>18(SO) | 67<br>5(SO) | 526<br>224 (SO) | 159<br>138 (SO) | 367<br>86 (SO) | 301<br>115 (SO) | 114<br>70 (SO) | 187<br>45(SO) |
| പട്ടികജാതി | --- | --- | --- | 37<br>33 (SO) | 10<br>15 (SO) | 27<br>18 (SO) | 70<br>33 (SO) | 19<br>15 (SO) | 51<br>18 (SO) |
| പട്ടികവർഗ്ഗം | --- | --- | --- | 2<br>1(SO) | ---<br>--- | 2<br>1(SO) | 12<br>3(SO) | 10<br>3(SO) | 2<br>--- |
| ആകെ | 118 | 51 | 67 | 565 | 169 | 396 | 383 | 143 | 240 |

ഉൽപാദന മേഖലയിൽ ആകെയുള്ള 118 പ്രോജക്ടുകളിൽ മുഴുവനും പൊതു വിഭാഗത്തിലുള്ളതാണ്. ഇതിൽ 67 എണ്ണം നടപ്പാക്കിയിട്ടില്ല. അതായത് 43% പ്രോജക്ടുകൾ മാത്രമാണ് നടപ്പാക്കിയത്. 23 സ്പിൽഓവർ പ്രോജക്ടുകളിൽ 18 എണ്ണമെ നടപ്പാക്കിയിട്ടുള്ളു. സ്പിൽ ഓവർ പ്രോജക്ടുകളിൽ പകുതി മാത്രമെ നടപ്പാക്കാൻ സാധിച്ചിട്ടുള്ളു. വകയിരുത്തിയ തുകയുടെ 30.72% .

സേവന മേഖലയിൽ ആകെ അംഗീകാരം ലഭിച്ച 383 പ്രോജക്ടുളിൽ 143 എണ്ണമാണ് നടപ്പാക്കിയത്. അതായത് 37% പ്രോജക്ടുകൾ. സ്പിൽഓവർ പ്രോജക്ടുകളിൽ പകുതിയിലധികവും നടപ്പായില്ല. വകയിരുത്തിയ തുകയുടെ 23.35% ശതമാനമാണ് ചെലവ്.

പശ്ചാത്തല വിഭാഗത്തിലെ ആകെ 565 പ്രോജക്ടുകളിൽ 169 എണ്ണം മാത്രമെ നടപ്പാക്കിയിട്ടുള്ളു. അതായത് 30% പ്രോജക്ടുകൾ മാത്രമാണ് നടപ്പാക്കിയത്. ഈ മേഖലയിൽ 258 എണ്ണം സ്പിൽ ഓവർ പ്രോജക്ടുകളാണ്. പട്ടികവർഗ്ഗ വിഭാഗത്തിലെ ആകെ 2 പ്രോജക്ടുകളിൽ ഒന്നുപോലും നടപ്പാക്കിയിട്ടില്ല. വകയിരുത്തിയ തുകയുടെ 35.32% മാത്രമാണ് ചെലവ്.

പുതിയ പ്രോജക്ടുകളിൽ 16% മാത്രമെ നടപ്പാക്കിയിട്ടുള്ളു. ആകെ സ്പിൽ ഓവർ പ്രോജക്ടുകളിൽ 59.95% നടപ്പാക്കി. പദ്ധതികൾക്കായി ആകെ വകയിരുത്തിയ തുകയിൽ 28.62% മാത്രമെ ചെലവഴിച്ചിട്ടുള്ളു. പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പാക്കുന്നതിൽ വന്ന വീഴ്ച കാരണം ബജറ്റ് അലോക്കേഷൻ പ്രകാരം വികസന പ്രവർത്തനങ്ങൾക്ക് ലഭിച്ച തുക വേണ്ടത്ര വിനിയോഗിക്കാൻ സാധിക്കാതായി. കൂടാതെ വിനിയോഗിക്കാത്ത സർക്കാർ ഗ്രാന്റ് ലാപ്സായി (ഖണ്ഡിക1-33 കാണുക). 2019 ജൂലായ് മാസം തന്നെ പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചിട്ടും, നടപ്പാക്കുന്നതിൽ കാലതാമസം വന്നതും പൂർത്തിയാക്കിയ പ്രോജക്ടുകളുടെ ബിൽ തുക നല്കൽ മാർച്ച് അവസാനത്തിലേക്ക് ദീർഘിപ്പിച്ചതും ഫണ്ട് വിനിയോഗത്തിലെ കാര്യക്ഷമതയെ ബാധിച്ചു. കോവിഡ് - 19 മഹാമാരി കാരണം മാർച്ച് 25 മുതൽ നടപ്പാക്കിയ അടച്ചുപൂട്ടൽ, പതിവു രീതിയിൽ സാമ്പത്തിക വർഷത്തെ അവസാന നാളുകളിൽ ബിൽ സമർപ്പിച്ച് ചെലവഴിക്കുന്നതും അസാധ്യമാക്കി. പ്രോജക്ട് ആസൂത്രണവും നിർവ്വഹണവും 13ാം പഞ്ചവത്സര പദ്ധതിയുമായി ബന്ധപ്പെട്ടുള്ള സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് കാര്യക്ഷമമായും സമയബന്ധിതമായും പൂർത്തിയാക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

കേരള പഞ്ചായത്ത്രാജ് നിയമം വകുപ്പ് 173, 5ാം പട്ടികയിൽ ജില്ലാപഞ്ചായത്തിന്റെ പൊതു ചുമതലകളും മേഖലാ ചുമതലകളും നിർവ്വഹിക്കപ്പെടുന്നതിനും 2017-2022 വികസനരേഖയിൽ പ്രഖ്യാപിച്ച പ്രകാരമുള്ള ലക്ഷ്യങ്ങൾ നേടുന്നതിനും സമഗ്രമായ കാഴ്ചപ്പാടോടുകൂടി പ്രോജക്ടുകൾ ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടതുണ്ട്. ജില്ലാ പഞ്ചായത്തിന് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളെയും ജില്ലാ പഞ്ചായത്ത് പരിധി പ്രദേശങ്ങളെയും വിവിധ മേഖലകളെയും സംബന്ധിച്ച് ശേഖരിക്കുന്ന കൃത്യവും വിശ്വസനീയവുമായ ഡാറ്റ ശേഖരണത്തിലൂടെ തയ്യാറാക്കുന്ന സ്റ്റാറ്റസ് റിപ്പോർട്ടാണ് പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് അവലംബമാക്കേണ്ടത്. 2019-2020 കാലത്തെ സ്റ്റാറ്റസ് റിപ്പോർട്ട്, 2019-2020 അന്തിമ പദ്ധതി രേഖ, വികസന രേഖ എന്നിവയുടെ അടിസ്ഥാനത്തിൽ 13ാം പഞ്ചവത്സര പദ്ധതിക്കാലത്തെ നാലാം വർഷമായ 2019-20ൽ പ്രധാന മേഖലകളിലെ വികസനത്തിനായി പഞ്ചായത്തിന് വിവിധ പ്രോജക്ടുകളുണ്ടായിരുന്നെങ്കിലും തൻവർഷം മുൻ വർഷങ്ങളേക്കാൾ തുക ചെലവഴിച്ചത് കുറവായിരുന്നു.

സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം ആകെ 234641 ഹെക്ടർ ഭൂവിസ്തൃതിയിൽ 204355 ഹെക്ടർ കൃഷിക്ക് അനുയോജ്യമാണ്. 4561.437 ഹെക്ടർ തരിശുഭൂമിയിൽ 2637.567 ഹെക്ടർ കൃഷി യോഗ്യവുമാണ്. 2309 ഹെക്ടർ നെൽ വയലുകളിൽ 981.25 ഹെക്ടർ കൃഷിയോഗ്യമാണെങ്കിലും കൃഷി ചെയ്യുന്നില്ല. ജലസേചന സൗകര്യകുറവ്, കർഷക തൊഴിലാളികളുടെ ദൗർലഭ്യം, വിപണന സൗകര്യങ്ങളുടെ അഭാവം, കാർഷിക രംഗത്തെ ആധുനികവൽക്കരണമില്ലായ്മ തുടങ്ങി 2019-2020 അന്തിമ പദ്ധതി രേഖയിൽ വിവരിച്ച വിവിധ പ്രശ്നങ്ങളെ മറികടക്കുന്നതിനും ലക്ഷ്യങ്ങൾ നേടുന്നതിനും തൻവർഷം ഈ മേഖലയിലെ ഇടപെടൽ മതിയായിട്ടില്ല. മാത്രമല്ല, സ്റ്റാറ്റസ് റിപ്പോർട്ടിൽ കാർഷിക മേഖലയിലെ പ്രശ്നവിശകലനവും പരിഹാര സാധ്യതകളും എന്ന ഭാഗത്ത് മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെയും, ലഭ്യമായ ഡാറ്റയുടെ അടിസ്ഥാനത്തിലുള്ള പരിഹാര മാർഗ്ഗങ്ങളെയും പരാമർശിച്ചിട്ടില്ല. ജില്ലാ കൃഷി ഡെ.ഡയറക്ടർ, അസി.എക്സി.എഞ്ചിനീയർ (കൃഷി) എന്നീ നിർവ്വഹണോദ്യോഗസ്ഥരാണ് കൃഷിമേഖലയിൽ പ്രോജക്ടുകൾ നടപ്പാക്കിയത്. ആയതിന്റെ വിവരം താഴെ ചേർക്കുന്നു.

| നിർവ്വഹണം | ആകെ പ്രോജക്ടുകൾ | നടപ്പാക്കിയത് | വികയിരുത്തൽ | ചെലവ് | അഭിപ്രായം |
|---|---|---|---|---|---|
| ഡെ.ഡയറക്ടർ, കൃഷി | 4 | 3 | 194456032 | 2926735 | നെൽകൃഷി കൂലിചെലവ്, പച്ചക്കറി കൃഷി കൂലി ചെലവ്, വിദ്യാർത്ഥികൾക്ക് പച്ചക്കറി എന്നീ പ്രോജക്ടുകൾ നടപ്പാക്കി. കാർഷിക മേഖലയിലെ പ്രശ്നങ്ങളെ ക്രിയാത്മകമായി സമീപിക്കുന്നതും ഉൽപാദന വർധന, വിപണന സൗകര്യം എന്നിവ ലക്ഷ്യമാക്കുന്ന തരത്തിലുമുള്ള |

| | | | | | |
|---|---|---|---|---|---|
| | | | | | പുതിയ പ്രോജക്ടുകൾ ആവിഷ്കരിക്കേണ്ടതുണ്ട്. |
| അസി. എഞ്ചിനീയർ (കൃഷി) | 28 | 13 | 35920764 | 11496220 | അംഗീകാരം ലഭിച്ച 28 പ്രോജക്ടുകളിൽ 21 ഉം ജില്ലാപഞ്ചായത്തിനു കീഴിലുള്ള ഫാമുകളുടെ അടിസ്ഥാന സൗകര്യങ്ങൾക്കു വേണ്ടിയുള്ളതാണ്. ആകെ 13 പ്രോജക്ടുകളിൽ മാത്രമെ തുക ചെലവഴിച്ചിട്ടുള്ളൂ. |

മേൽ ചേർത്തതിൽ കാർഷിക മേഖലയിലെ യന്ത്രവൽക്കരണവുമായി ബന്ധപ്പെട്ട് ഒരു പ്രോജക്ടും ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് ഒരു പ്രോജക്ടും നടപ്പാക്കിയിട്ടുണ്ട്. കൃഷി വർക്കിങ ഗ്രൂപ്പ് മിനട്സ് പരിശോധിച്ചതിൽ തൻവർഷം ഒരു തവണ മാത്രമാണ് യോഗം ചേർന്നത്. മഴമറ, തരിശു രഹിതഗ്രാമം, സംയോജിത കർഷകഗ്രാമം എന്നിങ്ങനെ പ്രോജക്ടുകൾക്ക് ശുപാർശ ചെയ്തെങ്കിലും തുടർ നടപടികളോ മേഖലയിൽ നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ മോണിറ്ററിങ്ങ് സംബന്ധിച്ചോ ചർച്ച ചെയ്തിട്ടില്ല. ജില്ലയിലെ നെല്ലുല്പാദനം 1600 മെട്രിക്ക് ടണ്ണിൽനിന്ന് ചുരുങ്ങിയത് 3000 മെട്രിക്ക് ടൺ ആയി വർദ്ധിപ്പിക്കുന്നതിന് പദ്ധതി രേഖയിൽ ലക്ഷ്യമിട്ടിട്ടുണ്ട്. നെല്ലറകളായി വികസിപ്പിക്കാവുന്ന വേളം - ആയഞ്ചേരി കോൾ നിലം, ചെരണ്ടത്തൂർചിറ, വെളിയന്നൂർ ചെല്ലി, ആവളപ്പാണ്ടി, അകലാപ്പുഴ എന്നീ പ്രദേശങ്ങളിൽ മുൻ വർഷങ്ങളിൽ നടപ്പാക്കിയ വിവിധ പദ്ധതികളിലൂടെ നെല്ലുൽപാദനം വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും ഇനിയും ഫലപ്രദമായ ഉടപെടൽ നടത്തേണ്ടതുണ്ട്. ഉദാഹരണമായി വേളം- ആയഞ്ചേരി കോൾ നിലം നെല്ലുൽപാദനം സാധ്യമാക്കുന്നതിനുള്ള പ്രോജക്ട് 2007-08ൽ കേരള ലാന്റ് ഡവലപ്മെന്റ് കോർപ്പറേഷനെ ഏല്പിച്ചിരുന്നെങ്കിലും പ്രോജക്ട് പൂർണമായി നടപ്പാക്കാത്തതിനാൽ പ്രദേശം നെൽകൃഷിക്ക് പൂർണതോതിൽ ഉപയോഗിക്കാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ തൻവർഷം 3200000 രൂപ വികസന ഫണ്ട് വകയിരുത്തി പ്രോജക്ട് വെച്ചെങ്കിലും (നം. 227) തുക ചെലവഴിക്കപ്പെട്ടിട്ടില്ല. ചെരണ്ടത്തൂർ ചിറ നവീകരണം, പമ്പ് സെറ്റ് സ്ഥാപിക്കലുമായി ബന്ധപ്പെട്ട് 4 പ്രോജക്ടുകളിൽ പമ്പ് സെറ്റ് സ്ഥാപിക്കുന്നതിനുള്ള പ്രോജക്ട് മാത്രമാണ് നടപ്പാക്കിയത്. എന്നിരിക്കിലും കാർഷിക മേഖലയിൽ ശാസ്ത്രീയമായ സമീപനം ലക്ഷ്യമാക്കിയുള്ള സഞ്ചരിക്കുന്ന മണ്ണ് പരിശോധനാ ലാബ് 45 ലക്ഷം രൂപ വികസനഫണ്ട് ചെലവഴിച്ച് പ്രവർത്തനമാരംഭിച്ചത് എടുത്തുപറയേണ്ടതുണ്ട്. തൻവർഷം 39 ഗ്രാമ പഞ്ചായത്തുകളിൽ ക്യാമ്പ് സംഘടിപ്പിച്ച് 1646 സാമ്പിളുകൾ പരിശോധിക്കപ്പെട്ടിട്ടുണ്ട്. കാർഷിക മേഖലയുടെയും അനുബന്ധ മേഖലകളുടെയും വളർച്ചയുമായി ബന്ധപ്പെട്ട്, 13ാം പഞ്ചവത്സര പദ്ധതി പ്രകാരമുള്ള ലക്ഷ്യം നേടുന്നതിന് കൂടുതൽ ഇടപെടലുകൾ നടത്തേണ്ടതുണ്ട്.

കാർഷികോൽപാദനം, മൃഗസംരക്ഷണം, മാലിന്യ സംസ്കരണം എന്നിവ സംയോജിപ്പിച്ച് ഉൽപാദനത്തെ ത്വരിതപ്പെടുത്തുന്നതിനുള്ള സാധ്യതയെ വേണ്ട വിധത്തിൽ പ്രയോജനപ്പെടുത്തുന്നതിനുള്ള നൂതന പദ്ധതികൾ ആവിഷ്കരിക്കപ്പെട്ടിട്ടില്ല. ഡെ.ഡയറക്ടർ മൃഗസംരക്ഷണം, ആകെ 6 പ്രൊജക്ടുകളിൽ 5 പ്രോജക്ടുകളാണ് നടപ്പാക്കിയത്. ഡെപ്യൂട്ടി ഡയറക്ടർ, ക്ഷീരവികസനം 2 പ്രോജക്ടുകളുമാണ് നടപ്പാക്കിയത്. മൃഗസംരക്ഷണ മേഖലയിലെ നിലവിലെ അവസ്ഥ, പ്രശ്നങ്ങൾ, വികസന ലക്ഷ്യം എന്നിവ സ്റ്റാറ്റസ് റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ തൻവർഷം ആസൂത്രണം ചെയ്തതും നടപ്പാക്കിയതുമായ പ്രോജക്ടുകൾ പ്രസ്തുത പ്രശ്നങ്ങളെ മറികടക്കാൻ പര്യാപ്തമല്ല. മത്സ്യബന്ധന മേഖലയുമായി ബന്ധപ്പെട്ട് 34 ഓളം മത്സ്യബന്ധന ഗ്രാമങ്ങളാണ് സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരമുള്ളത്. ഈമേഖലയിലെ സാമ്പത്തിക വികസനം ലക്ഷ്യമാക്കിക്കൊണ്ടുള്ള പരിഹാര നടപടികളൊന്നും സ്റ്റാറ്റസ് റിപ്പോർട്ടിൽ വ്യക്തമാക്കുന്നില്ല. ഫിഷറീസ് ഡെ. ഡയറക്ടർ മൂടാടി, ചെങ്ങോട്ട്കാവ്, ഒഞ്ചിയം പഞ്ചായത്തുകളിലെ മത്സ്യത്തൊഴിലാളികൾക്ക് പുതിയ വല വിതരണം പ്രോജക്ട് മാത്രമാണ് നടപ്പാക്കിയത്. സ്റ്റാറ്റസ് റിപ്പോർട്ടിലോ പദ്ധതി രേഖയിലോ ഈ മേഖലയിൽ നേരിടുന്ന അടിസ്ഥാന പ്രശ്നങ്ങളോ പരിഹാരനടപടികളോ വ്യക്തമാക്കിയതായി കാണുന്നില്ല.

ജില്ലാപഞ്ചായത്ത് പരിധിയിലുള്ള 44 സർക്കാർ സ്കൂളുകളിൽ ഒരുക്കേണ്ട അടിസ്ഥാന സൗകര്യ വികസനം സംബന്ധിച്ച ഡാറ്റ, രജിസ്റ്ററിലുണ്ട്. സ്മാർട്ട് ക്ലാസ്സ് റൂമുകളുടെ നിർമ്മാണം 13ാം പഞ്ചവത്സര പദ്ധതിയുടെ 5ാം വർഷം

100 ശതമാനവും ക്ലാസ്സ് മുറി നിർമ്മാണം, കുടിവെള്ളം, ലൈബ്രറി, ലാബ് എന്നിവ 4ാം വർഷവും നൂറുശതമാനം ലക്ഷ്യം കൈവരിക്കുന്ന രീതിയിലാണ് വികസന പരിപ്രേക്ഷ്യം തയ്യാറാക്കിയിട്ടുണ്ട്. വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കിയ പ്രോജക്ടുകൾ, മേൽ ലക്ഷ്യപ്രാപ്തിക്ക് മതിയായതല്ല. ജില്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ നിർവ്വഹണോദ്യോഗസ്ഥനായി തൻവർഷം അംഗീകാരം ലഭിച്ച 5 പ്രോജക്ടുകളിൽ 4 പ്രോജക്ടുകൾ നടപ്പാക്കി. 1.5 കോടി രൂപ എസ്.എസ്.എ യ്ക്ക് കൈമാറിയെങ്കിലും പ്രോജക്ട് തയ്യാറാക്കുന്നതിൽ പഞ്ചായത്തിന്റെ ക്രിയാത്മകമായ പങ്ക് വഹിക്കാഞ്ഞതിനാൽ പ്രോജക്ട് പ്രകാരം ലഭ്യമാക്കേണ്ട ഭൗതികനേട്ടങ്ങൾ ശുപാർശ ചെയ്യാൻ കഴിഞ്ഞിട്ടില്ല. സ്റ്റാറ്റസ് റിപ്പോർട്ടിലെ പ്രശ്നങ്ങളും പരിഹാരനടപടികളും എന്നഭാഗത്ത് വിശകലനം ഉൾപ്പെടുത്തിയിട്ടില്ല. സ്കൂളുകളിലെ അടിസ്ഥാനസൗകര്യ വികസനവുമായി ബന്ധപ്പെട്ടുള്ള നിർമ്മാണ പ്രവൃത്തികൾ, വൈദ്യുതീകരണം തുടങ്ങിയവയ്ക്കായി അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 51 പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിൽ 12 പ്രോജക്ടുകൾക്ക് മാത്രമാണ് തുക ചെലവഴിച്ചത്. വിദ്യാഭ്യാസ വർക്കിങ്ങ് ഗ്രൂപ്പ് തൻവർഷം രണ്ടു പ്രാവശ്യമാണ് യോഗം ചേർന്നത്. പദ്ധതികളുടെ മോണിറ്ററിങ്ങുമായി ബന്ധപ്പെട്ട് ചർച്ചയോ നിർദ്ദേശങ്ങളോ ഉണ്ടായിട്ടില്ല.

ജില്ലാ പഞ്ചായത്ത് കെട്ടിടങ്ങളിൽ സോളാർ സൗകര്യമില്ലായ്മ, സ്ഥാപനങ്ങൾക്ക് ആവശ്യമായ പുതിയ കെട്ടിടങ്ങൾ, ആസ്തികളുടെയും റോഡുകളുടെയും പരിപാലനം, നിർമ്മാണ സാമഗ്രികളുടെ ലഭ്യതകുറവ്, തുടങ്ങിയവ 19-20 പദ്ധതി രേഖയിലെ പരിഹരിക്കപ്പെടേണ്ട പ്രശ്നങ്ങളുടെ ഗണത്തിൽപ്പെടുന്നവയാണ്. 13ാം പഞ്ചവത്സരക്കാലത്ത് സൗരോർജ്ജം ഉപയോഗപ്പെടുത്തി പഞ്ചായത്ത് കെട്ടിടങ്ങളുടെ ഊർജ്ജ ഉപഭോഗചെലവ് ഗണ്യമായി കുറക്കാൻ കഴിഞ്ഞിട്ടുണ്ട്. 2017-18 വർഷം 3.5 കോടി രൂപ കെ.എസ്.ഇ.ബിയിൽ ഡെപ്പോസിറ്റ് ചെയ്തുകൊണ്ട് നടപ്പാക്കിയ പ്രോജക്ട് പ്രകാരം ജില്ലാ പഞ്ചായത്ത് കെട്ടിടത്തിലും പഞ്ചായത്തിന്റെ കീഴിലുള്ള 43 സ്കൂളുകളിലും സോളാർ പ്ലാന്റുകൾ സ്ഥാപിച്ച് 2020-21 മുതൽ വൈദ്യുതി ഉൽപാദനം നടത്തി കെ.എസ്.ഇ.ബി ഗ്രിഡിലേക്ക് നല്കി തുടങ്ങിയതിനാൽ പ്രതിമാസ വൈദ്യുതി ചെലവ് നാമമാത്രമായി ചുരുക്കാൻ സാധിച്ചതായി ഓഡിറ്റിൽ അറിയിച്ചു. 5 കിലോ വാട്ട് മുതൽ 100 കിലോ വാട്ട് വരെ വൈദ്യുതി ഉൽപാദിപ്പിക്കാവുന്നതും കേരള പഞ്ചായത്ത്‌രാജ് നിയമം, സെക്ഷൻ 173, 5ാം പട്ടിക പ്രകാരം ഊർജ്ജോത്പാദനവുമായി ബന്ധപ്പെട്ട് ജില്ലാപഞ്ചായത്തിൽ നിക്ഷിപ്തമാക്കപ്പെട്ടതുമായ മിനി/ മൈക്രോ ഹൈഡൽ പദ്ധതികളുടെ നിർമ്മാണം ആസൂത്രണം ചെയ്യപ്പട്ടതായി കാണുന്നില്ല.

മരാമത്ത് മേഖലയിൽ ഭൂരിഭാഗം പ്രോജക്ടുകളിലും തൻവർഷം തുക ചെലവഴിക്കപ്പെട്ടിട്ടില്ല. അസി.എക്സി എഞ്ചിനീയർ (എൽ.എസ്.ജി.ഡി), എക്സി.എഞ്ചിനീയർ (എൽ.എസ്.ജി.ഡി), എന്നീ നിർവ്വഹണോദ്യോഗസ്ഥർ മരാമത്ത് മേഖലയിൽ നടപ്പാക്കിയ പ്രോജക്ടുകൾ സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

| നിർവ്വഹണം | ആകെ പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | നടപ്പാക്കാത്തവ | ആകെ വകയിരുത്തൽ | ആകെ ചെലവ് |
|---|---|---|---|---|---|
| അസി.എക്സി. എഞ്ചിനീയർ | 851 | 242 | 609 | 1237529477 | 378513744 |
| എക്സി.എഞ്ചിനീയർ | 60 | 33 | 27 | 97571606 | 31639919 |

മരാമത്ത് മേഖലയിലാണ് തീരെ തുക ചെലവഴിക്കാത്ത പ്രോജക്ടുകൾ കൂടുതലുള്ളത്. 30.19 ശതമാനം പ്രോജക്ടുകളിൽ മാത്രമാണ് ഫണ്ട് വിനിയോഗം നടന്നിട്ടുള്ളു. തൻവർഷം 113 കുടിവെള്ള പദ്ധതികൾക്ക് തുക വകയിരുത്തിയതിൽ (അസി.എക്സി.എഞ്ചിനീയർ - 102, എക്സി.എഞ്ചിനീയർ-11) 24 എണ്ണത്തിൽ മാത്രമാണ് തുക ചെലവഴിച്ചത്. വേളം ആയഞ്ചേരി കോൾ നിലം കൃഷിക്ക് ഉപയുക്തമാക്കൽ, ചെരണ്ടത്തൂർ ചിറ നവീകരണം, പമ്പ് സെറ്റ് സ്ഥാപിക്കൽ എന്നിവയുമായി ബന്ധപ്പെട്ട് അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായുള്ള 3 പ്രോജക്ടുകളിലും തുക ചെലവഴിക്കപ്പെട്ടിട്ടില്ല. മരാമത്ത് മേഖലയിലെ പ്രോജക്ടുകളുടെ ബാഹുല്യം, നിർവ്വഹണം സമയബന്ധിതമായി തീർക്കുന്നതിലും സർക്കാർ ഗ്രാന്റ് പരമാവധി വിനിയോഗിക്കുന്നതിലും പരിമിതികളുണ്ടാക്കിയിട്ടുണ്ട്.

## 1-6 ക്യാഷ് ബാലൻസ് പരിശോധന

1994 – ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.01.2021 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 17150/- രൂപ നീക്കിയിരിപ്പുള്ളതായും ആയതിന്റെ കൃത്യതയും ബോധ്യപ്പെട്ടു.

**1-7 ആഭ്യന്തര നിയന്ത്രണം**

മനുഷ്യ വിഭവശേഷിയുടെ ഫലപ്രദമായ വിനിയോഗം ഉറപ്പുവരുത്തി ലക്ഷ്യം നേടാൻ കാര്യക്ഷമമായ ആഭ്യന്തരനിയന്ത്രണ സംവിധാനം സ്ഥാപനത്തിൽ പ്രവർത്തന സജ്ജമാക്കേണ്ടത് അനിവാര്യമാണ്. അധികാര – ഉത്തരവാദിത്ത ബന്ധങ്ങളെ കൃത്യമായി നിർവ്വചിച്ചുകൊണ്ടുള്ള ഉദ്യോഗസ്ഥ സംഘടനാ സംവിധാനം, ശക്തവും കാര്യക്ഷമവുമായ മേൽനോട്ടത്തിൽ ചുമതലാ നിർവ്വഹണം, നിർദ്ദേശങ്ങളുടെയും ആശയങ്ങളുടെയും കാര്യക്ഷമമായ വിനിമയം, കൃത്യമായ ഇൻഡക്സിങ്ങ് സംവിധാനത്തോടെയും സുരക്ഷിതവും സുഗമവുമായ രീതിയിലുള്ള രേഖകളുടെ സൂക്ഷിപ്പ് എന്നിവയോടൊപ്പം പൊതുജനങ്ങളോടുള്ള അക്കൗണ്ടബിലിറ്റി ഉറപ്പുവരുത്തൽ എന്നിവയാണ് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ അടിസ്ഥാനം. പഞ്ചായത്തിന്റെ വാർഷിക ബജറ്റ് പാസ്സാക്കുന്നതിൽ നിയമ പ്രകാരമുള്ള നടപടികൾ പാലിച്ചിട്ടുണ്ട്. വാർഷിക ധനകാര്യ പത്രികയുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട ബാങ്ക് പാസ്സ്ബുക്കുകൾ, ബാങ്ക് ബുക്കുകൾ എന്നിവ പൊരുത്തപ്പെടുത്തി സൂക്ഷിച്ചുവരുന്നു. വികസനഫണ്ട്, സംരക്ഷണഗ്രാന്റ് എന്നിവയുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ കാര്യത്തിൽ ആഭ്യന്തരനിയന്ത്രണ സംവിധാനം ഇനിയും കുറ്റമറ്റതാക്കേണ്ടതുണ്ട്. ജനറൽ പർപ്പസ് ഗ്രാന്റ്, മറ്റ് തനത് ഫണ്ടുകൾ, സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുകയുടെ വിനിയോഗം സംബന്ധിച്ച് എ.സി.ആർ ലഭ്യമല്ല. ഫാമുകൾ, വ്യവസായ എസ്റ്റേറ്റ് വരവ്, കെട്ടിട വാടകവരവ്, കാർഷിക യന്ത്രങ്ങളുടെ വാടക വരവ് എന്നിവ സംബന്ധിച്ച് പ്രത്യേകം നിരീക്ഷിക്കുന്നതിന് നിലവിൽ സംവിധാനമില്ല. അഡ്വാൻസ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിന് വാർഷികാവശ്യങ്ങളെ തിട്ടപ്പെടുത്തിയുള്ള പ്രൊക്വയർമെന്റ് പ്ലാനും ബജറ്റും തയ്യാറാക്കാതെ, ഒരോ നിർവ്വഹണോദ്യോഗസ്ഥനെയും വാങ്ങലിന് ചുമതലപ്പെടുത്തുന്ന രീതിയാണുള്ളത്. ഇത് ത.സ്വ.ഭ. സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള 8.11.10ലെ ജി.ഒ(പി)259/2010/തസ്വഭവ ഉത്തരവിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. വാടക ചെലവ് നിരീക്ഷിക്കുന്നതിന് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. സ്റ്റേഷനറിയുടെ സ്റ്റോക്ക് രജിസ്റ്ററിൽ, കൈപ്പറ്റിയ ആളുടെ/ സെക്ഷന്റെ കൈപ്പറ്റ് സാക്ഷ്യപ്പെടുത്തൽ ഉണ്ടാകുന്നില്ല. (ഉദാ – പേജ് 180, പേജ് 186 എന്നിവയിലെ പേഴ്സണൽ രജിസ്റ്റർ, പ്രോജക്ട് രജിസ്റ്റർ എന്നിവയുടെ ഇഷ്യു). ഫർണിച്ചർ, കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങൾ, ഇലക്ട്രിക്ക് ഫിറ്റിങ്ങ്സ് തുടങ്ങിയ വിവിധ തരം ഇനങ്ങൾ അപൂർണമായി രേഖപ്പെടുത്തിക്കൊണ്ടുള്ള ടൂൾസ് ആന്റ് പ്ലാന്റ് രജിസ്റ്ററാണ് തയ്യാറാക്കിയിട്ടുള്ളത്. കമ്പ്യൂട്ടറുകൾ, അനുബന്ധ ഉപകരണങ്ങൾ എന്നിവയ്ക്കായി സർക്കാർ സർക്കുലർ നം.86/2010/ഫിൻ തീയ്യതി 24.9.2010 പ്രകാരം പ്രത്യേക രജിസ്റ്റർ തയ്യാറാക്കേണ്ടതുണ്ട്.

റോഡ് കട്ടിങ്ങ് – റെസ്റ്റോറേഷൻ ചാർജ്ജ് അടക്കുന്നതിനായി, ലഭിക്കുന്ന അപേക്ഷകളിൽ തുടർനടപടികൾ നിരീക്ഷിക്കുന്നതിന് ഓഫീസിൽ സംവിധാനമില്ല. ജില്ലാപഞ്ചായത്തിന്റെ വിവിധ പ്രോജക്ടുകൾ പ്രകാരം, വിവിധ നിർവ്വഹണോദ്യോഗസ്ഥർ വിവിധ നിർവ്വഹണ ഏജൻസികളിൽ ഡെപ്പോസിറ്റ് പ്രവൃത്തിക്കായി ഒടുക്കുന്ന തുക, തുടർനടപടി വിവരം എന്നിവ സംബന്ധിച്ച സമഗ്രമായ വിവരം ജില്ലാ പഞ്ചായത്ത് ഓഫീസിൽ സൂക്ഷിക്കാനും നിരീക്ഷിക്കാനും സംവിധാനമില്ല. പഞ്ചായത്തിൽ രേഖ സൂക്ഷിപ്പുമായി ബന്ധപ്പെട്ട് പ്രത്യേകം റെക്കോർഡ് റൂം സജ്ജമാക്കിയിട്ടുണ്ട്. കൂടാതെ പഞ്ചായത്തിന് കീഴിലുള്ള പേരാമ്പ്ര, പുതുപ്പാടി വിത്തുൽപ്പാദന കേന്ദ്രങ്ങളിലെ രജിസ്റ്റർ സൂക്ഷിപ്പ് തൃപ്തികരമല്ല. ആഭ്യന്തരനിയന്ത്രണ സംവിധാനം കുറ്റമറ്റതാക്കുന്നതിന് കൂടുതൽ നടപടികൾ ആവശ്യമാണ്.

**1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം**

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിററ് | 6.7.2020 മുതൽ 22.7.2020 വരെ | 26.8.2019 മുതൽ 22.7.2020 വരെ | നം.12/എ1/ 2020/ ആർ.പി.എ.ഡബ്ല്യു തീയതി 12.10.2020/9.11.2020 |
| അക്കൗണ്ടന്റ് ജനറൽ | 06.06.2019 മുതൽ 06.07.2019 വരെ | 2018-2019 | നം.എൽ.ബി.എ (എച്ച്.ക്യൂ)III/II/ 8എ30/2019-2020/58 തീയതി.2.8.2019/8.8.2019 |

**1-9 വാർഷികകണക്കിലെ അപാകതകൾ**

2019-20ലെ വാർഷികകണക്ക് സ്ഥാപനം സൂക്ഷിച്ചിരിക്കുന്ന രേഖകൾ, രജിസ്റ്ററുകൾ എന്നിവയുമായി ഒത്തുനോക്കി പരിശോധിച്ചതിൽ താഴെ കൊടുത്ത അപാകതകൾ കാണുന്നു.

1. ഓഡിറ്റ് വർഷം സ്ഥാപനത്തിനുലഭിച്ച സർക്കാർ ഗ്രാന്റ് ഇനങ്ങളിൽ ഗ്രാന്റുകളുടെ എ.സി.ആർ പ്രകാരമുള്ള വരവും വാർഷികകണക്ക് പ്രകാരമുള്ള വരവും തമ്മിൽ വ്യത്യാസം കാണുന്നു

| ഫണ്ട് ഇനം | വാർഷിക കണക്ക് പ്രകാരമുള്ള വരവ് | എ.സി.ആർ പ്രകാരമുള്ള വരവ് | വ്യത്യാസം |
|---|---|---|---|
| വികസനഫണ്ട്-ജനറൽ | 290255107 | 343548056 | 53292949 |
| വികസനഫണ്ട്-എസ്.സി.പി | 39702005 | 41478034 | 1776029 |
| മെയിന്റനൻസ് ഫണ്ട്-റോഡ് | 233288076 | 254677099 | 21389023 |
| മെയിന്റനൻസ് ഫണ്ട് – നോൺറോഡ് | 27919441 | 32806913 | 4887472 |

2. ഡെപ്പോസിറ്റ് റജിസ്റ്റർ പ്രകാരം കോൺട്രാക്ടേഴ്സ് റിട്ടെൻഷൻ ഇനത്തിൽ ഡെപ്പോസിറ്റ് റസീവ്ഡ് ഇനമായി കാണിച്ച 17529734/- രൂപയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.
3. വിവിധ കൃഷി ഫാമുകൾക്ക് മുൻവർഷങ്ങളിൽ ക്രഡിറ്റ് സെയിൽ ഇനത്തിൽ കൃഷി ഭവനുകളിൽ നിന്നും ഫാമുകൾക്ക് ലഭിക്കാനവശേഷിക്കുന്ന തുകകൾ ബാലൻസ് ഷീറ്റിൽ Sundry Debtors ആയി ഉൾപ്പെടുത്തിയിട്ടില്ല.
4. സെക്രട്ടറി ഒഴികെയുള്ള നിർവ്വഹണ ഉദ്യോഗസ്ഥർ മറ്റ് നിർവ്വഹണ ഏജൻസികൾക്ക് ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി കൈമാറിയ തുകയുടെ വിശദാംശങ്ങൾ വാർഷികകണക്കിൽ ഉൾപ്പെടുത്തുന്നില്ല.
5. അഗ്രികൾച്ചറൽ എ.എക്സിയുടെ റെന്റ് രജിസ്റ്റർ പ്രകാരം ആകെ വരവ് 142921/- രൂപയാണ് എന്നാൽ RP-5 ഹയർ ചാർജ്ജസ് ഇനത്തിൽ 137971/- രൂപ മാത്രമാണ് വരവ്. 4950/- രൂപ കുറവുണ്ട്.
6. റസീറ്റ് ആന്റ് പേമെന്റ് അക്കൗണ്ട് പ്രകാരമുള്ള ലേല വരവുകൾ, റോഡ് കട്ടിംഗ് ചാർജ്ജസ്, ഹയർപർച്ചേസ് വരവുകളുടെ കൃത്യത എന്നിവ പരിശോധിക്കുന്നതിനാവശ്യമായ രജിസ്റ്ററുകളോ രേഖകളോ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.
7. ടെൻണ്ടർഫീ ഇനത്തിൽ വരവായി വാർഷിക കണക്കിൽ കാണിച്ചിരിക്കുന്ന തുകകളിൽ മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ടുകളിൽ നിന്നുള്ള ഇ-ടെണ്ടർ ഇനത്തിലുള്ള ടെണ്ടർ ഫീ ഉൽപ്പെടുത്തിയിട്ടില്ല.
8. കോഴിക്കോട് പിഡബ്ല്യൂഡി ഇലക്ട്രിക്കൽ വിഭാഗത്തിന് സെന്റേജ് ചാർജ്ജ് ഇനത്തിൽ അടച്ച 351250/-രൂപ (56250+45000+250000) കേരളാ ഇലക്ട്രിസിറ്റിബോർഡിന് ഡെപ്പോസിറ്റ് ചെയ്തതായാണ് വാർഷിക കണക്കിൽ അക്കൗണ്ട് ചെയ്തിരിക്കുന്നത്.
9. വാർഷിക കണക്ക് പ്രകാരം തൻവർഷം 500000/- രൂപ മൈനർ ഇറിഗേഷൻ വകുപ്പിന് ഡെപ്പോസിറ്റ് ചെയ്തതായി അക്കൗണ്ട് ചെയ്തിട്ടുണ്ടെങ്കിലും തുക അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് മൈനർ ഇറിഗേഷൻ വകുപ്പിന് ഡെപ്പോസിറ്റ് ചെയ്തിരിക്കുന്നത് 8-07-2020 നാണ് .
അപാകതകൾ പരിഹരിക്കേണ്ടതാണ്.

**1-10 ജില്ലാ മണ്ണ് പരിശോധനാകേന്ദ്രം, തിക്കോടി - അപാകതകൾ**

**1. ഡാറ്റാ എൻട്രി ഓപ്പറേറ്ററുടെ വേതനം, ജില്ലാ പഞ്ചായത്ത് തനത് ഫണ്ടിൽ തിരിച്ചടച്ചില്ല.**

കൃഷി ഡയറക്ടറിൽ നിന്നും ഫണ്ട് ലഭിക്കുവാൻ കാലതാമസം നേരിട്ട സാഹചര്യത്തിൽ ജില്ലാ സോയിൽ ടെസ്റ്റിങ്ങ് ലാബിലെ താല്ക്കാലിക ഡാറ്റാ എൻട്രി ഓപ്പറേറ്ററുടെ 4/2017 മുതൽ 8/2017 വരെയുള്ള വേതനം 37500/- രൂപ കൃഷി വകുപ്പിൽ നിന്നും ഫണ്ട് ലഭിച്ചാലുടൻ ജില്ലാ പഞ്ചായത്തിൽ തിരിച്ചടക്കുന്നതാണെന്ന വ്യവസ്ഥയിൽ,

ജില്ലാ പഞ്ചായത്ത് ഫണ്ടിൽ നിന്നും അനുവദിച്ചിരുന്നതായും വർഷങ്ങൾ കഴിഞ്ഞിട്ടും തുക തിരിച്ചടച്ചില്ലെന്നും ആയത് കത്ത് ലഭിച്ച് ഒരാഴ്ച്ചക്കം തിരിച്ചടക്കേണ്ടതാണെന്നും വ്യക്തമാക്കി ജില്ലാപഞ്ചായത്ത് സെക്രട്ടറി 19.6.2019 ലും 8.2.2020ലും പി10-1261/2017 ആയി അസി.സോയിൽ കെമിസ്റ്റിന് കത്ത് നല്കിയിട്ടുണ്ട്. കത്തിൻമേൽ സ്വീകരിച്ച തുടർ നടപടിവിവരം സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് 04.02.2021ൽ മറുപടി ലഭ്യമാക്കി. ആ കാലയളവിലെ അസി.സോയിൽ കെമിസ്റ്റ് ശ്രീമതി.മീരയുടെ ഗ്രാറ്റ്വിറ്റി തുകയിൽ നിന്നും 37500 രൂപ വിത്ത്ഹെൽഡ് ചെയ്തിട്ടുണ്ടെന്നും തുക അനുവദിക്കുന്നതിന് ചീഫ് സോയിൽ കെമിസ്റ്റിന് കത്തയച്ചതായും (30.9.2020ലെ കത്തിന്റെ പകർപ്പ് ലഭ്യമാക്കി) തുക ലഭ്യമാക്കുന്ന മുറയ്ക്ക് തിരിച്ചടക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. തുക ജില്ലാ പഞ്ചായത്തിൽ തിരിച്ചടച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

**2.മണ്ണ് പരിശോധന – പരിശോധന ഫലം കർഷകർക്ക് യഥാസമയം നല്കുന്നില്ല.**

ജില്ലാ മണ്ണ് പരിശോധനാ കേന്ദ്രത്തിൽ മണ്ണ് പരിശോധനയ്ക്ക് ഒരു സാമ്പിളിന് 40 രൂപയും മൈക്രോ ന്യൂട്രിയന്റ് ടെസ്റ്റിന് സാമ്പിളിന് 160 രൂപയുമാണ് ഫീസ് ഈടാക്കുന്നത്. സാമ്പിൾ ടെസ്റ്റ് രജിസ്റ്റർ പരിശോധിച്ചതിൽ പല സാമ്പിളുകളുടെയും ടെസ്റ്റ് റിസൾട്ട്, പരിശോധന ഫീസ് ഒടുക്കിയ ആൾക്ക് നല്കാത്തതായി കാണുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | സാമ്പിൾ നം. | ഒടുക്കിയ തുക | അഭിപ്രായം |
|---|---|---|---|
| 1 | പി.പി.നം. 13 | 40 | 24.4.19 ൽ ഫീസ് ഒടുക്കി |
| 2 | പി.പി.നം.14 | 40 | 24.4.19 ൽ ഫീസ് ഒടുക്കി |
| 3 | പി.പി.നം.20 | 40 | 4.5.19 ൽ ഫീസ് ഒടുക്കി |
| 4 | പി.പി.നം.21 | 40 | 4.5.19 ൽ ഫീസ് ഒടുക്കി |
| 5 | പി.പി.നം.23 | 40 | 6.5.19 ൽ ഫീസ് ഒടുക്കി |
| 6 | പി.പി.നം.24 | 40 | 6.5.19 ൽ ഫീസ് ഒടുക്കി |
| | പി.പി. നം.25 | 40 | 6.5.19 ൽ ഫീസ് ഒടുക്കി |
| | പി.പി. നം.95 മുതൽ 103 വരെ | (40 X 9) = 360 | 21.12.19 ൽ ഫീസ് ഒടുക്കി |

മണ്ണ് പരിശോധനയുടെ ഫലം യാഥാസമയം കർഷകർക്ക് നല്കാത്തത് മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ സ്വീകരിക്കേണ്ട വളപ്രയോഗം അസാധ്യമാക്കുന്ന നടപടിയാണ്. ഇത് കാരണം ഉദ്ദേശിച്ച ഉല്പാദന വർദ്ധനവ് കൈവരിക്കാൻ കഴിയാതെ വരുന്നു. അപാകത സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് നല്കിയ മറുപടിയിൽ, എല്ലാ വ്യക്തികൾക്കും നിലവിൽ റിസൾട്ട് അയച്ചെന്നും അസി.സോയിൽ കെമിസ്റ്റ് രജിസ്റ്റർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കിയെങ്കിലും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആവശ്യമായ ഫീസ് ഒടുക്കിമണ്ണ് പരിശോധന നടത്തുന്ന കർഷകർക്ക് സേവനം യഥാസമയം തന്നെ ലഭ്യമാകുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

3.ജില്ലാ പഞ്ചായത്തിൽനിന്നും അസിസ്റ്റന്റ് സോയിൽ കെമിസ്റ്റിന് അനുവദിക്കുന്ന രശീതിബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. മുൻവർഷങ്ങളിൽ ഉപയോഗിച്ചതും അല്ലാത്തതുമായ രശീതികളുടെ വിവരം, സ്റ്റോക്കിൽ ബാലൻസ് ഉടങ്ങിയവ സംബന്ധിച്ച് വ്യക്തമായ വിവരം ലഭിക്കുന്നില്ല. രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയെങ്കിലും രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

**1-11(1) ജില്ലാ കൃഷി ഫാം കുത്താളി – പ്രതിദിനകളക്ഷൻ യഥാസമയംഅടവാക്കുന്നില്ല**

ഫാമിൽ വിൽപ്പന നടത്തുന്ന നടീൽ വസ്തുക്കളുടെയും മറ്റ് ഉല്പന്നങ്ങളുടെയും വിലയായി രസീത് പ്രകാരം ഈടാക്കുന്ന തുകകൾ പഞ്ചാബ് നാഷണൽ ബാങ്കിന്റെ പേരാമ്പ്ര ശാഖയിലുള്ള ജില്ലാപഞ്ചായത്ത് അക്കൗണ്ടിലാണ് അടവാക്കുന്നത്. പ്രതിദിന കളക്ഷൻ തുകകൾ തൊട്ടടുത്ത ദിവസം ബാങ്ക് അക്കൗണ്ടിൽ അടവാക്കുന്ന രീതിയായിരുന്നു നിലവിലുണ്ടായിരുന്നത് എങ്കിലും 2020 ഏപ്രിലിനു ശേഷം തുക അടവാക്കുന്നതിൽ കാലതാമസംവന്നതായി കാണുന്നു.ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| കളക്ട് ചെയ്ത തീയതി | അടവാക്കിയ തീയ്യതി | തുക |
|---|---|---|
| 29-6-20 മുതൽ 8-7-20 വരെ | 9-7-20 | 36825 |
| | | |

| | | |
|---|---|---|
| 9-7-20 മുതൽ 6-8-20 വരെ | 7-8-20 | 10426 |
| 7-8-20മുതൽ 26-8-20വരെ | 27-8-20 | 15863 |
| 27-8-20മുതൽ 7-9-20 വരെ | 8-9-20 | 10246 |
| 7-9-20 മുതൽ 18-10-20വരെ | 19-10-20 | 17290 |

പ്രതിദിന കളക്ഷൻ തുക തൊട്ടടുത്ത ദിവസം തന്നെ ജില്ലാപഞ്ചായത്ത് അക്കൗണ്ടിൽ അടക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. തുക യഥാസമയം അടവ് വരുത്തുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

**1-11(2) ഹൈടെക്ക് ഡയറിഫാം -നടത്തിപ്പിലെ അപാകതകൾ.**

പ്രോജക്ട് നം-252/20 (ഹൈടെക്ക് ഡയറിഫാം ആവർത്തന ചെലവുകൾ, അറ്റകുറ്റപ്പണികൾ) പ്രകാരം 1000000/- രൂപ തനത് ഫണ്ട് വകയിരുത്തിയതിൽ 771743/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഫാം പ്രവർത്തനവുമായി ബന്ധപ്പെട്ട് സൂക്ഷിച്ച രജിസ്റ്ററുകൾ, ഫയലുകൾ എന്നിവ പരിശോധിച്ചതിലും 19-11-2020 ന് ഫാം നേരിട്ട് സന്ദർശിച്ചതിലും ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു

1. ഹൈടെക്ക് ഡയറിഫാമിൽ നിലവിലുള്ള 20 പശുക്കളിൽ (കിടാരികൾ അടക്കം ആകെ 29 എണ്ണം) 9 എണ്ണം കറവയുള്ളതാണ്. ഫാമിലെ പാലളക്കുന്ന മെഷീൻ കഴിഞ്ഞ 5 മാസമായി പ്രവർത്തിക്കുന്നില്ല. പ്രതിദിന പാലുല്പാദനം കണക്കാക്കുന്നത് എങ്ങിനെയെന്ന് വ്യക്തമല്ല.
2. പ്രതിദിന പാൽ അളവ് രജിസ്റ്റർ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുന്നില്ല.
3. ആധുനിക രീതിയിലുള്ള ഹൈടെക്ക് ഡയറിഫാം സൗകര്യങ്ങൾ, ആവശ്യത്തിന് ജോലിക്കാർ, ജലലഭ്യത, സ്ഥലം അനുകൂലമായ കാലാവസ്ഥ എന്നിവയുണ്ടായിട്ടും നിലവിലെ ഫാമിലെ ശരാശരി പാലുൽപ്പാദനം ഒരു പശുവിന് അഞ്ച് ലിറ്റർ മാത്രമാണ്. ഫാമിലെ ജനറേറ്റർ , ഫാം ഫാൻ, മിസ്റ്റ് സിസ്റ്റം, ചാഫ് കട്ടർ, അണുനശീകരണ സംവിധാനം എന്നിവ പ്രവർത്തന ക്ഷമമല്ല. ഹൈടെക്ക് ഫാം എന്ന നിലക്ക് ഇത്തരം സംവിധാനങ്ങൾ അടിയന്തിരമായി പ്രവർത്തനക്ഷമമാക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കേണ്ടതാണ്.
4. ഫാമിൽ രാവിലെ ഉല്പാദിപ്പിക്കുന്ന പാൽ ചക്കിട്ടപ്പാറ ക്ഷീരസഹകരണ സംഘത്തിലും വൈകുന്നേരത്തേത് പിള്ളപ്പെരുവണ്ണ ക്ഷീരോൽപാദക സഹകരണ സംഘത്തിലുമാണ് വിൽപ്പന നടത്തുന്നത്. ഇതിൽ ചക്കിട്ടപ്പാറ സംഘത്തിന് നൽകുന്ന പാൽ വില മൂന്നുമാസത്തിലൊരിക്കലാണ് ലഭിക്കുന്നത്. പ്രതിമാസ പാൽവില തൊട്ടടുത്തമാസം തന്നെ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.
5. ഫാമിന്റെ അധീനതയിൽ 100 ഏക്കറിൽ അധികം സ്ഥലം ഉണ്ടെങ്കിലും പശുക്കൾക്കാവശ്യമായ തീറ്റപ്പുൽ കൃഷി നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. ഫാമിൽ നിന്നുള്ള ഗോമൂത്രം ഷെഡ് കഴുകുന്നവെള്ളം എന്നിവ കാർഷിക ആവശ്യങ്ങൾക്കായി ശേഖരിച്ച് ഉപയോഗിക്കുന്നില്ല. കൃഷിഫാമിന്റെയും പശുഫാമിന്റെയും പ്രവർത്തനം ലാഭകരവും ഫലപ്രദവുമാക്കാവുന്ന ഇത്തരം പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് ഒരുക്കാത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.
   മേൽ അപാകതകൾ ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഫാമിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

**1-11(3) കൃഷി ഫാം ട്രെയിനിങ്ങ് സെന്റർ- പ്രവർത്തനം ആരംഭിച്ചില്ല**

നിർവ്വഹണോദ്യോഗസ്ഥൻ - 1. പ്രൊജ.നം.543/20 – ഫാം സൂപ്രണ്ട്, ജില്ലാ കൃഷി ഫാം കൂത്താളി

2. പ്രൊജ. നം. 774/20 – അസി.എക്സി.എഞ്ചിനീയർ(കൃഷി)

കർഷകർക്ക് പരിശീലനം നല്കുക എന്ന ലക്ഷ്യത്തോടെ നിർമ്മാണം പൂർത്തീകരിച്ച കൃഷിഫാം ട്രെയിനിങ്ങ് സെന്റർ കെട്ടിടത്തിന്റെ ഉൽഘാടനം 11.8.2010ൽ നിർവ്വഹിക്കപ്പെട്ടതാണ്. 2019-20 വർഷം ഫാം സൂപ്രണ്ട് നിർവ്വഹണോദ്യോഗസ്ഥനായി പ്രോജക്ട് നം. 543/20 പ്രകാരം 1000000/- രൂപ ഫർണിച്ചർ, അനുബന്ധ സാധനങ്ങൾ എന്നിവ വാങ്ങുന്നതിന് തനത്ഫണ്ട് വകയിരുത്തുകയും 999248/- രൂപ ചെലവഴിക്കുകയും (ചെക്ക് നം.333113/31.03.20) ചെയ്തിട്ടുണ്ട്. ഇത് കൂടാതെ തൻവർഷം, അസി.എക്സി.ഓഫീസർ (കൃഷി) നിർവ്വഹണോദ്യോഗസ്ഥനായി പ്രൊജക്ട് നം. 774/20 പ്രകാരം 1400000 രൂപ ടോയ്‌ലറ്റ് ബ്ലോക്ക് നിർമ്മാണത്തിന് വകയിരുത്തിയതിലെ ചെലവഴിച്ച 1329783 രൂപ അടക്കം ആകെ 2329031രൂപ ട്രെയിനിങ്ങ് സെന്ററിനായി ചെലവഴിച്ചിട്ടുണ്ട്. ഫാം പരിസരത്ത് തന്നെയുള്ള ട്രെയിനിങ്ങ് സെന്റർ 9.11.2019 ന് നേരിട്ട് പരിശോധിച്ചതിന്റെയും പ്രോജക്ട് ഫയലുകൾ പരിശോധിച്ചതിന്റെയും അടിസ്ഥാനത്തിൽ ശ്രദ്ധയിൽപ്പെട്ട കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

1. സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായ വാങ്ങൽ.

കേരള ആർട്ടിസാൻസ് ഡവ. കോർപ്പറേഷൻ (കാഡ്കോ) യിൽ നിന്നാണ് 543/20 നം. പ്രോജക്ട് പ്രകാരം ടെണ്ടർ/കൊട്ടേഷൻ നടപടികൾ കൂടാതെ ഫർണിച്ചർ, അനുബന്ധ സാധനങ്ങൾ വാങ്ങിയിട്ടുള്ളത്. പരിഷ്കരിച്ച സ്റ്റോർ പർച്ചേസ് മാന്വൽ 9.23 ഖണ്ഡികയിലെ വ്യവസ്ഥകൾക്ക് ഇളവ് നല്കിക്കൊണ്ട് കാഡ്കോ ഉൽപാദിപ്പിക്കുന്ന സ്റ്റീൽ ഫർണിച്ചറുകൾ, വുഡൺ ഫർണിച്ചറുകൾ എന്നിവയാണ് ടെണ്ടർ നടപടികളില്ലാതെ നേരിട്ട് വാങ്ങുന്നതിന് സർക്കാർ ഓരോ വർഷവും അനുമതി നല്കുന്നത്. (3.10.2018ലെ ജി.ഓ.(ആർ.ടി)നം. 42/2018/എസ്.പി.ഡി തീയ്യതി, ജി.ഓ.(ആർ.ടി)നം. 41/2018/എസ്.പി.ഡി) ഇത്തരത്തിൽ വിതരണം ചെയ്യാവുന്ന ഇനങ്ങളുടെ വില വിവരപ്പട്ടികയിൽ ഉൾപ്പെടാത്ത ഇനങ്ങളുടെ കാര്യത്തിൽ ടെണ്ടർ/ക്വട്ടേഷൻ നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് സർക്കാർ ഉത്തരവുകളിൽ വ്യക്തമാക്കിയിട്ടുണ്ട്. ജി.ഒ(ആർടി)നം. 59/201/എസ്.പി.ഡി തീയതി 20.10.2017, ജി.ഒ(ആർ.ടി)നം. 60/2017/എസ്.പി.ഡി തീയതി 20.10.2017) സ്റ്റീൽ/വുഡൺ ഫർണിച്ചറുകൾക്ക് പുറമെ കിടക്കകൾ, കിടക്കവിരികൾ, ബക്കറ്റ്, മഗ് തുടങ്ങിയ നിത്യോപയോഗത്തിനുള്ള പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ, കർട്ടനുകൾ തുടങ്ങിയവ കാഡ്കോയിൽ നിന്ന് ടെണ്ടർ നടപടികളില്ലാതെ വാങ്ങിയ വകയിൽ 208896/- രൂപ (ചെക്ക് നം.333713/31.03.2020) ചെലവഴിച്ചിട്ടുണ്ട്. കാഡ്കോ ഉൽപാദിപ്പിക്കാത്ത ഇത്തരം സാധനങ്ങൾ ടെണ്ടർ/ക്വട്ടേഷൻ നടപടികളില്ലാതെ വാങ്ങിയത് സർക്കാർ ഉത്തരവിന് വിരുദ്ധമാണ്.

പരിശീലനാർത്ഥികൾക്ക് താമസ സൗകര്യത്തോടെ ട്രെയിനിങ്ങിൽ പങ്കെടുക്കാവുന്ന തരത്തിലുള്ള ഫർണിച്ചറുകളും അനുബന്ധ സാമഗ്രികളുമാണ് വാങ്ങിയിട്ടുള്ളത്. 150 പരിശീലനാർത്ഥികളെ ഉൾക്കൊള്ളാൻ കഴിയും എന്ന തരത്തിലാണ് ഭക്ഷണ സജ്ജീകരണത്തിനുള്ള മേശയും പാത്രങ്ങളും വാങ്ങിയത്. 40 പേർക്ക് താമസസൗകര്യത്തോടെ പരിശീലനം എന്നത് കണക്കാക്കിയാണ് കട്ടിൽ, കിടക്ക, ശുചിമുറികൾ, അനുബന്ധ സാമഗ്രികൾ എന്നിവ ഒരുക്കിയത്. വാങ്ങിയ സാധനങ്ങളുടെ എണ്ണം, തരം എന്നിവ കണക്കാക്കിയതിലെ വ്യക്തതയില്ലായ്മ സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ പ്രോജക്ട് രേഖയിൽ പ്രവർത്തനങ്ങൾ, സാമ്പത്തിക വിശകലനം സംബന്ധിച്ച വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

അപാകത സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് കൃഷി ഫാം സൂപ്രണ്ട് നല്കിയ മറുപടിയിൽ ജില്ലാപഞ്ചായത്ത് ഭരണസമിതി തീരുമാന പ്രകാരമാണ് കാഡ്കോയിൽ നിന്നും പ്രോജക്ട് പ്രകാരമുള്ള പർച്ചേസ് നടത്തിയതെന്ന വിശദീകരണം അംഗീകരിക്കാവുന്നതല്ല. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് കൊണ്ട് പ്രോജക്ട് നിർവ്വഹണം നടത്തേണ്ട ഉത്തരവാദിത്തം നിർവ്വഹണോദ്യോഗസ്ഥനിൽ നിക്ഷിപ്തമാണ്. കാഡ്കോയിൽ നിന്നും ടെണ്ടർ/ക്വട്ടേഷൻ നടപടികൾ സ്വീകരിക്കാതെ സാധനങ്ങൾ വാങ്ങിയതിന് ചെലവായ് 208896/- രൂപ തടസ്സത്തിൽ വെക്കുന്നു. (ഉപഖണ്ഡിക 2 ൽ മൊത്തം ചെലവ് തുക തടസ്സപ്പെടുത്തിയത് കാണുക)

<u>2. ഉൽഘാടനം ചെയ്ത് ഒൻപത് വർഷം കഴിഞ്ഞിട്ടും പരിശീലനകേന്ദ്രം വിനിയോഗിക്കപ്പെട്ടില്ല.</u>

ട്രെയിനിങ്ങ് സെന്റർ കെട്ടിടം നേരിട്ട് പരിശോധിച്ചതിൽ, കെട്ടിടം ഏറെക്കാലമായി ഉപയോഗിക്കാത്ത അവസ്ഥയിലുള്ളതായി കാണപ്പെട്ടു. 11.8.2010-ൽ ഉൽഘാടനം ചെയ്ത ശേഷം, സെന്ററിൽ കർഷകർക്കായി നടത്തിയ പരിശീലന പരിപാടികളെ സംബന്ധിച്ച ഫയൽ/രജിസ്റ്റർ/ രജിസ്ട്രേഷൻ തുടങ്ങിയ വിവരങ്ങൾ ലഭ്യമാക്കുന്നതിന് നല്കിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഫാം തൊഴിലാളികൾക്ക് ബഡ്ഡിങ്ങ്, ഗ്രാഫ്റ്റിങ്ങ്, ലേയറിങ്ങ്, സോയിൽലസ്സ് കൃഷിരീതി എന്നിവ സംബന്ധിച്ച് രണ്ട് ദിവസത്തെ ട്രെയിനിങ്ങ് 2019ൽ നല്കിയതായി വാക്കാൽ വിശദീകരിക്കപ്പെട്ടെങ്കിലും ആയതിനും രേഖകളൊന്നും ലഭ്യമാക്കിയിട്ടില്ല. ഫാമിൽ നിന്നും കേവലം മൂന്നുകി.മി അകലെ കേന്ദ്ര സുഗന്ധവിള ഗവേഷണകേന്ദ്രം വിജ്ഞാന കേന്ദ്രത്തിൽ സൗജന്യ പരിശീലന സൗകര്യം ഉണ്ടെന്നിരിക്കെ, പരിശീലനത്തിനാവശ്യമായ അക്കാദമിക കാര്യങ്ങൾ ഉൾപ്പെടെ യാതൊരു ആസൂത്രണവും മറ്റ് മുന്നൊരുക്കങ്ങളുമില്ലാതെ കെട്ടിട നിർമ്മാണം മാത്രം നടത്തിയതായും ട്രെയിനിങ്ങ് നടത്തുന്നതിനാവശ്യത്തിനായി വാങ്ങിയ 5 ലക്ഷത്തോളം രൂപയുടെ ഫർണിച്ചറുകളും അനുബന്ധ സാമഗ്രികളും പാഴാകുന്നതായും കൂത്താളി കൃഷിഫാമിന്റെ 2012-13-ലെ പ്രത്യേക പ്രവർത്തനാവലോകന റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളതാണ്. (എൽ.എഫ് കെ.കെ.ഡി.എഫ്2/1598(2)/ 2012 തീയതി 13.9.12). നിർമ്മാണം പൂർത്തിയായി 9 വർഷം കഴിഞ്ഞിട്ടും പരിശീലന പരിപാടികളൊന്നും സംഘടിപ്പിക്കാൻ സാധിക്കാതിരിക്കെത്തന്നെയാണ് പ്രോജക്ട് നം. 543/20 പ്രകാരം വീണ്ടും ഫർണിച്ചർ, അനുബന്ധ സാധനങ്ങൾ എന്നിവ വാങ്ങുന്നതിന് 999248/- രൂപയും (ചെക്ക് നം. പ്രോജക്ട് നം. 774/20 ടോയിലറ്റ് ബ്ലോക്ക് നിർമ്മാണം പ്രകാരം, 1329783 രൂപയും അടക്കം ആകെ 2329031 രൂപ ട്രെയിനിങ്ങ് സെന്ററിനായി തൻവർഷവും ചെലവഴിച്ചിട്ടുള്ളത്.

8.102014 ലെ സ.ഉ (കൈ)നം. 226/2014/കൃഷി ഉത്തരവ് പ്രകാരം സംസ്ഥാന തലത്തിലും ജില്ലാതലത്തിലും ഫാം തലത്തിലും ഫാം ഉപദേശക സമിതികൾ പുന:സംഘടിപ്പിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. പാടശേഖര സമിതികൾ, കാർഷിക കർമ്മസേനകൾ തുടങ്ങി കാർഷിക മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന

ഏജൻസികൾ, കർഷകർ എന്നിവർക്ക് നല്കാവുന്ന പരിശീലന പരിപാടികൾ ആസൂത്രണം ചെയ്യുന്നതിന് ഇത്തരം സമിതികളുടെ ക്രിയാത്മക ഇടപെടൽ സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല.

ട്രെയിനിങ്ങ് സെന്റർ പ്രവർത്തനക്ഷമമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതും പ്രവർത്തന പുരോഗതി ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. ചെലവു തുക 2329031രൂപ (ഫാം സൂപ്രണ്ട് - 999248/- അസി.എക്സി.എഞ്ചിനീയർ - 1329783 രൂ) തടസ്സത്തിൽ വെക്കുന്നു.

3.**<u>അംഗീകരിച്ച നിരക്ക് പ്രകാരമല്ലാതെ സാധനങ്ങൾ വാങ്ങി</u>**

നിർവ്വഹണോദ്യോഗസ്ഥൻ - ഫാം സൂപ്രണ്ട്, ജില്ലാ കൃഷി ഫാം കൂത്താളി

പ്രോജ.നം.221/2020

കൂത്താളി ഫാം വാർഷിക പദ്ധതി പ്രകാരം ഫാമിന്റെ വിവിധ ആവശ്യങ്ങൾക്കായി തൻവർഷം 793209/- രൂപ ചെലവഴിച്ചിട്ടുണ്ട്. 2019-20ൽ ഫാം പ്രവർത്തനത്തിനാവശ്യമായ സ്റ്റോറുകൾ റണ്ണിങ്ങ് കോൺട്രാക്ട് അടിസ്ഥാനത്തിൽ വിതരണം ചെയ്യുന്നതിന് തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങൾ, നിരക്കുകൾ, എന്നിവ സംബന്ധിച്ച് ജില്ലാ പഞ്ചായത്ത് സെക്രട്ടറി, പി10-1618/2019/കെ.ഡിസ് തീയതി 19.9.19പ്രകാരം ഉത്തരവായിട്ടുണ്ട്. എന്നാൽ അപ്രകാരം അംഗീകരിച്ച സ്ഥാപനം/നിരക്ക് പ്രകാരമല്ലാതെ സ്റ്റോറുകളുടെ പർച്ചേസ് നടത്തിയതായി കാണുന്നു. വിശദവിവരം

| ക്രമ നം. | ഇനം | വിതരണ സ്ഥാപനം/ ഇൻവോയ്സ് | എണ്ണം | നിരക്ക് | വില (ബിൽ പ്രകാരം) | ആകെ ബിൽ തുക (നികുതികൾ ഉൾപ്പെടെ) | അഭിപ്രായം |
|---|---|---|---|---|---|---|---|
| 1 | ഗ്രോബാഗ് 30x16x16 | കിസാൻ എക്സൽ പ്രൈ.ലിമി. കോഴിക്കോട് ഇൻവോയ്സ് നം.ജി19-20/1973/16.10.19 | 3000 | 7.14 | 21428 | 27560 | ജില്ലാ പഞ്ചായത്ത് സെക്രട്ടറി യുടെ 19.9.19ലെ ഉത്തരവ് പ്രകാരം, ക്രമനം. 1 ന്റെയും 2ന്റെയും അംഗീകരിച്ച നിരക്ക് യഥാക്രമം 5.69 രൂപയും 10.49 രൂപയുമാണ്. (ട്രഷറി ബിൽ നം. 7/12.12.19) |
| 2 | ഗ്രോബാഗ് (40x24x24) | -ടി- | 1000 | 10.51 | 10507 | | |
| 3 | ഗ്രോബാഗ് (30x16x16) | കിസാൻ എക്സൽ പ്രൈ.ലിമി. കോഴിക്കോട് ഇൻവോയ്സ് നം.ബി 2 സി19-20/257/1.11.19 | 1836 | 4.78 | 8776.08 | 10443 | ഒരേ സൈസ് ഗ്രോ ബാഗിന് വ്യത്യസ്ത നിരക്ക്. എന്നാൽ ജില്ലാ പഞ്ചായത്ത് അംഗീകരിച്ച നിരക്കിലുമല്ല. (ക്രമ നം.1 കൂടി |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | കാണുക) ട്രഷറിബിൽ നം.7/12.12.19 |
| 4 | പോളി ത്തീൻ കവർ | നോവി ടോട്ടൽ പാക്കേജിങ്ങ്, കോഴിക്കോട് ഇൻവോയ്സ് നം.560/ 16.1.20 | 2 | 390 | 780 | 928 | 148 രൂപ നിരക്കിൽ പോളിത്തിൻ കവർ വിതരണ ത്തിന് കിസാൻ എക്സൽ പ്രൈ.ലിമി. കോഴിക്കോട് എന്ന സ്ഥാപന ത്തെയാണ് അംഗീ കരിച്ചത്. (ട്രഷറിബിൽ നം.13/ 13.1.2020 |
| 5 | ഗ്രോബാഗ് (40x24x24) | കിസാൻ എക്സൽ പ്രൈ.ലിമി. കോഴിക്കോട് ഇൻവോയ്സ് നം. ജി-19-20/ 3194/ 23.1.2020 | 300 | 8.82 | 2646 | 3147 | ഒരേസൈസ് ഗ്രോബാഗിന് വ്യത്യസ്ത നിരക്ക്. എന്നാൽ ജില്ലാ പഞ്ചായത്ത് അംഗീകരിച്ച നിരക്കിലുമല്ല. (ക്രമ നം. 2 കൂടി കാണുക) ട്രഷറി ബിൽ നം.13/ 13.1.200 |
| | | ആകെ | | | | 42078 | |

ജില്ലാ പഞ്ചായത്തിന് കീഴിലുള്ള എല്ലാ കൃഷിഫാമുകളിലേക്കും ആവശ്യമായ സാധനങ്ങൾക്ക് ബാധകമായ 2019-20 വർഷത്തെ അംഗീകരിച്ച നിരക്ക്/സ്ഥാപനം സംബന്ധിച്ച് ജില്ലാ പഞ്ചായത്ത് ഉത്തരവുണ്ടായിട്ടും ആയതിൽ നിന്ന് വ്യത്യസ്തമായി പർച്ചേസ് നടത്തിയതിന്റെ സാഹചര്യം വ്യക്തമാക്കേണ്ടതും നികുതി ഉൾപ്പെടെ അധിക തുക നല്കിയത് കണക്കാക്കി പഞ്ചായത്ത് ഫണ്ടിൽ തിരിച്ചടക്കേണ്ടതുമാണ്. അപാകത സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവു തുക 42078 രൂപ തടസ്സത്തിൽ വെക്കുന്നു.

**1-12 സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രം , പേരാമ്പ്ര - രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല.**

വിത്തുൽപ്പാദന കേന്ദ്രത്തിലേക്ക് വാങ്ങുന്ന വിത്തുകൾ, വളങ്ങൾ, കീടനാശിനികൾ, ഡീസൽ, കാർഷിക യന്ത്രങ്ങൾ, ഉപകരണങ്ങൾ തുടങ്ങി ചെറുതും വലുതുമായ സ്റ്റോറുകൾ എക്സ്പ്പെൻഡിബ്ൾ സ്റ്റോക്ക് രജിസ്റ്റർ (ESR) എന്ന രജിസ്റ്ററിലാണ് രേഖപ്പെടുത്തി സൂക്ഷിക്കുന്നത്. ഫാം ഉൽപ്പന്നങ്ങൾ, സ്റ്റേഷനറി എന്നിവയ്ക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. ട്രാക്ടർ, റോട്ടോവേറ്റർ, കേജ് വീൽ, കൾട്ടിവേറ്റർ, മെതിയന്ത്രം, വെയിങ്ങ് ബാലൻസ്, പാഡിവിന്നോവർ, പമ്പ്സെറ്റുകൾ തുടങ്ങിയ നിരവധി യന്ത്രങ്ങളും ഉപകരണങ്ങളും വിത്തു കേന്ദ്രത്തിലുണ്ടെങ്കിലും പ്രത്യേകമായി ടൂൾസ് ആന്റ് പ്ലാന്റ്സ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഡീസൽ കൊണ്ട് പ്രവർത്തിപ്പിക്കുന്ന ട്രാക്ടർ, മെതിയന്ത്രം, പമ്പ്സെറ്റ് എന്നിവയിൽ ട്രാക്ടറിന് മാത്രമെ ലോഗ്ബുക്ക് സൂക്ഷിച്ചിട്ടുള്ളൂ. ട്രാക്ടർ ലോഗ്ബുക്കിൽ 30.7.2020 ന ശേഷം രേഖപ്പെടുത്തൽ നടത്തിയിട്ടില്ല. ലോഗ്ബുക്കിൽ കൗണ്ട് സർട്ടിഫിക്കറ്റ് ഇല്ലാതെയും രേഖപ്പെടുത്തലുകൾ, ട്രാക്ടർ ഡ്രൈവർ, കസ്റ്റോഡിയൻ ഓഫീസർ എന്നിവരുടെ സാക്ഷ്യപ്പെടുത്തലുകൾ

ഇല്ലാതെയും ഇന്ധന ഉപഭോഗം സംബന്ധിച്ച പ്രതിമാസ സംക്ഷിപ്തം രേഖപ്പെടുത്താതെയുമാണ് സൂക്ഷിച്ചിട്ടുള്ളത്. പ്രോജക്ട് രജിസ്റ്റർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ട് വരവ് ചെലവ് രേഖപ്പെടുത്തുന്നതിനുള്ള സബ്സിഡിയറി രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല. രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ പരിഹരിച്ച് രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

**1-13 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് – ഒരേ കോഴ്സിന് രണ്ട് നിരക്കിൽ സ്കോളർഷിപ്പ് നല്കി.**

പ്രോജക്ട് നം. 217/20

വകയിരുത്തൽ - 1670000/- (വികസന ഫണ്ട് - ടി.എസ്.പി)

13ാം പഞ്ചവത്സരപദ്ധതി സബ്സിഡി മാർഗ്ഗരേഖ പ്രകാരം (സ.ഉ.(കൈ)നം.22/2018/തസ്വഭവ തീയതി 14.2.2018) സംസ്ഥാന സർക്കാരോ കേന്ദ്ര സർക്കാരോ, സർക്കാരുകൾ ചുമതലപ്പെടുത്തിയ ഏജൻസികളോ നടത്തുന്നതായ എല്ലാത്തരം കോഴ്സുകളിലേക്കും യോഗ്യത നേടി പഠനം നടത്തിവരുന്ന പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ കോഴ്സ് കാലാവധി വരെയുള്ള എല്ലാ അക്കാദമിക വർഷത്തിലും സ്കോളർഷിപ്പ് നല്കാവുന്നതാണ്. ആയത് പ്രകാരം 1670000/- രൂപ പ്രോജക്ട് വഴി ചെലവഴിച്ചിട്ടുണ്ട്. വിവിധ കോഴ്സുകൾക്ക് നല്കാവുന്ന സ്കോളർഷിപ്പ് നിരക്കുകളും സബ്സിഡി മാർഗ്ഗ രേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഒരേ കോഴ്സിനു പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വ്യത്യസ്ത നിരക്കിൽ സ്കോളർഷിപ്പ് നല്കിയതായി കാണുന്നു. വിശദവിവരം താഴെ ചേർക്കുന്നു.

| പേര് | പഠിക്കുന്ന കോഴ്സ് | അനുവദിച്ച സ്കോളർഷിപ്പ് | ബിൽ നം. |
|---|---|---|---|
| 1.അപർണ്ണ.കെ.ജി | ബി.ഡി.എസ് | 25000/- | 21/25.3.2020 |
| 2.സൗമ്യ.എം.പി | ടി | 30000/- | 8/26.8.2019 |
| 3.അനഘ.കെ.പി | ടി | 30000/- | ടി |

ഒരേ കോഴ്സിനു പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വ്യത്യസ്ത നിരക്കിൽ സ്കോളർഷിപ്പ് നല്കേണ്ടി വന്ന സാഹചര്യം വ്യക്തമാക്കുന്നതിന് നല്കിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

**1-14 ലൈഫ് പദ്ധതി -എസ്.ടി.ഭവന നിർമ്മാണ പൂർത്തീകരണം വൈകുന്നു.**

സർക്കാരിന്റെ വിവിധ ഭവന നിർമ്മാണ പദ്ധതികളിൽ ആനുകൂല്യം ലഭിക്കുന്നതിന് 31.3.2016നു മുമ്പ് കരാറിലേർപ്പെട്ടവരും എന്നാൽ വിവിധ കാരണങ്ങളാൽ ഭവനനിർമ്മാണം പൂർത്തീകരിക്കാൻ സാധിക്കാത്തവരുമായ ഗുണഭോക്താക്കളെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി വാസയോഗ്യമായ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള സ.ഉ(എം.എസ്) 196/17 തീയതി 11.10.17, സ.ഉ(സാധാ) നം.3875/2017ത.സ്വ.ഭ.വ, തീയതി 30.11.17 എന്നിവ പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. 30.11.17ലെ ഉത്തരവിൽ, പട്ടികവർഗ്ഗ വിഭാഗം ഗുണഭോക്താക്കളുടെ ഭവനപൂർത്തീകരണത്തിനുള്ള യഥാർത്ഥ നിർമ്മാണ ചെലവ് ജില്ലാസാങ്കേതിക സമിതി നിശ്ചയിക്കുന്നതിന്റെ അടിസ്ഥാനത്തിൽ നല്കാൻ അനുമതിയുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ 2018-19 മുതൽ എസ്.ടി ലൈഫ് ഭവന നിർമ്മാണ പൂർത്തീകരണം പ്രോജക്ടുകളിൽ കരാർ വെച്ച ഗുണഭോക്താക്കൾ ഇനിയും ഭവനനിർമ്മാണം പൂർത്തീകരിക്കാത്തതായി കാണുന്നു. .2018-19 ൽ കരാർ വെച്ച 11 ഗുണഭോക്താക്കളിൽ 3 പേരും 2019-2020 ൽ കരാർ വെച്ച 12 പേരിൽ 4 ഗുണഭോക്താക്കളും മാത്രമാണ് നിർമ്മാണം പൂർത്തീകരിച്ചത്. 2019-20 ൽ എസ്.ടി. ഭവനപൂർത്തീകരണത്തിനുള്ള ചെലവ്, ഇനിയും പൂർത്തീകരണം ബാക്കിയുള്ള ഭവനനിർമ്മാണം എന്നിവ സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

| പ്രൊജ. നം. | 295/20 | 1118/20 |
|---|---|---|
| വകയിരുത്തൽ | 1640000/-<br>(വി.ഫണ്ട് ടി.എസ്.പി) | 5600000/-<br>(വി.ഫണ്ട്(ജനറൽ) |
| ചെലവ് | 1640000/- | 1576750/- |
| ബിൽ നം. | 5/16.7.19<br>6/14.8.19<br>10/24.10.19 | 12/24.10.19<br>17/29.2.2020<br>24/31.3.2020 |

ഭവന നിർമ്മാണം ഇനിയും പൂർത്തീകരിക്കാൻ ബാക്കിയുള്ളവയുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമനം. | പേര് | എസ്റ്റിമേറ്റ് തുക | നാളിതുവരെ കൈപ്പറ്റിയ തുക | അവസാനം കൈപ്പറ്റിയ തുക/വർഷം | നിലവിലെ സ്ഥിതി | കരാർവെച്ച വർഷം |
|---|---|---|---|---|---|---|
| 1 | ചന്ദ്രിനാഗംപാറ | 250000 | 100000 | 100000/18-19 | മേൽക്കൂര | 18-19 |
| 2 | ഗോപാലൻ കരിങ്കണ്ണി | 475000 | 403750 | 61250/19-20 | തേപ്പ്, വയറിങ്ങ് | 18-19 |
| 3 | സുനിൽകുമാർ പൊട്ടൻകാവിൽ | 725000 | 400000 | 125000/19-20 | മേൽക്കൂര, തേപ്പ് | 18-19 |
| 4 | മാളു മൂത്തോറമ്മൽ | 550000 | 360000 | 60000/20-21 | തേപ്പ്, വയറിങ്ങ് | 18-19 |
| 5 | ഷീബ കരിയാനിമല കോളനി | 60000 | 40000 | 40000/18-19 | മേൽക്കൂര | 18-19 |
| 6 | ബാലൻ കോലിക്കുന്ന് | 610000 | 440000 | 69795/20-21 | തേപ്പ് | 18-19 |
| 7 | മാണി കുളക്കാടൻ പൊയിൽ | 758927 | 480000 | 120000/20-21 | മേൽക്കൂര | 18-19 |
| 8 | ഉപ്പാട്ടിഞ്ഞണ്ണയിൽ | 510000 | 331500 | 141500/19-20 | മേൽക്കൂര | 18-19 |
| 9 | മോഹനൻ വള്ളുവർക്കുന്ന് കോളനി | 310000 | 248000 | 148000/19-20 | മേൽക്കൂര | 19-20 |
| 10 | സത്യൻ. ഓ പീടികക്കോട്ട് മീത്തൽ | 228000 | 160000 | 60000/20-21 | വയറിങ്ങ് | 19-20 |
| 11 | ചിരുതക്കുട്ടി.ടി.പി | 210000 | 100000 | 100000/19-20 | മേൽക്കൂര | 19-20 |
| 12 | മാധവി നെടുമ്പാല | 340000 | 204000 | 104000/19-20 | മേൽക്കൂര | 19-20 |
| 13 | മാളു മൂന്നാം തോട് | 50000 | 25000 | 25000/19-20 | മേൽക്കൂര | 19-20 |
| 14 | ഭാസ്കരൻ മൂടിൽ | 385000 | 100000 | 100000/19-20 | മേൽക്കൂര | 19-20 |
| 15 | മാത, ചെല്ല്യാട് | 400000 | 360000 | 80000/20-21 | വയറിങ്ങ് | 19-20 |
| 16 | ബിജി, എളമ്പിലാശ്ശേരി | 617014 | 240000 | 150000/20-21 | തറ | 19-20 |

എസ്.ടി ഭവന നിർമ്മാണ പൂർത്തീകരണം ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും മേൽ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തിയാക്കി ലക്ഷ്യം പദ്ധതി കൈവരിച്ചതിന്റെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

**1-15 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കരിയർഗൈഡൻസ്- മുഴുവൻ വിദ്യാർത്ഥികൾക്കും പ്രയോജനം ലഭിച്ചില്ല.**

| | |
|---|---|
| പ്രോജക്ട് നം. | 222/2020 |
| വകയിരുത്തൽ | 190000/- (വി.ഫണ്ട് – ടി.എസ്.പി) |
| ചെലവ് | 129894/- |
| ബിൽ നം. | 19/27.3.2020 |
| നിർവ്വഹണം | ജില്ലാ പട്ടികവർഗ്ഗ വികസന ഓഫീസർ |

ഹയർ സെക്കണ്ടറി ക്ലാസ്സുകളിലെ പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് ജില്ലാ പഞ്ചായത്തിനു കീഴിലുള്ള സ്കിൽ ഡവലപ്മെന്റ് സെന്റർ മുഖേന 5 ദിവസം കരിയർ ഗൈഡൻസ് ക്ലാസ്സ് നല്കിയ പ്രകാരം, 129894/- രൂപ വികസന ഫണ്ട് ചെലവഴിച്ചു.റിഫ്രഷ്മെന്റ്, വിദ്യാർത്ഥികൾക്ക് യാത്രാബത്ത, ഭരണ ചെലവ്, ഹോണറേറിയം, ടാക്സ്

എന്നീയിനങ്ങൾക്കായാണ് തുക ചെലവഴിച്ചത്. പ്രോജക്ട് രൂപീകരണം, നിർവ്വഹണം സംബന്ധിച്ച് താഴെ ചേർത്ത കാര്യങ്ങളിൽ മറുപടി ലഭ്യമാക്കേണ്ടതാണ്.

1. 13ാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.2.23 പ്രകാരം ഹയർസെക്കണ്ടറിയിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഒരു വിദ്യാഭ്യാസ വർഷം 4 തവണ കരിയർ ഗൈഡൻസ് ക്ലാസ്സുകൾ നല്കേണ്ടതാണ്. ആയത് പ്രകാരം ജില്ലാ പഞ്ചായത്ത് പരിധിയിൽപ്പെട്ട എല്ലാ ഹയർസെക്കണ്ടറി സ്കൂളുകളിലെയും മുഴുവൻ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും പദ്ധതി കൊണ്ട് പ്രയോജനം ലഭിക്കേണ്ടതാണ്. 100 വിദ്യാർത്ഥികൾക്കായി തുക വകയിരുത്തിക്കൊണ്ടുള്ള പ്രോജക്ട് പ്രകാരം ഇക്കാര്യം ഉറപ്പുവരുത്താൻ സാധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കേണ്ടതാണ്.
2. ജില്ലാ പഞ്ചായത്ത് പരിധിയിലെ 17 ഹയർസെക്കണ്ടറി വിദ്യാലയങ്ങളിൽ നിന്ന് ലഭ്യമാക്കിയ 153 പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സംബന്ധിച്ച വിവരം എസ്.ഡി.സിയെ (സ്കിൽ ഡെവലപ്പ്മെന്റ് സെന്റർ) അറിയിച്ചുകൊണ്ട് നിർവ്വഹണോദ്യോഗസ്ഥൻ 13.11.19ൽ കത്ത് നല്കിയിട്ടുണ്ട്. എന്നാൽ 15 സ്കൂളുകളിൽ നിന്നുള്ള 136 പേരുടെ ഹാജർപട്ടികയാണ് ലഭ്യമാക്കിയത്. കരിയർ ഗൈഡൻസ് ക്ലാസ്സിലേക്ക് സ്കൂളുകളെയും വിദ്യാർത്ഥികളെയും തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം വ്യക്തമാക്കേണ്ടതാണ്.
3. സബ്സിഡി മാർഗ്ഗരേഖ പ്രകാരം, അതത് സ്കൂളുകൾക്ക് ട്രെയിനർമാരെയും അവർക്കുള്ള ഹോണറേറിയവും നല്കേണ്ടതുണ്ട്. സ്കൂളുകളിൽ, എല്ലാ കുട്ടികളും ക്ലാസ്സിൽ പങ്കെടുക്കുന്നു എന്നുറപ്പാക്കാൻ ഒരു അദ്ധ്യാപകനെ/അദ്ധ്യാപികയെ ചുമതലപ്പെടുത്തേണ്ടതുണ്ട്. ഇതിൽനിന്നും ഒരു വിദ്യാർത്ഥിക്ക് പോലും പ്രയോജനം ലഭിക്കാത്ത അവസ്ഥയുണ്ടാകരുതെന്നാണ് സർക്കാർ ഉദ്ദേശിച്ചിട്ടുള്ളത്. കോഴിക്കോട് സ്കിൽ ഡവലപ്പ്മെന്റ് സെന്ററിൽ നടന്ന 5 ദിവസത്തെ ക്ലാസ്സുകളുടെ ഹാജർപട്ടിക പരിശോധിച്ചതിൽ പല ക്ലാസ്സുകളിലും പകുതിയിൽ താഴെ മാത്രമെ ഹാജരുണ്ടായിരുന്നുള്ളു എന്ന് കാണുന്നു. വിശദവിവരം താഴെ ചേർക്കുന്നു.

| സ്കൂളുകൾ | ഹാജർ പട്ടിക പ്രകാരം ആകെ കുട്ടികൾ | ഹാജർ നില | | | | |
|---|---|---|---|---|---|---|
| | | 7.12.19 | 4.1.2020 | 25.1.2020 | 8.2.2020 | 29.2.2020 |
| 15 | 136 | 59 | 45 | 35 | 34 | 36 |

കുട്ടികളുടെ ഹാജർ ഉറപ്പാക്കുന്നതിന് നടപടി സ്വീകരിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

4. പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഹാജർ ഉറപ്പാക്കി സ്കൂളുകൾ കേന്ദ്രീകരിച്ച് നടത്തേണ്ടിയിരുന്ന ക്ലാസ്സ്, കോഴിക്കോട് എസ്.ഡി.സി കേന്ദ്രത്തിൽവച്ച് നടത്തിയത് കാരണം വിദ്യാർത്ഥികൾക്ക് യാത്രാബത്ത നല്കിയിട്ടുണ്ട്. ഇത് 21400 രൂപയുടെ അധിക ചെലവുണ്ടാക്കി. ഓരോ സ്കൂളിലായി നടത്തുന്നതിലെ പ്രായോഗിക ബുദ്ധിമുട്ട് പരിഗണിച്ച്, കുട്ടികൾക്ക് അനുയോജ്യമായ വിധത്തിൽ വിവിധ സെന്ററുകളിലായി മുഴുവൻ കുട്ടികളുടെയും ഹാജർ ഉറപ്പുവരുത്തി ക്ലാസ്സ് സംഘടിപ്പിക്കുന്നത് പരിഗണിച്ചതായും കാണുന്നില്ല. ആയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.
5. പ്രോജക്ട് 3 പ്രാവശ്യം റിവൈസ് ചെയ്താണ് നടപ്പാക്കിയിട്ടുള്ളത്. പ്രൊജക്ട് റിപ്പോർട്ടിലെ ക്രമനം.ഇ (31)ൽ പ്രവർത്തനങ്ങൾ, ചെലവു ഘടകങ്ങൾ വിശദമായി ചേർക്കാതെയാണ് പ്രോജക്ടിന് രൂപം നല്കിയത്. നിരവധി പ്രാവശ്യം പ്രോജക്ട് റിവൈസ് ചെയ്യേണ്ടി വന്നതിന്റെയും ആവശ്യമായ വിവരങ്ങൾ ചേർക്കാതെ പ്രോജക്ട് തയ്യാറാക്കിയതിന്റെയും കാരണം വ്യക്തമാക്കേണ്ടതാണ്.
6. പ്രോജക്ട് നിർവ്വഹണം സംബന്ധിച്ച് പട്ടികവർഗ്ഗ വർക്കിംഗ് ഗ്രൂപ്പിന്റെ മോണിറ്ററിങ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. അപാകത സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവുതുക 129894 രൂപ തടസ്സത്തിൽ വെക്കുന്നു.

**<u>1-16 പട്ടികവർഗ്ഗവിഭാഗത്തിലെ അഭ്യസ്തവിദ്യരായ യുവതീയുവാക്കൾക്ക് തൊഴിൽ നേടുന്നതിന് പരിശീലന പ്രൊജക്ടുകൾ ഫലപ്രാപ്തിയിലെത്തിയില്ല.</u>**

നിർവ്വഹണോദ്യോഗസ്ഥൻ - ജില്ലാ പട്ടികവർഗ്ഗ ഓഫീസർ.

**1. പ്രൊജക്ട് നം. 308/20(19-20)**

| | | |
|---|---|---|
| വകയിരുത്തൽ | 300000/- (ടി.എസ്.പി) | 2020-21ലെ SO പ്രോജക്റ്റിൽ ബാക്കി തുക 150000/- സി.ഡി.എസിന് നല്കിയത് പ്രകാരം |
| | | |

| | | |
|---|---|---|
| ചെലവ് | 150000/-<br>(ബിൽ നം 15/20.3.2020) | പ്രോജക്ടിന് ആകെ ചെലവ് 300000/- |

പ്രോജക്ടിൽ പട്ടികവർഗ്ഗത്തിൽപ്പെട്ടതും തെരഞ്ഞെടുക്കപ്പെട്ടതുമായ 16 യുവതീ യുവാക്കൾക്ക് ജില്ലാ പഞ്ചായത്തിനു കീഴിലുള്ള സ്കിൽ ഡവ.സെന്റർ മുഖേന പരിശീലനം നല്കിയതിന് 3 ലക്ഷം രൂപ എസ്.ഡി.സിക്ക് നല്കി.(2019-20 ൽ അഡ്വാൻസായി 150000 രൂപയും 2020-21 ൽ ബാക്കി തുകയായ 150000 രൂപയും) പ്രൊജക്ട് പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1. 20 പേർക്ക് പരിശീലനം നല്കുന്നതിനാണ് പ്രോജക്ടിൽ 3 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളത്. എന്നാൽ നിർവ്വഹണോദ്യോഗസ്ഥൻ എസ്.ഡി.സി ഡയറക്ടറുമായുണ്ടാക്കിയ 5.11.19ലെ കരാർ പ്രകാരം 15 പേർക്ക് പരിശീലനം നല്കുന്നതിന് 3 ലക്ഷം രൂപ എന്നാണ് വ്യവസ്ഥപ്പെടുത്തിയത്. നിർവ്വഹണോദ്യോഗസ്ഥനായ പട്ടികവർഗ്ഗ വികസന ഓഫീസർ 13.11.19 ൽ നല്കിയ 106 പേരുടെ ലിസ്റ്റിൽ നിന്നും 16 പേരെ യാണ് തെരഞ്ഞെടുത്ത് പരിശീലനം നല്കിയത്. പ്രോജക്ട് റിപ്പോർട്ടിലും, കരാർ രേഖയിലും, പരിശീലനം നല്കുമ്പോഴും പരിശീലനാർത്ഥികളുടെ എണ്ണത്തിൽ വ്യവസ്ഥയില്ലാതായതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.
2. പ്രോജക്ട് റിപ്പോർട്ടിൽ, ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ, ചെലവു ഘടകങ്ങൾ എന്നിവ ക്രമ നം. ഇ(31) ഭാഗത്ത് ചേർത്തിട്ടില്ല. 20 പേർക്ക് പരിശീലനം നല്കുന്നതിന് വകയിരുത്തിയ 3 ലക്ഷം രൂപ 16 പേർക്ക് വേണ്ടി ചെലവഴിക്കുകയാണ് ചെയ്തത്. വേണ്ടത്ര മുന്നൊരുക്കങ്ങളില്ലാതെ പ്രൊജക്ട് തയ്യാറാക്കിയത് കാരണം, എസ്.ഡി.സി നിർവ്വഹണഘട്ടത്തിൽ നല്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ തുക ചെലവഴിക്കുകയാണ് ചെയ്തത്. ആയതിനാൽ തന്നെ, അർഹരായ പരമാവധി ഗുണഭോക്താക്കൾക്ക് പദ്ധതി പ്രയോജനപ്പെടുന്നത് തടസ്സപ്പെടുന്ന അവസ്ഥ ഉണ്ടായിട്ടുണ്ട്. പ്രോജക്ടിനാവശ്യമായ തുക വകയിരുത്തിയതിന്റെ മാനദണ്ഡം വ്യക്തമാക്കേണ്ടതാണ്.
3. എസ്.ഡി.സി നടത്തുന്ന കോഴ്സുകളുടെ വിശദവിവരങ്ങളടങ്ങിയ രേഖകളൊന്നും ലഭ്യമാക്കിയിട്ടില്ല. പരിശീലനത്തിനുള്ള കോഴ്സ് ഫീ (320 മണിക്കൂർ പരിശീലനം) ഒരാൾക്ക് 12000/- രൂപ നിശ്ചയിച്ചത് എപ്രകാരമെന്ന് വ്യക്തമാക്കേണ്ടതാണ്.
4. 16 പരിശീലനാർത്ഥികൾക്ക് 80 രൂപ നിരക്കിൽ ഹാജരായ ദിവസങ്ങൾ കണക്കാക്കി 96000/- രൂപ യാത്രാബത്ത നല്കിയിട്ടുണ്ട്. ഹാജർപ്പട്ടിക ലഭ്യമാക്കിയിട്ടില്ല. സബ്സിഡി മാർഗ്ഗരേഖ പ്രകാരം പരിശീലനാർത്ഥികൾക്ക് യാത്രാബത്ത നല്കുന്നതിന് നിർദ്ദേശിച്ചിട്ടില്ല. ഇത് സംബന്ധിച്ച് അനുമതി ഉത്തരവ് ലഭ്യമാക്കേണ്ടതാണ്.
5. സബ്സിഡി മാർഗ്ഗരേഖ പ്രകാരം (സ.ഉ(കൈ)നം.22/2018/ ത.സ്വ.ഭ.വ തീയ്യതി 14.2.2018 ഖണ്ഡിക7.2.25 പ്രകാരം, എസ്.എസ്.എൽ.സി പരീക്ഷ വിജയിച്ചവർ മുതൽ ഉയർന്ന വിദ്യാഭ്യാസയോഗ്യതയുള്ളതും തൊഴിൽതല്പരരുമായ എല്ലാവർക്കും അനുയോജ്യമായ തൊഴിൽ ലഭിക്കുന്നതുവരെ പരിശീലനം നല്കുന്നതിനുള്ള പദ്ധതിയെന്ന നിലയ്ക്കാണ് പദ്ധതി നടപ്പാക്കേണ്ടത്. പരിശീലനാർത്ഥികളിൽ വ്യത്യസ്ത യോഗ്യതകളും അഭിരുചികളുമുണ്ടാകുമെന്നിരിക്കെ ഒരേ വിഷയങ്ങളിൽ പരിശീലനം നല്കിയത് എത്രത്തോളം അനുയോജ്യമായ തൊഴിൽ ലഭിക്കാൻ പര്യാപ്തമാകും എന്നത് വ്യക്തമല്ല. എന്നിരിക്കിലും പരിശീലനം ലഭിച്ചവർക്ക് തൊഴിൽ ലഭിച്ചു എന്ന് ഉറപ്പുവരുത്തിയതായി കാണുന്നില്ല.
6. 25.11.2019 മുതൽ 10.3.2020വരെയാണ് സി.ഡി.എസിൽ പരിശീലനം നടത്തിയിട്ടുള്ളത്. പ്രോജക്ട് നിർവഹണത്തിന്റെ ഒരു ഘട്ടത്തിലും പട്ടികവർഗ്ഗ വികസനം വർക്കിങ്ങ് മോണിറ്ററിങ്ങ് സമിതി എന്ന നിലയിൽ റിപ്പോർട്ട് നല്കിയിട്ടില്ല. അപാകത സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവു തുക 300000/- തടസ്സത്തിൽ വെക്കുന്നു.

**2. <u>പ്രൊജ.നം.128/19, 671/20(സ്പിൽ ഓവർ)</u>**

| | |
|---|---|
| വകയിരുത്തിയത് | 900000 (വികസന ഫണ്ട് എസ്.സി.പി) |
| ചെലവ് | 900000/-(450000/-(18-19),<br>450000(19-20)<br>ബിൽ നം. 16/31.12.18, 01/14.5.19 |

9 ലക്ഷം രൂപ വികസനഫണ്ട് വകയിരുത്തിയ 128/19 നം. പ്രോജക്ട് പ്രകാരം, പരിശീലനം നല്കുന്ന സ്കിൽ ഡെവലപ്പ്മെന്റ് സെന്റർ കോഴിക്കോടിന് 2018-19 വർഷം മുൻകൂറായി 450000/- രൂപ നല്കി. പരിശീലനം പൂർത്തിയാക്കിയ പ്രകാരം ബാക്കി തുക 450000/- രൂപ നിയമാനുസൃത കിഴിവുകൾ കിഴിച്ച് 2019-20 സ്പിൽ ഓവർ

പ്രൊജക്ട് (നം. 671/20) പ്രകാരവും നല്കിയിട്ടുണ്ട്. 10 പഞ്ചായത്തുകളിൽ നിന്നും 109 പേരുടെ ലിസ്റ്റ് തയ്യാറാക്കിയെങ്കിലും സ്കിൽ ഡവ. സെന്ററിൽ നടത്തിയ അഭിമുഖത്തിൽ പങ്കെടുത്ത 36 പേരെയും തെരഞ്ഞെടുക്കുകയാണ് ചെയ്തത്. തെരഞ്ഞെടുക്കപ്പെട്ടവരിൽ 25 പേർക്ക് ആഭരണനിർമ്മാണം, അലങ്കാരത്തുന്നൽ, ഫാബ്രിക്ക് പെയിന്റിങ്ങ് തൊഴിലിലും 11 പേർക്ക് സോളാർ ടെക്നീഷ്യൻ ആന്റ് ബേസിക്ക് ഇലക്ട്രിക്കൽ എന്നിവയിലുമാണ് പരിശീലനം നല്കിയത്. 2018-19, 2019-20 വർഷങ്ങളിലായി ആകെ 900000/- രൂപ പരിശീലനം നല്കിയ സ്കിൽ ഡെവ.സെന്ററിന് നല്കിയിട്ടുണ്ട്. 20.12.2018ന് എസ്.ഡി.സി യുമായുണ്ടാക്കിയ കരാർ പ്രകാരം നല്കേണ്ട തുക താഴെ ചേർത്ത പ്രകാരമാണ്.

| | |
|---|---|
| I. ആഭരണനിർമ്മാണം, അലങ്കാരത്തുന്നൽ, ഫാബ്രിക്ക് പെയിന്റിങ്ങ് - 25 പേർക്ക് | |
| ചെലവിനം | ചെലവു തുക |
| യാത്രപ്പടി (4050 X 25 | 101250 |
| റിഫ്രഷ് മെന്റ് | 11250 |
| പരിശീലനത്തിനുള്ള മെറ്റീരിയൽസ് | 125000 |
| കോഴ്സ് ഫീ (8000 X 25) | 200000 |
| | 437500 |
| II. സോളാർ ടെക്നിഷ്യൻ ആന്റ് ബേസിക്ക് ഇലക്ട്രിക്കൽ വർക്ക് - 11 പേർക്ക് | |
| റിഫ്രഷ് മെന്റ് , യാത്രപ്പടി(9000 X 11) | 99000 |
| പരിശീലനത്തിനുള്ള മെറ്റീരിയൽസ് | 55000 |
| കോഴ്സ് ഫീ (18000 X 11) | 198000 |
| | 352000 |
| III. കോ- ഓർഡിനേഷൻ, സർട്ടിഫിക്കേഷൻ, ഡോക്യുമെന്റേഷൻ, | 38500 |
| IV. വ്യക്തിത്വ വികസനം, എന്റർപ്രണ്ണർഷിപ്പ് മാനേജ്മെന്റ്, മാർക്കറ്റിങ്ങ്(2000 X 36) | 72000 |
| ആകെ ചെലവ് | 900000 |

മേൽ ചേർത്ത പ്രകാരം പരിശീലനം പൂർത്തിയായതായി 6.3.2019 ൽ എസ്.ഡി.സി ഡയറക്ടർ നിർവ്വഹണോദ്യോഗസ്ഥനെ അറിയിച്ച പ്രകാരം മുൻകൂർ തുക 4.5ലക്ഷം കഴിച്ച് ബാക്കി തുകയായ 4.5 ലക്ഷവും നിയമാനുസൃത നികുതി കിഴിച്ച് സ്കിൽ ഡവലപ്മെന്റ് സെന്ററിന് നല്കി. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട താഴെകൊടുത്ത അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

1. പ്രോജക്ട് റിപ്പോർട്ടിൽ പ്രോജക്ട് കൊണ്ട് ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ, അവയുടെ സാമ്പത്തിക വിശകലനം എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. (ക്രമ നം. ഇ(31). വേണ്ടത്ര ആസൂത്രണമില്ലാത്തത് കാരണം, വിശദാംശങ്ങൾ ചേർക്കാതെ പ്രൊജക്ടിന് രൂപം നല്കുന്നതായും വകയിരുത്തിയ തുകയ്ക്കനുസരിച്ച് എസ്.ഡി.സി പരിശീലന കോഴ്സുകളും എസ്റ്റിമേറ്റും തയ്യാറാക്കുകയും ആയത് പ്രകാരം തുക നല്കുകയുമാണ് ചെയ്തത്.
2. എസ്.ഡി.സി നടത്തുന്ന വിവിധ കോഴ്സുകളും ഫീ നിരക്കുകളുടെയും വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. ആഭരണ നിർമ്മാണം 8000 രൂപ, സോളാർ ടെക്നീഷ്യൻ കോഴ്സുകൾക്ക് 18000രൂപ, കോ- ഓർഡിനേഷൻ, സർട്ടിഫിക്കേഷൻ, ഡോക്യുമെന്റേഷൻ എന്നിവയ്ക്ക് 38500 രൂപ, വ്യക്തിത്വ വികസനം, എന്റർപ്രണ്ണർഷിപ്പ് മാനേജ്മെന്റ്, മാർക്കറ്റിങ്ങ് എന്നിവയ്ക്ക് 72000 രൂപയും നിശ്ചയിച്ചതിന്റെ അടിസ്ഥാനംവ്യക്തമല്ല.
3. ആഭരണ നിർമ്മാണം പരിശീലനാർത്ഥികൾക്ക് (25 പേർ) 4050 രൂപ നിരക്കിൽ ആകെ 101250രൂപ യാത്രപ്പടിയായും സോളാർ ടെക്നീഷ്യൻ പരിശീലനാർത്ഥിക്ക് (ആകെ 11 പേർ) റിഫ്രഷ്മെന്റ് , യാത്രപ്പടി ഇനത്തിൽ 9000 രൂപ നിരക്കിൽ 99000/- രൂപയും ചെലവഴിച്ചിട്ടുണ്ട്. 13ാം പഞ്ചവത്സര പദ്ധതി പരിഷ്കരിച്ച സബ്സിഡി മാർഗ്ഗരേഖ നം.22/2018/ത.സ്വ.ഭ.വ തീയതി 14.2.18 പ്രകാരം പരിശീലനാർത്ഥികൾക്ക് യാത്രാബത്ത നല്കാൻ വ്യവസ്ഥയില്ല. ഇത് സംബന്ധിച്ച് അനുമതി ഉത്തരവ് ലഭ്യമാക്കേണ്ടതാണ്.
4. 14.2.18 ലെ സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 7.2.25 പ്രകാരം, എസ്.എസ്.എൽ.സി പരീക്ഷ വിജയിച്ചവർ മുതൽ ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ള, തൊഴിൽതല്പരരായ എല്ലാവർക്കും അനുയോജ്യമായ തൊഴിൽ ലഭിക്കുന്നതുവരെ പരിശീലനം നല്കുന്നതിനുള്ള പദ്ധതിയെന്ന നിലയ്ക്കാണ് പദ്ധതി നടപ്പാക്കേണ്ടത്. വിദ്യാഭ്യാസ യോഗ്യതയും അഭിരുചിയും പരിഗണിച്ച് വിവിധ സർക്കാർ/പൊതു/സ്വകാര്യ സ്ഥാപനങ്ങൾ നടത്തുന്ന പരീക്ഷകളിലൂടെ തൊഴിൽ നേടാനുള്ള പരിശീലനമാണ് ഇതുകൊണ്ടുദ്ദേശിച്ചതെങ്കിലും പ്രത്യേക വിദ്യാഭ്യാസ യോഗ്യതയൊന്നും ആവശ്യമില്ലാത്ത ആഭരണനിർമ്മാണം അലങ്കാരത്തുന്നൽ ഫാബ്രിക്ക് പെയിന്റിങ്ങ് പോലുള്ള തൊഴിലുകളിലാണ് പിരിശീലനം നല്കിയത്. എന്നിരിക്കിലും പരിശീലനം ലഭിച്ചവർക്ക് തൊഴിലും സാമ്പത്തിക സ്വാശ്രയത്വവും ഉറപ്പവരുത്തിയതായും കാണുന്നില്ല. ആയതിനാൽത്തന്നെ 900000/- വികസനഫണ്ട് ചെലവഴിച്ച എന്നതിലുപരിയായി പ്രോജക്ട് ഫലപ്രാപ്തിയിലെത്തിയിട്ടില്ല.
6. ഹാജർപട്ടിക പ്രകാരം 11.11.18 മുതൽ 15.2.19 വരെയാണ് പരിശീലനം നടന്നത്. പരിശീലന വേളയിലോ ശേഷമോ പട്ടികവർഗ്ഗ വികസനം വർക്കിങ്ങ് ഗ്രൂപ്പ് പ്രോജക്ട് മോണിറ്റർ ചെയ്തതിന്റെ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

അപാകതകൾ സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറികൾക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ് ചെലവുതുക 1200000/- രൂപ ( 300000 + 900000) തടസ്സത്തിൽ വെക്കുന്നു.

**<u>1-17 സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഉപകരണങ്ങളാണ് ലഭ്യമാക്കിയതെന്ന് ടെക്നിക്കൽ സമിതി ഉറപ്പുവരുത്തിയിട്ടില്ല.</u>**

| | |
|---|---|
| പ്രോജക്ട് നം./പേര് | 775/20 (സ്പിൽ ഓവർ) തിക്കോടി മണ്ണ് പരിശോധന കേന്ദ്രത്തിൽ മൊബൈൽ ടെസ്റ്റിങ്ങ് ലാബ് |
| വകയിരുത്തൽ | 4500000/- (വികസനഫണ്ട്) |
| ചെലവ് | 4500000/- (ബിൽ നം. 4/30.7.19, ബിൽനം. 5/17.10.19) |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി.എക്സി.എഞ്ചിനീയർ (കൃഷി) |

പ്രോജക്ട് പ്രകാരം സജ്ജീകരിക്കേണ്ട ലാബ്, വാഹനം, അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ സ്പെസിഫിക്കേഷനുകൾ നിർണ്ണയിക്കുന്നതിനും സാങ്കേതിക നിർദ്ദേശങ്ങൾക്കുമായി രൂപീകരിച്ച ടെക്നിക്കൽ കമ്മിറ്റി ശുപാർശ ചെയ്ത സ്പെസിഫിക്കേഷനുകളുടെ അടിസ്ഥാനത്തിലാണ് ടെണ്ടർ ക്ഷണിച്ചത്. ഇ-ടെണ്ടറിൽ പങ്കെടുത്ത 2 കമ്പനികളിൽ കുറഞ്ഞ തുക 4490000/-(നിയമാനുസൃത നികുതികളടക്കം) ക്വാട്ട് ചെയ്ത M/S Elico Ltd, തെലങ്കാന എന്ന കമ്പനിയുമായി നിർവ്വഹണോദ്യോഗസ്ഥൻ 28.3.19ന് കരാർ വെച്ചു. വകയിരുത്തിയ തുകയിൽ ബാക്കിയുള്ള

10000 രൂപ, ലാബിൽ ഒരുക്കേണ്ട അനുബന്ധ സാധനങ്ങൾ പ്രാദേശികമായി വാങ്ങിയിട്ടുണ്ട്. ചെലവു വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | വാങ്ങിയ സ്റ്റോർ വിവരം | ഇൻവോയ്സ് നം./തീയ്യതി | വിതരണ സ്ഥാപനം | നികുതികളടക്കം വില |
|---|---|---|---|---|
| 1 | മൊബൈൽ സോയിൽ ടെസ്റ്റിങ്ങ് ലാബ് വിത്ത് ആൾ ഏക്സസറീസ് | S1/ID/AT/01026 /30.3.19 | M/S Elico Ltd, തെലങ്കാന | 33,70,000 |
| 2. | Eicher 10.75EF/L Cowl/On 355mm Wheel Base With ABS-BSN Chasis | S1/ID/AT/01025 /30.3.19 | M/S Elico Ltd, തെലങ്കാന | 11,20,000 |
| 3. | വാക്വം ക്ലീനർ | 701/29.8.19 | ഏലിയാട്ട് ബിസിനസ് കോഴിക്കോട് | 2874 |
| 4. | ഹെവിമാറ്റ് റബ്ബർ ബാക്ക് - 3ഫീറ്റ് | 282/19-20/23.9.19 | കംഫർട്ട് റെക്സിൻ ഫർണിഷിങ്ങ്, കോഴിക്കോട് | 3328 |
| 5. | ബാർ സ്റ്റൂൾ (റിവോൾവിങ്ങ്) | 59/31.8.19 | ഫെതർലൈൻ ഫർണിച്ചർ | 3798 |
| | ആകെ | | | 45,00,000 |

മൊബൈൽ സോയിൽ ടെസ്റ്റിങ്ങ് ലാബ് സ്ഥാപിച്ചതുമായി ബന്ധപ്പെട്ട് താഴെ ചേർത്ത അപാകതകൾ ശ്രദ്ധയിൽപ്പെടുത്തുന്നു.

1. വിതരണം ചെയ്യേണ്ട ലാബിന്റെയും വണ്ടിയുടെയും അനുബന്ധ ഉപകരണങ്ങളുടെയും സ്പെസിഫിക്കേഷനുകൾ സപ്ലൈ ഓർഡറിലും കരാറിൽ അനുബന്ധം 1 ആയും ചേർത്തിട്ടുണ്ട്. ടെണ്ടററുടെ ടെക്നിക്കൽ ബിഡ് നിർവ്വഹണോദ്യോഗസ്ഥനും ടെക്നിക്കൽ കമ്മിറ്റിയും പരിശോധിച്ച് ഉറപ്പുവരുത്തിയതായി 22.2.19 ലെ ടെക്നിക്കൽ കമ്മിറ്റി മിനുട്സ് പ്രകാരം കാണുന്നു. എന്നാൽ വിതരണം ചെയ്യപ്പെട്ട മേൽ ഉപകരണങ്ങൾ സപ്ലൈ ഓർഡർ/ കരാറിൽ വ്യവസ്ഥ ചെയ്യപ്പെട്ട സ്പെസിഫിക്കേഷനുകൾ പ്രകാരം തന്നെയെന്ന് ടെക്നിക്കൽ കമ്മിറ്റി പരിശോധിച്ച് ഉറപ്പാക്കിയതായുള്ള റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. ഉപകരണങ്ങളുടെ ഗുണനിലവാരം, സ്പെസിഫിക്കേഷനുകൾ സംബന്ധിച്ച് സാങ്കേതിക സമിതിയുടെ സൂക്ഷ്മ പരിശോധനയ്ക്ക് ശേഷം മാത്രമെ വില നല്കൂ എന്ന് കരാറിൽ വ്യവസ്ഥചെയ്തിട്ടുള്ളതുമാണ്.

3. കരാർവ്യവസ്ഥ ക്രമ നം.13 പ്രകാരം രണ്ട് ജീവനക്കാർക്ക് യൂണിറ്റിന്റെ പ്രവർത്തനം, മെയിന്റനൻസ് സംബന്ധിച്ച പരിശീലനം വിതരണ സ്ഥാപനം നല്കേണ്ടതാണ്. ആയത് ലഭ്യമാക്കിയതിന്റെ വിവരം ലഭ്യമല്ല.

4. പ്രോജക്ട് പ്രകാരം വാങ്ങി തിക്കോടി അസി. സോയിൽ കെമിസ്റ്റിന്കൈമാറിയ ലാബ്, അനുബന്ധ ഉപകരണങ്ങൾ എന്നിവ ടൂൾസ് ആന്റ് പ്ലാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല. (എന്നാൽ തിക്കോടിയിലെ ലാബ് കാര്യാലയത്തിൽ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ട്. )

5. കൃഷി, അനുബന്ധ മേഖലകളും (മണ്ണ്, ജലസംരക്ഷണം, ജലസേചനം, പരിസ്ഥിതി, വനവൽക്കരണം) വർക്കിങ്ങ് ഗ്രൂപ്പ് പ്രൊജക്ട് നിർവ്വഹണം, ലാബിന്റെ പ്രവർത്തനം എന്നിവ മോണിറ്ററിങ്ങ് നടത്തിയിട്ടില്ല.

ശാസ്ത്രീയമായ കൃഷിരീതികൾ അവലംബിക്കുക വഴി കൃഷിചെലവ് കുറക്കാനും ഉൽപാദന വർദ്ധനവ് ഉറപ്പാക്കാനും സഹായിക്കും എന്നതിനാൽത്തന്നെ, ജില്ലയിലെ എല്ലാ പ്രദേശങ്ങളിലെയും കർഷകർക്ക് മണ്ണ് പരിശോധന സൗകര്യം ലഭ്യമാകുന്നു എന്നുറപ്പു വരുത്തുന്നതിന് കൃഷി വർക്കിങ്ങ് ഗ്രൂപ്പിന്റെ കാലികമായ മോണിറ്ററിങ്ങ് ഉറപ്പുവരുത്തേണ്ടതാണ്

മേൽ അപാകതകൾ സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും ക്യാമ്പുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും കൂടുതൽ കർഷകരിൽ ലാബിന്റെ പ്രയോജനം ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-18 വിനിയോഗ വിവരം ലഭ്യമാക്കിയില്ല

വിവിധ നിർവഹണോദ്യോഗസ്ഥൻമാർ നടപ്പാക്കിയ താഴെ ചേർത്ത പ്രോജക്ടുകൾ പ്രകാരം, ഫണ്ട് ലഭിച്ച സ്ഥാപനങ്ങളിൽ നിന്ന് വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം. | നിർവ്വഹണോദ്യോഗസ്ഥന്റെ പേര് | പ്രോജ. നം. | പ്രോജക്ടിന്റെ പേര് | തുക ലഭിച്ച സ്ഥാപനം | തുക | അഭിപ്രായം |
|---|---|---|---|---|---|---|
| 1 | സെക്രട്ടറി | 283/20 | വജ്ര ജൂബിലി ഫെലോ ഷിപ്പ് | പന്തലായനി ബ്ലോക്ക് പഞ്ചായത്ത് | 30000 | ബിൽനം. 22/20.11.19 |
| 2 | | ടി | ടി | പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് | 168000 | ടി |
| 3 | | ടി | ടി | മേലടി ബ്ലോക്ക് പഞ്ചായത്ത് | 28000 | ടി |
| 4. | | ടി | ടി | കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് | 216000 | ടി |
| 5 | | ടി | ടി | കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്ത് | 192000 | ടി |
| 6 | | ടി | ടി | കോഴിക്കോട് ബ്ലോക്ക് പഞ്ചായത്ത് | 40000 | ടി |
| 9 | | 1/20 | സ്നേഹ സ്പർശം | സ്നേഹസ്പർശം കിഡ്നി പേഷ്യന്റ്സ് വെൽഫെയർ സൊസൈറ്റി | 2500000 | 2/20.11.19 |
| 10 | | 1040/20 | അന്താരാഷ്ട്ര കയാക്കിങ്ങ് മത്സരം | സെക്രട്ടറി, ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ | 194275 | ചെക്ക് നം. 5094647/ 28.1.2020 ആകെ 500000 രൂപ നല്കി യതിൽ 305725/- രൂപയുടെ ചെലവു |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | വിവരം ലഭ്യമാക്കി. |
| | | | | സെക്രട്ടറി (ആകെ) | 3368275 | |
| 11 | സാമൂഹ്യനീതി ഓഫീസർ | 524/20 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വർക്ക് സ്കോളർ ഷിപ്പ് | വിവിധ ഗ്രാമ പഞ്ചായത്തുകൾ (പേരുവിവരം ലഭ്യമല്ല) | 23346155 | |
| 12 | കുടുംബശ്രീ ജില്ലാമിഷൻ കോർഡിനേറ്റർ | 545/20 | ആശ്രയ പദ്ധതി ഫണ്ട് കൈമാറൽ | കുരുവട്ടൂർ, പെരുമണ്ണ, കക്കോടി, നരിപ്പറ്റ, അഴിയൂർ, പുറമേരി, കൂരാച്ചുണ്ട്, നടുവണ്ണൂർ, പുതുപ്പാടി, ഒളവണ്ണ, | 1000000 | ഓരോ ലക്ഷം വീതം ബിൽ 16085/ 28.05.19 |

വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്. ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

**1-19 വജ്രജൂബിലി ഫെലോഷിപ്പ് - ചെലവുവിവരങ്ങൾ പൂർണ്ണമായി ലഭിച്ചില്ല.**

| | |
|---|---|
| പ്രോജ. നം. | 283/20 |
| വകയിരുത്തൽ | 1344000/- |
| ചെലവ് | 956000/- |
| നിർവ്വഹണം | സെക്രട്ടറി |

കേരളത്തിന്റെ സാംസ്കാരിക ഉന്നതി പരിപോഷിപ്പിക്കുന്നതിനും പുതുതലമുറയിൽപ്പെട്ട കുട്ടികളിലും യുവാക്കളിലും കലാഭിമുഖ്യം ഉണർത്തുന്നതിനും കലാവിഷയങ്ങളിൽ യോഗ്യത നേടിയ യുവാക്കളെ പ്രോത്സാഹിപ്പിക്കുന്നതിന് സംസ്ഥാന സാംസ്കാരിക വകുപ്പ്, ത.സ്വ.ഭ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ നടപ്പാക്കി വരുന്ന പദ്ധതി എന്ന നിലയിൽ ഫെലോഷിപ്പ് തുകയായി സാംസ്കാരിക വകുപ്പ് നല്കുന്ന തുകയ്ക്ക് പുറമെ അധിക തുക തെരഞ്ഞെടുക്കപ്പെടുന്ന കലാകാരൻമാർക്ക് നല്കുകയാണ് ഈ പ്രോജക്ട് ലക്ഷ്യമാക്കിയത്. 2019-20 വർഷം, പ്രോജക്ട് പ്രകാരം ആകെ 956000/- രൂപ ജില്ലയിലെ ബ്ലോക്ക് പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ട്. പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ ചേർത്ത കാര്യങ്ങളിൽ മറുപടി/ ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കേണ്ടതാണ്.

1. സുലേഖ ചെലവു പത്രികയിൽ ആകെ 956000/-രൂപ വിവിധ ബ്ലോക്ക് പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ 830000/- രൂപയുടെ ചെലവുവിവരങ്ങളാണ് ഓഡിറ്റിൽ ലഭ്യമാക്കിയത്. (ബിൽ സമ്പ്രദായ പ്രകാരം 674000 രൂപയും അലോട്ട്മെന്റ് രീതിയിൽ 156000 രൂപയും) ബാക്കി 126000/- രൂപയുടെ ചെലവു വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.
2. ആകെ ചെലവായ 956000 രൂപയിൽ, 674000/- രൂപ ബിൽ സമ്പ്രദായ പ്രകാരമാണ് ബ്ലോക്ക് പഞ്ചായത്തുകൾക്ക് കൈമാറിയത്. (ബിൽ നം.22/20.11.19). സംയുക്ത പ്രോജക്ടുകളിൽ ഒരു ത.സ്വ.ഭ.വ സ്ഥാപനത്തിൽ നിന്ന് മറ്റൊരു ത.സ്വ.ഭ.സ്ഥാപനത്തിലേക്ക് തുക കൈമാറുന്നതിന് അലോട്ട്മെന്റ് സമ്പ്രദായം ആവിഷ്കരിച്ച പ്രകാരമാണ് ബാക്കി തുകകൾ കൈമാറിയത്.( ജി.ഓ.(പി)നം. 100/2018/ഫിൻ തീ. 3.7.18, ജി.ഒ(പി) നം. 132/2018/ഫിൻ തീ.16.8.18) അലോട്ട്മെന്റ് രീതിയിൽ തുക കൈമാറിയത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാകുന്ന സാംഖ്യ വെബ് രേഖകൾ/ട്രഷറി ഇ-ബിൽ അല്ലെങ്കിൽ പ്രോജക്ട് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ തീയ്യതി ക്രമത്തിൽ പ്രോജക്ടിനായി ചെലവഴിക്കുന്ന തുകയുടെ വിവരങ്ങളുടെ കൃത്യത ഉറപ്പുവരുത്താൻ സാധിക്കാത്ത സ്ഥിതിയുണ്ട്.

3. അധിക ഫെലോഷിപ്പ് തുകയ്ക്ക് അർഹരാകുന്ന കലാകാരൻമാരുടെ എണ്ണം, പേരുവിവരങ്ങൾ, നിരക്ക് എതൊക്കെ മാസങ്ങളിലെ വിഹിതം തുടങ്ങിയ കാര്യങ്ങൾ നിരീക്ഷിക്കുന്നതിനുള്ള രജിസ്റ്റർ ലഭ്യമാക്കേണ്ടതാണ്. കൊടുവള്ളി, കുന്ദമംഗലം, കോഴിക്കോട്, ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്തുകൾ തുക ആവശ്യപ്പെട്ടുകൊണ്ടുള്ള കത്തുകളിൽ ഇത്തരം വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. പ്രത്യേക രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലെങ്കിൽ ഇക്കാര്യങ്ങൾ നിരീക്ഷിക്കപ്പെടുന്നത് എങ്ങിനെയെന്ന് വ്യക്തമാക്കേണ്ടതാണ്. (പന്തലായനി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, അലോട്ട്മെന്റ് ആവശ്യപ്പെട്ടുകൊണ്ടുള്ള 30.7.19, 5.2.2020 തീയതികളിലെ രണ്ട് കത്തുകളിലും 2019 ജൂൺ മാസത്തെ വിഹിതം ആവശ്യപ്പെട്ടിട്ടുണ്ട്).

ക്രമ നം.1 ലെ പരാമർശ പ്രകാരമുള്ള 126000/- രൂപയുടെ ചെലവു വിശദാംശങ്ങൾ, ബിൽ സമ്പ്രദായ പ്രകാരം ബ്ലോക്കുകൾക്ക് കൈമാറിയ 674000/- രൂപയുടെ വിനിയോഗവിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്. ബിൽ സമ്പ്രദായ പ്രകാരം കൈമാറിയ തുകകളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ബ്ലോക്ക് പഞ്ചായത്ത് | അനുവദിച്ച തുക | ഫെലോഷിപ്പ് നല്കുന്ന കാലം |
|---|---|---|---|
| 1 | പന്തലായനി | 30000 | 2019 ഏപ്രിൽ, മെയ്, ജൂൺ |
| 2. | പേരാമ്പ്ര | 168000 | 2019 ഏപ്രിൽ മുതൽ 2020 മാർച്ച് വരെ |
| 3. | മേലടി | 28000 | 2019ഏപ്രിൽ മുതൽ ജൂലായ് |
| 4. | കൊടുവള്ളി | 216000 | കാലയളവ് ലഭ്യമല്ല |
| 5. | കുന്ദമംഗലം | 192000 | ടി |
| 6. | കോഴിക്കോട് | 40000 | 2 കലാകാരൻമാർക്കുള്ള തുക കണക്കാക്കി നല്കി. വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. |
| | ആകെ | 674000 | |

അപാകത സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവു തുക 956000/- രൂപയിൽ ഖണ്ഡിക 1-18 (ക്രമ നം. 1 മുതൽ 6 വരെ) തടസ്സത്തിൽ വെച്ച തുക 674000 രൂപ ഒഴിച്ച് ബാക്കി 282000 രൂപ തടസ്സത്തിൽ വെക്കുന്നു.

**1-20 എസ്.ഡി.സി മുഖേന വനിതകൾക്ക് വിവിധ തൊഴിൽ പരിശീലനം –തൊഴിൽ യൂണിറ്റുകളുടെ പ്രവർത്തനം നിരീക്ഷിക്കപ്പെടുന്നില്ല.**

നിർവ്വഹണം - സെക്രട്ടറി, ജില്ലാ പഞ്ചായത്ത്

വനിതകൾക്ക് തൊഴിൽ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ച പ്രോജക്ടുകൾ (1065/19(18-19), 636/20(19-20 സ്പിൽ ഓവർ) പ്രകാരം 2400000/- വികസന ഫണ്ടും 240100/- ഗുണഭോക്തൃ വിഹിതവും ഉൾപ്പെടെ ആകെ 2640100 രൂപ വകയിരുത്തിയതിൽ 2636346 രൂപ എസ്.ഡി.സി മുഖേന വനിതകൾക്കായി ചെലവഴിച്ചിട്ടുണ്ട്.

(2400000 വി.ഫണ്ട് + 236346 ഗുണഭോക്തൃ വിഹിതം) 1813000 രൂപയാണ് കോഴ്സ് ഫീ ഇനത്തിൽ സ്കിൽ ഡവലപ്മെന്റ് സെന്ററിന് നല്കിയിട്ടുള്ളത്. 39 വനിതകൾക്ക് ഐ.ടി മേഖലയിലെ വിവിധ തൊഴിലുകളിലും 31 പേർക്ക് ഫാഷൻ ടെക്നോളജി വിഭാഗത്തിലും എസ്.ഡി.സി യിൽവെച്ച് പരിശീലനം നല്കിയിട്ടുണ്ട്. 8തയ്യൽ യൂണിറ്റുകളും 7 ഐ.ടി അനുബന്ധ യൂണിറ്റുകളുമടക്കം ആകെ 15 തൊഴിൽ യൂണിറ്റുകൾ ജില്ലയിലെ വിവിധ ഭാഗങ്ങളിൽ രൂപീകരിച്ചു പ്രകാരം, ആവശ്യമായ തൊഴിൽ ഉപകരണങ്ങൾ ഗ്രൂപ്പ് ലീഡർമാർക്ക് വാങ്ങി വിതരണം ചെയ്യുകയും ലീഡർമാരിൽനിന്ന് ആയതിന്റെ വിനിയോഗം, സൂക്ഷിപ്പ് സംബന്ധിച്ച് സമ്മതപത്രം എഴുതി വാങ്ങുകയും ചെയ്തു.

തൊഴിൽ യൂണിറ്റുകൾ തുടങ്ങുന്നതിനുള്ള ഉപകരണങ്ങൾ, യന്ത്രങ്ങൾ എന്നിവ വാങ്ങി യൂണിറ്റുകൾക്ക് വിതരണം ചെയ്തവകയിൽ ആകെ 823346രൂപ ചെലവഴിച്ചു. (ഐ.ടി മേഖലയിലെ ഉപകരണങ്ങൾക്ക് 521500 രൂപയും ഫാഷൻ ടെക്നോളജി വിഭാഗം ഉപകരണങ്ങൾക്ക് 301846 രൂപയും) പ്രോജക്റ്റ് നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ ചേർത്ത അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. പതിമൂന്നാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ (സ.ഉ(കൈ)നം.22/2018/തസ്വഭവ തീ.14.2.18)പ്രകാരം ചുരുങ്ങിയത് 5 പേരെങ്കിലുമുള്ള (സ്ത്രീകൾ) സ്വയം തൊഴിൽ ഗ്രൂപ്പുകൾക്കാണ് സബ്സിഡി നല്കാവുന്നത്. എന്നാൽ ഫ്ലവേഴ്സ് ടൈലറിങ്ങ് യൂണിറ്റ് (4പേർ), ഹൈ ലുക്ക് (3പേർ), ന്യൂ ഫാഷൻ (3പേർ) ഒരുമ ടൈലറിങ്ങ് ആന്റ് ഫാഷൻ ഡിസൈനിങ്ങ് (4പേർ), ഫേമസ് ഫാഷൻ ടെക്നോളജി (3 പേർ), ബിസ്മി ടൈലറിങ ആന്റ് ഫാഷൻ ഡിസൈനിങ്ങ്(3പേർ), സുരഭി ഡിജിറ്റൽസ് (4 പേർ) എന്നിവയുടെ കാര്യത്തിൽ ഈ നിബന്ധന പാലിക്കാതെ ആനുകൂല്യം വിതരണം ചെയ്തതിന്റെ അടിസ്ഥാനം വ്യക്തമാക്കേണ്ടതാണ്.
2. 15 തൊഴിൽ യൂണിറ്റുകൾ ജില്ലയിലെ വിവിധ പ്രദേശങ്ങളിൽ ആരംഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഉപകരണങ്ങൾ വാങ്ങി വിതരണം ചെയ്തത്. ലീഡർമാർ സമർപ്പിച്ച സമ്മതപത്രത്തിൽ യൂണിറ്റിന്റെ പേരല്ലാതെ യൂണിറ്റുകൾ പ്രവർത്തനമാരംഭിച്ചത് എവിടെയെന്ന് വ്യക്തമാക്കുന്നില്ല. വിവിധ ഗ്രാമപഞ്ചായത്തുകളിൽ യൂണിറ്റുകൾ രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.
3. ഗ്രൂപ്പ് ലീഡർമാർ സമർപ്പിച്ച സമ്മതപത്രത്തിൽ, കൈമാറിയ ഉപകരണങ്ങൾ, യൂണിറ്റിന്റെ പൊതുലക്ഷ്യത്തിനായല്ലാതെ ഉപയോഗിക്കില്ലെന്നും ജില്ലാ പഞ്ചായത്ത്/സ്കിൽ ഡവ. സെന്റർ പ്രതിനിധികൾ യൂണിറ്റിന്റെ അഭിവൃദ്ധിക്ക് നല്കുന്ന നിർദ്ദേശങ്ങൾ പാലിക്കുന്നതാണെന്നും ഉറപ്പുനല്കിയിട്ടുണ്ട്. യൂണിറ്റ് ലീഡർമാരെ ഫോണിൽ ബന്ധപ്പെട്ടപ്പോൾ പല യൂണിറ്റുകളും നിർജ്ജീവാവസ്ഥയിലാണെന്ന് വ്യക്തമായിട്ടുണ്ട്. യൂണിറ്റുകളുടെ പ്രവർത്തന പുരോഗതി, സാമ്പത്തിക സ്വാശ്രയത്വം, അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ, പരിഹാരനടപടികൾ എന്നിവ വിലയിരുത്തുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നല്കുന്നതിനും സ്വീകരിച്ച നടപടി വിവരം, ഓരോ യൂണിറ്റിന്റെയും നിലവിലെ അവസ്ഥാ റിപ്പോർട്ട് സഹിതം ലഭ്യമാക്കേണ്ടതാണ്.
4. പ്രോജക്റ്റ് റിപ്പോർട്ടിലെ ക്രമ നം. ഇ- 31(1) ഭാഗത്ത് പ്രധാന ചെലവ് ഘടകങ്ങൾ ഇനം തിരിച്ച് ഉൾപ്പെടുത്താതെയാണ് പ്രോജക്റ്റിന് രൂപം നല്കിയിട്ടുള്ളത്. പ്രോജക്റ്റിനാവശ്യമായ തുക വകയിരുത്തിയതിന്റെ അടിസ്ഥാനം വ്യക്തമല്ല. ആവശ്യമായ പഠനങ്ങൾ/മുന്നൊരുക്കങ്ങൾ നടത്താതെ തുക വകയിരുത്തുകയും സ്കിൽ ഡവലപ്മെന്റ് സെന്റർ നല്കുന്ന സാമ്പത്തിക വിശകലനത്തിന്റെ അടിസ്ഥാനത്തിൽ തുക കൈമാറുകയാണ് ചെയ്തിട്ടുള്ളത്.

അപാകതകൾ സംബന്ധിച്ച് വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്. ആകെ ചെലവു തുക 24,00,000/- രൂപ (വികസന ഫണ്ട്) തടസ്സത്തിൽ വെക്കുന്നു.

**<u>1-21 കൊയിലാണ്ടി ഗവ. കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട് കെട്ടിടവാടക - കെട്ടിട വാടകരജിസ്റ്റർ, കെട്ടിട ഉടമയുമായുണ്ടാക്കിയ വാടക കരാർ എന്നിവ ലഭ്യമാക്കിയില്ല.</u>**

ജില്ലാ പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ഗവ.കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട്, പ്രവർത്തിക്കുന്ന കൊയിലാണ്ടി നഗരസഭയിലെ 19/274എ, ബി,സി കെട്ടിടങ്ങളുടെ വാടക കുടിശ്ശികയിനത്തിൽ പ്രോജ. നം. 1039/20 പ്രകാരം 338830/- രൂപയും, തൻവർഷ വാടകയിനത്തിൽ 150/20നം. പ്രോജക്റ്റ് പ്രകാരം 387030/- രൂപയും സംരക്ഷണഗ്രാന്റ് (റോഡിതരം) ചെലവഴിച്ചതിൽ താഴെ കൊടുത്ത അപാകതകൾ കാണുന്നു.

1. പൊതുമരാമത്ത് വകുപ്പ് എക്സി. എഞ്ചിനീയരുടെ 8.3.19ലെ 10/18-19 നം. വാടക സർട്ടിഫിക്കറ്റ് പ്രകാരം, 4.3.17 മുതൽ വാടക 38703 രൂപയായി കണക്കാക്കിയിട്ടുണ്ട്. സൂപ്രണ്ട്, ജി.സി.ഐ യുടെ 10.3.19ലെ ജി.സി.ഐ.ക്യൂ 40/13-14 നം. കത്തിൽ 4.3.17മുതൽ 31.1.19 വരെ 25000/- രൂപ പ്രതിമാസവാടക നല്കി എന്ന് വ്യക്തമാക്കിയതിന്റെ അടിസ്ഥാനത്തിലാണ് 4.3.17 മുതൽ വാടക കുടിശ്ശിക കണക്കാക്കി നല്കിയത്. വാടക കുടിശ്ശിക/വാടക നല്കുന്നത് നിരീക്ഷിക്കുന്നതിനുള്ള വാടക രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
2. വർദ്ധിപ്പിച്ച വാടക, മുൻകാല പ്രാബല്യത്തോടെ അനുവദിക്കുന്നതിന് കെട്ടിടം ഉടമസ്ഥൻ നല്കിയ അപേക്ഷ, കെട്ടിടം ഉടമസ്ഥനുമായുണ്ടാക്കിയ കരാർ പകർപ്പ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. അപാകതകൾ സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവുതുക 725860/- രൂപ (338830 + 387030) തടസ്സത്തിൽ വെക്കുന്നു.

**<u>1-22 വിദ്യാർത്ഥികൾക്ക് പച്ചക്കറി കൃഷി - മുന്നൊരുക്കമില്ലാതെ പ്രൊജക്റ്റ് രൂപീകരണവും നിർവ്വഹണവും</u>**

| | |
|---|---|
| പ്രോജ.നം. | 321/20 |
| | |

| | |
|---|---|
| വകയിരുത്തൽ | 1000000/- (വികസന ഫണ്ട്) |
| ചെലവ് | 19595/- ബിൽ നം. 5/31.3.2020, 6/31.3.2020 |
| നിർവ്വഹണം | കൃഷി അസി.ഡയറക്ടർ |

നൂതന രീതിയിൽ പച്ചക്കറികൃഷി നടത്തുന്നത് വിദ്യാർത്ഥികളെ പരിചയപ്പെടുത്തുക, സ്കൂളുകളിൽ പച്ചക്കറി ഉൽപാദനത്തിൽ സ്വാശ്രയത്വം കൈവരിക്കുക എന്നിവ ലക്ഷ്യം വച്ചുകൊണ്ട്, ജില്ലയിലെ 40 സർക്കാർ ഹൈസ്കൂളുകൾ/ഹയർസെക്കണ്ടറി സ്കൂളുകളിൽ 100% സബ്സിഡിയോടെ നടപ്പാക്കാൻ പ്രോജക്ട് വിഭാവനം ചെയ്ത പദ്ധതിയാണിത്. ഗുണമേന്മയുള്ള വിവിധയിനം പച്ചക്കറി തൈകൾ നട്ടുപിടിപ്പിച്ച 100 ഗ്രോബാഗുകൾ വീതം തിരിനന സംവിധാനത്തിൽ 40 സ്കൂളുകളിൽ ഒരുക്കിക്കൊടുത്തത് പ്രകാരം ആകെ 948964 രൂപ വികസനഫണ്ട് (2019-20ൽ 19595രൂപയും 2020-21ലെ സ്പിൽ ഓവർ പ്രോജക്ട് (നം.921/21) പ്രകാരം 929369 രൂപയും) ചെലവഴിച്ചു. പ്രോജക്ട് രൂപീകരണം, നിർവ്വഹണം എന്നിവയുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1. 25000 രൂപ ചെലവിൽ 40 സ്കൂളുകളിൽ 200 ഗ്രോ ബാഗുകളിൽ തൈകൾ ഒരുക്കി തിരിനന സംവിധാനത്തിൽ ഒരുക്കുക എന്നായിരുന്നു ലക്ഷ്യമിട്ടതെങ്കിലും, നിർവ്വഹണഘട്ടത്തിൽ, ഗ്രോ ബാഗുകളും തൈകളും ഒരുക്കേണ്ട 4 സർക്കാർ കൃഷി ഫാമുകൾ അസൗകര്യം അറിയിച്ചതിനാലും തിരിനന സമ്പ്രദായം സ്കൂളുകളിൽ ഒരുക്കേണ്ട റെയ്ഡ്കോയുടെ എസ്റ്റിമേറ്റ് പ്രകാരം മേൽ ചേർത്ത രീതിയിലും നിരക്കിലും സംവിധാനം ഒരുക്കാൻ കഴിയില്ലെന്ന് ബോധ്യപ്പെട്ടതിനാലും പ്രോജക്ട് റിവൈസ് ചെയ്തു. പരിഷ്കരിച്ച പ്രോജക്ട് പ്രകാരവും 40 സ്കൂളുകളിലേക്കായി 100 ഗ്രോബാഗുകളിൽ വീതം പച്ചക്കറി തൈകൾ ഒരുക്കേണ്ടത് (ആകെ 4000 ഗ്രോബാഗുകൾ) ജില്ലാ പഞ്ചായത്തിന് കീഴിലുള്ള 4 കൃഷി ഫാമുകളാണെന്ന് വ്യക്തമാക്കിയിട്ടുണ്ടെങ്കിലും തിരിനന സംവിധാനത്തിനാവശ്യമായ സാധന സാമഗ്രികൾ ലഭ്യമാക്കൽ, സ്കൂളുകളിൽ സജ്ജീകരിച്ച് പ്രവർത്തനക്ഷമമാക്കൽ, തുടർ സംരക്ഷണം എന്നിവ സംബന്ധിച്ച് പ്രോജക്ടിൽ വിഭാവനം ചെയ്തിരുന്നില്ല. ഇക്കാരണത്താലുള്ള ആശയകുഴപ്പത്തിനിടെ ഏറെ വൈകി, നടത്തിപ്പിന് ദർഘാസ് ക്ഷണിക്കുകയും ആകെ 929369 രൂപയ്ക്ക് പദ്ധതി നടപ്പാക്കുന്നതിനുള്ള നിരക്കിന് അംഗീകാരത്തിനായി ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് പ്രിൻസിപ്പൽ കൃഷി ഓഫീസർ 12.02.2020 ൽ കത്ത് നല്കുകയും ചെയ്തു. വിശദമായ പഠനമോ മുന്നൊരുക്കങ്ങളോ ഇല്ലാതെ പ്രോജക്ടിന് രൂപം നല്കിയതു കാരണം, 6.9.2019ൽ ഡി.പി.സി അംഗീകാരം ലഭിച്ചിട്ടും ജനുവരി മാസത്തോടെ സ്കൂളുകളിൽ പ്രവർത്തനക്ഷമാക്കാമായിരുന്ന സംവിധാനം, മാർച്ച് പകുതിയിലേക്ക് അനിയന്ത്രിതമായി നീളുകയാണുണ്ടായത്. സ്കൂളുകൾ നല്കിയ സാക്ഷ്യപത്രങ്ങൾ പ്രകാരം 2020 മാർച്ച് പകുതി മുതൽ ജൂൺ പകുതി വരെയുള്ള കാലയളവിലാണ് സ്കൂളുകളിൽ തിരി നന സംവിധാനത്തിൽ 100 വീതം ഗ്രോബാഗുകൾ ഒരുക്കിക്കൊടുത്തത്.കോവിഡ് 19 പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി മാർച്ച് 24 മുതൽ സമ്പൂർണ്ണ ലോക്ക്ഡൗൺ നിലവിൽ വന്നതോടെ ആദ്യ വർഷം പോലും പച്ചക്കറി കൃഷി യാഥാർത്ഥ്യമാക്കാൻ സാധിച്ചില്ല.
2. സ്ഥാപിക്കപ്പെട്ട ഗ്രോബാഗുകളിൽ തുടർ വർഷങ്ങളിൽ കൃഷി ചെയ്യുന്നതിനാവശ്യമായ വിത്ത്/തൈ ലഭ്യമാക്കൽ, സംശയ നിവാരണം, മേൽനോട്ടം എന്നിവയ്ക്ക് സ്കൂളുകളുടെ പരിധിയിലുള്ള കൃഷിഭവനുകൾക്ക് പ്രിൻസിപ്പൽ കൃഷി ഓഫീസർ നിർദ്ദേശം നല്കിയിട്ടുള്ളതാണ്. തുടർ പ്രവർത്തനങ്ങൾ സംബന്ധിച്ച കൃഷി ഓഫീസർമാരുടെ റിപ്പോർട്ട്/ മോണിറ്ററിങ്ങ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയിട്ടില്ല.
3. പദ്ധതി ഫലപ്രദമായി നടപ്പാക്കുന്നതിന് സ്കൂൾ തലത്തിൽ അദ്ധ്യാപകരുടെയും താൽപര്യമുള്ള വിദ്യാർത്ഥികളുടെയും ഗ്രൂപ്പ് രൂപീകരിച്ച് പ്രവർത്തനം നടക്കേണ്ടിയിരുന്നെങ്കിലും കോവിഡ് 19 മഹാമാരിയെ തുടർന്ന് 2020 മാർച്ച് പകുതിക്ക് ശേഷം അടച്ചിട്ട സ്കൂളുകളുടെ പ്രവർത്തനം 2020 ഡിസംബർ ആയിട്ടും തുടങ്ങിയിട്ടില്ലാത്തതിനാൽ 948964 രൂപ വികസന ഫണ്ട് ചെലവഴിച്ച് നടപ്പാക്കിയ പ്രോജക്ടിന്റെ നിലവിലെ അവസ്ഥ, പച്ചക്കറി ഉൽപാദനം നടത്തിയിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച റിപ്പോർട്ട് എന്നിവ ലഭ്യമാക്കേണ്ടതാണ്. രേഖകൾ ഹാജരാക്കുന്നത് വരെ ചെലവു തുക 948964 രൂപ (19-20 ൽ 19595 + 20-21 ൽ 929369 രൂപ) തടസ്സത്തിൽ വെക്കുന്നു.

**1-23 ഗവ.ജില്ലാ ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് - ഹോംകോയിൽ മുൻകൂറായി അടച്ച മുഴുവൻ തുകയ്ക്കും മരുന്ന് ലഭ്യമായതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്.**

പ്രോജ. നം. 315/20 ൽ വകയിരുത്തിയ 1375000/- (സംരക്ഷണ ഗ്രാന്റ് റോഡിതരം) ഗവ.ജില്ലാ ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് ലഭ്യമാക്കുന്നതിന്, കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് (ഹോംകോ) മുൻകൂറായി നല്കിയിട്ടുണ്ട്. ബിൽ നം.1/06.11.19, 02/27.03.2020) ഓഡിറ്റിൽ ഹാജരാക്കിയ പ്രൊജക്ട് ഫയലിൽ ആകെ 313785 രൂപയുടെ മരുന്നുകൾ ലഭ്യമാക്കിയതിന്റെ രേഖകളാണുള്ളത്. (ഹോംകോയുടെ ഇൻവോയ്സ് നം. 1289/25.9.2020, 1289/25.9.2020 എന്നിവ പ്രകാരം യഥാക്രമം 120330രൂ +193455 രൂ

മരുന്നുകൾ) ബാക്കി 1061215/- രൂപയുടെ മരുന്നുകൾ ആശുപത്രിയിൽ ലഭിച്ചതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്. ചെലവുതുക 1061215/- രൂപ തടസ്സത്തിൽവെക്കുന്നു.

**1-24 എസ്.എസ്.എ പദ്ധതി രൂപീകരണം - ജില്ലാപഞ്ചായത്ത് പങ്ക് വഹിച്ചില്ല.**

പ്രൊജക്ട് നം. 433/20

നിർവ്വഹണം - ജില്ലാ ഡെ.ഡയറക്ടർ, പൊതു വിദ്യാഭ്യാസം

സമഗ്രശിക്ഷാ കേരളം (എസ്.എസ്.എ) ജില്ലാ പ്രോജക്ട് ഓഫീസറുടെ 25.6.19 ലെ സി/1807/2018/ എസ്.എസ്.എ നം.കത്ത് പ്രകാരം 2019-2020 വർഷത്തെ എസ്.എസ്.എ വിഹിതമായി ജില്ലാപഞ്ചായത്ത് നല്കേണ്ട തുക 4,64,27000/- രൂപയാണെങ്കിലും പ്രോജക്ട് പ്രകാരം, വകയിരുത്തിയ 1,50,00000/- രൂപ (വികസന ഫണ്ട് - ജനറൽ) ബിൽ നം. 2/6.9.19,9/ 7.2.2020 പ്രകാരം, എസ്.എസ്.എ ജില്ലാ പഞ്ചായത്ത് വിഹിതമായി ജില്ലാ പ്രോജക്ട് ഓഫീസർക്ക് കൈമാറിയിട്ടുണ്ട്. സ.ഉ(കൈ)നം.11/2018/ ത.സ്വ.ഭ.വ തീയതി 29.1.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 7.6(3) പ്രകാരം എസ്.എസ്.എ പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ ത.സ്വ.ഭ സ്ഥാപനം മുഖ്യപങ്ക് വഹിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ തൻവർഷം പ്രോജക്ട് രൂപീകരണത്തിൽ ജില്ലാപഞ്ചായത്തിന്റെ പങ്ക് വ്യക്തമാക്കുന്ന നിർദ്ദേശങ്ങളോ രേഖകളോ ലഭ്യമാക്കിയിട്ടില്ല. ജില്ലാ പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന സ്കൂളുകളിൽ എസ്.എസ്.എ മുഖേന നടപ്പാക്കേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ച് വിദ്യാഭ്യാസം ആരോഗ്യം വർക്കിങ്ങ് ഗ്രൂപ്പിൽ ചർച്ച നടത്തുകയോ ശുപാർശ ചെയ്യുകയോ ഉണ്ടായിട്ടില്ല. വിദ്യാഭ്യാസ മേഖലയിലെ വികസന പ്രവർത്തനങ്ങളിൽ ജില്ലാ പഞ്ചായത്തിന്റെ സൃഷ്ടിപരമായ പങ്ക് ഉറപ്പുവരുത്തേണ്ടതാണ്. നിലവിൽ എസ്.എസ്.എ പദ്ധതി രൂപീകരണത്തിൽ പങ്കുവഹിക്കുന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

**1-25 തീരദേശ ഗ്രാമപഞ്ചായത്തുകളിലെ മത്സ്യതൊഴിലാളികൾക്ക് വല – ഗ്രാമസഭകൾ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് ലഭ്യമാക്കിയില്ല.**

| | |
|---|---|
| പ്രോജക്ട് നം. | 157/20 |
| വകയിരുത്തൽ | 375000 (വികസന ഫണ്ട് )+ 375000 (ഗുണഭോക്തൃവിഹിതം) |
| ചെലവ് | 275000 വികസന ഫണ്ട് -<br>ബിൽ നം. (1/20.01.2020, 2/26.03.2020, 3/16.03.2020, 4/26.03.2020) |

മത്സ്യതൊഴിലാളികൾക്ക് ജീവനോപോധി ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 50% സബ്സിഡി, 50% ഗുണഭോക്തൃവിഹിതം എന്ന രീതിയിൽ 15 ഗുണഭോക്താക്കൾക്ക് 50000/- രൂപ വീതം വിലയുള്ള മത്സ്യബന്ധന വല മത്സ്യഫെഡ്, വ്യാസ സ്റ്റോർ കോഴിക്കോട് നിന്നും വാങ്ങി നല്കിയിട്ടുണ്ട്. തൻവർഷം, 375000/- ഗുണഭോക്തൃവിഹിതം ഇനത്തിലും 275000/- വികസന ഫണ്ടിനത്തിലും കൂടി ആകെ 650000/-രൂപയും വികസന ഫണ്ടിൽ ബാക്കിയുള്ള 100000/- രൂപ 2020-21 ലെ സ്പിൽഓവർ പ്രോജക്ട് പ്രകാരവും ചെലവഴിച്ചു. പ്രോജക്ട് നടപ്പാക്കിയതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കാര്യത്തിൽ അടിസ്ഥാനപരമായി ഗ്രാമസഭയാണ് ഗുണഭോക്താക്കളെ കണ്ടെത്തേണ്ടത്. (ജി.ഒ(പി)220/97/ത.സ്വ.ഭ.വ തീ 2.10.97, ജി.ഒ(പി) 181/98ത.സ്വ.ഭ.വ തീ. 2.9.1998) അതത് ഗ്രാമപഞ്ചായത്തുകൾ ഗ്രാമസഭ വഴി ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടത്തുകയും തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളുടെ പട്ടിക അംഗീകാരത്തിനായി ജില്ലാപഞ്ചായത്തിന് നല്കുകയും വേണം. എന്നാൽ പ്രോജക്ട് പ്രകാരം ഇത്തരത്തിൽ നടപടിക്രമങ്ങൾ പൂർത്തീകരിച്ചതായി കാണുന്നില്ല. വല ലഭിച്ചവരിൽ 13 പേർ ഒഞ്ചിയം ഗ്രാമപഞ്ചായത്തിലും 2 പേർ മൂടാടി ഗ്രാമപഞ്ചായത്തിലും പെട്ടവരാണ്. ആയത് പ്രകാരം അതത് ഗ്രാമപഞ്ചായത്തുകൾ അംഗീകരിച്ച നല്കിയ ഗുണഭോക്തൃ ലിസ്റ്റ് ലഭ്യമാക്കേണ്ടതാണ്.
2. ജില്ലയിൽ ചെങ്ങോട്ട്കാവ്, മൂടാടി, ഒഞ്ചിയം, അഴിയൂർ, ചോറോട്, കടലുണ്ടി, ചേമഞ്ചേരി, തിക്കോടി എന്നീ തീരദേശ പഞ്ചായത്തുകൾ ഉണ്ടായിരിക്കെ, മൂടാടി, ഒഞ്ചിയം, ചെങ്ങോട്ട്കാവ് എന്നീ 3 ഗ്രാമപഞ്ചായത്തുകളിൽപ്പെട്ട 32 ഗുണഭോക്താക്കളുടെ ലിസ്റ്റ് ജില്ലാപഞ്ചായത്തിന്റെ 28.11.19ലെ 3/3-87/19 നമ്പർ തീരുമാന പ്രകാരം അംഗീകരിക്കുകയും, ഒഞ്ചിയം, മൂടാടി ഗ്രാമപഞ്ചായത്തുകളിൽപ്പെട്ട 15 ഗുണഭോക്താക്കൾക്ക് മാത്രം ആനുകൂല്യം വിതരണം ചെയ്യാനിടയായതിന്റെ സാഹചര്യവും വ്യക്തമാക്കേണ്ടതാണ്.

അപാകത സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വികസന ഫണ്ടിനത്തിൽ ചെലവു ചെയ്ത 2,75,000/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-26 കാർഷികകർമ്മസേനകൾക്ക് യന്ത്രങ്ങൾ വാങ്ങൽ-അപാകതകൾ

| | |
|---|---|
| പ്രോജ. നം. | 1254/18-19, 628/19-20 (സ്പിൽഓവർ) |
| വകയിരുത്തൽ | 2700000/-(വി.ഫണ്ട്) 300000/- (ഗു.വിഹിതം)<br>ആകെ 3000000/- |
| ചെലവ് | 2693295 (വി.ഫണ്ട്) 2992550 (ഗു.വിഹിതം) |
| ബിൽ നം. | 17/11.3. 19/21.11.3.19, 01/10.5.19 |
| നിർവ്വഹണം | അസി.എക്സി.എഞ്ചിനീയർ (കൃഷി) |

ചാത്തമംഗലം, മൂടാടി, കക്കോടി കാർഷിക കർമ്മസേനകൾക്ക് യന്ത്രങ്ങൾ വാങ്ങുന്നതിന് 2018-19 ലെ 1254/19, 2019-20 ലെ 628/20 (സ്പിൽ ഓവർ) പ്രോജക്ടുകൾ പ്രകാരം ആകെ 2693295 രൂപ വികസന ഫണ്ടും 299255 രൂപ ഗുണഭോക്തൃ വിഹിതവും ചെലവഴിച്ചു. ടെണ്ടർ നടപടികളിലൂടെ റെയ്ഡ്കോ, കണ്ണൂർ, KAICO എന്നീ സ്ഥാപനങ്ങളിൽ നിന്ന് വാങ്ങി വിതരണം ചെയ്ത യന്ത്രങ്ങളുടെയും ഉപകരണങ്ങളുടെയും വിവരം താഴെ ചേർക്കുന്നു. (റെയ്ഡ്കോ കണ്ണൂർ ഇൻവോയ്സ് -1642, 1643, 1644/16.1.9, 2270, 2269,

2272/21.3.19, KAICO യുടെ 2/1165,2/1166/13.3.19 ഇൻവോയ്സുകൾ.)

| ക്രമ നം. | ചാത്തമംഗലം കാർഷിക കർമ്മസേന | മൂടാടി കാർഷിക കർമ്മസേന | കക്കോടി കാർഷിക കർമ്മസേന |
|---|---|---|---|
| 1 | ട്രാക്ടർ 45HP-4WD-JD5045 | മിനി ട്രാക്ടർ 36HP-JD3036E | മിനി ട്രാക്ടർ 36HP-JD3036E |
| 2. | ഫ്രണ്ട് ബംപർ | ഫ്രണ്ട് ബംപർ | ഫ്രണ്ട് ബംപർ |
| 3. | ടോപ്പ് ഹുഡ് വിത്ത് ROPS | ടോപ്പ് ഹുഡ് വിത്ത് ROPS | ടോപ്പ് ഹുഡ് വിത്ത് ROPS |
| 4. | കൾട്ടിവേറ്റർ 5Tine ഡക്ക് ഫൂട്ട് | കൾട്ടിവേറ്റർ 5Tine സ്പ്രിങ്ങ് ലോഡഡ് | കൾട്ടിവേറ്റർ 5Tine സ്പ്രിങ്ങ് ലോഡഡ് |
| 5. | പോസ്റ്റ് ഹോൾ ഡിഗ്ഗർ | റോട്ടവേറ്റർ 30ബ്ലേഡ് | റോട്ടവേറ്റർ 30ബ്ലേഡ് |
| 6. | ബെഡ് ഫോർമർ | ഹാഫ് കേജ് വീൽ സെറ്റ് | ഹാഫ് കേജ് വീൽ സെറ്റ് |
| 7. | പ്രഷർ വാഷർ | പ്രഷർ വാഷർ | പ്രഷർ വാഷർ |
| 8. | -- | റിഡ്ജർ | റിഡ്ജർ |
| 9. | -- | ഫുൾകേജ് വീൽ വിത്ത് സ്റ്റാന്റ് | ഫുൾകേജ് വീൽ വിത്ത് സ്റ്റാന്റ് |
| 10 | -- | ഗ്രീസ് പമ്പ് | ഗ്രീസ് പമ്പ് |

മേൽ ചേർത്ത പ്രകാരം, ചാത്തമംഗലം കർമ്മസേനയ്ക്ക് 1000250 രൂപ, മൂടാടി, കക്കോടി കർമ്മസേനകൾക്ക് 996150രൂപ വീതം വിലയുള്ള യന്ത്രങ്ങളും ഉപകരണങ്ങളുമാണ് വാങ്ങി വിതരണം ചെയ്തത്. പ്രൊജക്ട് ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1. 13ാം പഞ്ചവത്സരപദ്ധതി സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ) നം.22/2018 തസ്വഭവ തീയ്യതി 14.2.18 പ്രകാരം കാർഷിക കർമ്മസേനകൾക്ക് യന്ത്രങ്ങൾ കൈമാറുമ്പോൾ കൈമാറിയ യന്ത്രങ്ങൾ ശരിയായി സംരക്ഷിക്കുമെന്നും പൊതു കാർഷികാവശ്യത്തിനു മാത്രമെ ഉപയോഗിക്കു എന്നും സ്വകാര്യ വ്യക്തികൾ ഈടാക്കുന്നതിനേക്കാൾ 20 ശതമാനം കുറഞ്ഞ വാടകനിരക്കിൽ കർഷകർക്ക് ലഭ്യമാക്കും എന്നും കരാർ വ്യവസ്ഥ വേണം. മാത്രമല്ല യന്ത്രങ്ങളുടെ ഉടമസ്ഥത കൃഷി ഓഫീസറും കൈവശാവകാശം സമിതിക്കുമായിരിക്കും. എന്നാൽ യന്ത്രങ്ങൾ ലഭിച്ച 3 കർമ്മസേനകളുമായുണ്ടാക്കിയ കരാർ, യന്ത്രങ്ങളുടെ ഉടമസ്ഥത, കൈപ്പറ്റു വിവരം എന്നിവ സംബന്ധിച്ച രേഖകളൊന്നും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. യന്ത്രങ്ങളുടെ സൂക്ഷിപ്പ്, വിനിയോഗം, പരിപാലനം, വാടകയ്ക്ക് നല്കൽ തുടങ്ങിയവയൊന്നും മോണിറ്റർ ചെയ്യപ്പെട്ടിട്ടില്ല.

2. പ്ലാന്റ്സ് ആന്റ് ടൂൾസ് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3. കൃഷി വർക്കിങ്ങ് ഗ്രൂപ്പ് പ്രൊജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട് ഒരു ഘട്ടത്തിലും മോണിറ്ററിങ്ങ് നടത്തിയിട്ടില്ല.

അപാകതകൾ സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആവശ്യമായ രേഖകൾ ലഭ്യമാക്കാത്തതിനാൽ ചെലവുതുക 2693295/- രൂപ (വികസന ഫണ്ട് ) തടസ്സത്തിൽ വെക്കുന്നു.

**1-27 ഡയാലിസിസ് കേന്ദ്രത്തിന് കൺസ്യൂമബിൾസ് വാങ്ങി നല്കൽ - സർക്കാർ അനുമതി ലഭ്യമാക്കേണ്ടതാണ്.**

വൃക്ക രോഗികൾക്ക് സൗജന്യ ഡയാലിസിസ് സൗകര്യം ഒരുക്കുന്നതിന് ബഹുജന പങ്കാളിത്തത്തോടെ ഫണ്ട് സമാഹരിച്ച് വടകര ജില്ലാ ആശുപത്രിയോട് ചേർന്ന് പ്രവർത്തിക്കുന്ന ഡയാലിസിസ് കേന്ദ്രത്തിന് പ്രോജക്ട് നം. 448/20 പ്രകാരം കൺസ്യൂമബിൾസ് വാങ്ങുന്നതിന് തൻവർഷം 9,99,987 രൂപ (ബിൽ നം. 1/26.12.2019) രൂപ വികസന ഫണ്ട് ചെലവഴിച്ചിട്ടുണ്ട്. കാരുണ്യ ഫാർമസി (972713 രൂപ), ട്രിനിറ്റി ഫാർമസ്യൂട്ടിക്കൽസ് (14546 രൂപ), ലൈഫ് കെയർ ഫാർമസ്യൂട്ടിക്കൽസ് (12728 രൂപ) തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും വിവിധ തീയതികളിൽ കൺസ്യൂമബിൾസ് നേരിട്ട് വാങ്ങിയതിന്റെ ബില്ലുകൾ ഓഡിറ്റിൽ ഹാജരാക്കിയിട്ടുണ്ട്.

കോഴിക്കോട് എസ്.ആർ.ഓ26.8.2014ൽ രജിസ്റ്റർ ചെയ്ത ഡീഡ് ഓഫ് മോഡിഫിക്കേഷൻ, ഡോക്യുമെന്റ് നം. 278ഓഫ് 2013, ബുക്ക് 4 ന്റെ പകർപ്പ് ഓഡിറ്റിൽ ലഭ്യമാക്കി. ആയത് പരിശോധിച്ചതിൽ ധന്വന്തരി ഡയാലിസിസ് നിധി (ഡിഡിഎൻ) (ട്രസ്റ്റ്) എന്ന പേരിൽ ഡോക്യുമെന്റ് നം.262 ഓഫ് 2013 ആയി കോഴിക്കോട് എസ്.ആർ.ഒ യിൽ രജിസ്റ്റർ ചെയ്താണ് ട്രസ്റ്റ് പ്രവർത്തനം നടത്തിവരുന്നത് എന്ന് കാണുന്നു. ആയത് പ്രകാരം, ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ചെയർമാനായും ജില്ലാപഞ്ചായത്ത് ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ചീഫ് കോ-ഓർഡിനേറ്ററായും, ബഹു.വടകര പാർലിമെന്റ് അംഗം, ചീഫ് പേട്രൺ, ബഹു.വടകര എം.എൽ.എ വൈസ് ചീഫ് പേട്രൺ ആയും ജില്ലാ ആശുപത്രി സൂപ്രണ്ട് ജന.കൺവീനറുമായി ആകെ 40 അംഗഭരണ സമിതിയാണ് ട്രസ്റ്റിനുള്ളത്. നിലവിൽ വടകര ജില്ലാ ആശുപത്രി കോമ്പൗണ്ടിലാണ് ഡയാലിസിസ് കേന്ദ്രം പ്രവർത്തിക്കുന്നത്.

ജില്ലാ ആശുപത്രിക്ക് കീഴിലല്ലാത്തതും പ്രത്യേക ട്രസ്റ്റ് ആയി രൂപീകരിച്ച് പ്രവർത്തിക്കുന്നതുമായ ധന്യന്തരി ഡയാലിസിസ് നിധി (ഡി.ഡി.എൻ) ക്ക് ജില്ലാപഞ്ചായത്തിന്റെ വികസന ഫണ്ട് വിനിയോഗിച്ച് കൺസ്യൂമബിൾസ് വാങ്ങുന്നതുൾപ്പെടെയുള്ള ധനസഹായം ലഭിക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമുണ്ട്. എന്നാൽ ട്രസ്റ്റിന്റെ നിയമാവലിയിൽ പ്രവർത്തന ചെലവിനാവശ്യമായ ഫണ്ട് കണ്ടെത്തുന്നതിന് ത.സ്വ.ഭ സ്ഥാപനങ്ങളെ ഒരു ധനസ്രോതസ്സായി ഉൾപ്പെടുത്തിയതിന്റെ വിവരമോ ആയതിന്റെ അടിസ്ഥാനത്തിൽ ഫണ്ട് അനുവദിക്കുന്നതിനുള്ള സർക്കാർ അനുമതി ഉത്തരവോ ലഭ്യമാക്കിയിട്ടില്ല. നിലവിൽ ഡയാലിസിസിന് സെന്ററിനെ ആശ്രയിക്കുന്ന രോഗികളുടെ എണ്ണം, മുൻവർഷങ്ങളിലുണ്ടായ ആവർത്തന ചെലവുകൾ, ട്രസ്റ്റിന്റെ പ്രവർത്തന ഫണ്ടിന്റെ ലഭ്യത എന്നിവ സംബന്ധിച്ച ഡാറ്റ, പ്രൊജക്ട് പ്രകാരമുള്ള ധന ആവശ്യകതാ നിർണ്ണയം നടത്തുന്നതിന് ഉപയോഗപ്പെടുത്തിയതായി കാണുന്നില്ല ആയതിനാൽ പ്രോജക്ട് റിപ്പോർട്ടിൽ കൺസ്യൂമബിൾസ് വാങ്ങൽ എന്നതിന് 20 ലക്ഷം രൂപ സംരക്ഷണഗ്രാന്റ് (റോഡിതരം) വകയിരുത്തുന്നതിനായി കണക്കാക്കിയത് എങ്ങിനെയെന്ന് വ്യക്തമല്ല. 20 ലക്ഷം വകയിരുത്തിയതിൽ 10 ലക്ഷത്തിനടുത്ത് മാത്രമെ തൻവർഷം ചെലവ് ചെയ്തിട്ടുള്ളൂ. വകയിരുത്തിയതിലെ ബാക്കി തുക തൻവർഷത്തെ മറ്റ് വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാൻ കഴിയാതെ ലാപ്സാകാനിടയായി. വടകര താലൂക്കിലെ തടക്കം നൂറു കണക്കിന് വൃക്കരോഗികൾക്ക് അങ്ങേയറ്റം ആശ്വാസകരവും ആരോഗ്യരംഗത്ത് മാതൃകാപരമായ പ്രവർത്തനം ലക്ഷ്യമാക്കി രൂപീകരിച്ചതുമാണ് ധന്വന്തരി ഡയാലിസിസ് നിധി ട്രസ്റ്റ് എന്നത് പരിഗണിക്കുന്നു. ജില്ലാ പഞ്ചായത്ത് ഫണ്ട് അനുവദിക്കുന്നത് സംബന്ധിച്ച സർക്കാർ അനുമതിഉത്തരവ് ലഭ്യമാക്കുന്നതുൾപ്പെടെയുള്ള മേൽ ചേർത്ത അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് വിഷയം ഭരണസമിതിയുടെ അടിയന്തര ശ്രദ്ധയിൽപ്പെടുത്തുന്നു.

**1-28 "ദക്രാഡിൽ "ലക്ഷ്യമിട്ട പ്രവർത്തനങ്ങൾ പൂർത്തീകരിച്ചില്ല.**

പ്രോജക്ട് നമ്പർ-1047/20

പ്രോജക്ടിന്റെ പേര്- ദക്രാഡിൽ (നൂതനം)

വകയിരുത്തിയ തുക-500,000/- (വികസനഫണ്ട് )

ചെലവ് തുക -500,000/- (Bill No:10630/25.10.19)

നിർവ്വഹണോദ്യോഗസ്ഥൻ-പ്രോഗ്രാം ഓഫീസർ, ജില്ലാ ഐ.സി.ഡി.എസ്.സെൽ

കോഴിക്കോട് ജില്ലയിലെ ഐ.സി.ഡി.എസിന്റെ സമഗ്ര വികസനത്തിനായി ജില്ലാ ഭരണകൂടവും, വനിത ശിശുവികസന വകുപ്പും, ജില്ലാ പഞ്ചായത്തും സംയുക്തമായി നടപ്പാക്കുന്ന ദ ക്രാഡിൽ എന്ന പദ്ധതിയിലേക്ക് ആവശ്യമായ പ്രവർത്തനങ്ങൾ നടത്തുന്നതിന് ജില്ലാ പഞ്ചായത്തിന്റെ വിഹിതം ഉപയോഗപ്പെടുത്തുന്നതിനാണ് ഈ പദ്ധതി. ജില്ലയിലെ സ്ത്രീകളുടെയും കുട്ടികളുടെയും ശാരീരിക മാനസിക ആരോഗ്യം മെച്ചപ്പെടുത്തുക, പ്രീ സ്കൂൾ കുട്ടികളുടെ പ്രായത്തിനും വികാസത്തിനും അനുയോജ്യമായ സൗകര്യങ്ങളും സാഹചര്യങ്ങളും സൃഷ്ടിച്ചുകൊണ്ട് അങ്കണവാടികളെ മെച്ചപ്പെട്ട ശിശുവികസന കേന്ദ്രങ്ങളാക്കി മാറ്റുക, കുട്ടികളുടെ ശേഷികൾ വിലയിരുത്തുന്നതിനുള്ള ആധുനിക സംവിധാനങ്ങൾ വികസിപ്പിക്കുക, അങ്കണവാടി സേവനങ്ങൾ ജനങ്ങളിലേക്കെത്തിക്കുന്നതിന് സഹായകമായ സൗകര്യങ്ങൾ വികസിപ്പിക്കുക, ഗർഭിണികളുടെയും കൗമാരക്കാരുടെയും ശാരീരിക മാനസിക അവസ്ഥ സ്വയം വിലയിരുത്തുന്നതിന് സഹായകമായ ടൂൾസ് വികസിപ്പിക്കുക, അങ്കണവാടി പ്രവർത്തകർ, സ്കൂൾ കൗൺസിലർമാർ എന്നിവരുടെ ശേഷി വർദ്ധിപ്പിക്കുക തുടങ്ങിയവയാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ.

മേൽ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി ആവശ്യമായ ടൂൾസ് വികസിപ്പിക്കുക, പ്രവർത്തകർക്ക് പരിശീലനം നൽകുക, ഐ.സി.ഡി.എസിന്റെ നാളിതുവരെയുള്ള പ്രവർത്തനങ്ങളെകുറിച്ച് സ്ഥിതിവിശകലനം നടത്തുക എന്നിവയാണ് പദ്ധതിയിൽ അടങ്ങിയിട്ടുള്ള പ്രവർത്തനങ്ങൾ.

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് അസസ്മെന്റ് ടൂൾസ് ഡെവലപ്പ് ചെയ്യുന്നതിന് ഇംഹാൻസിനെ ചുമതലപ്പെടുത്തുകയും അവരുമായി ഒപ്പുവെച്ച എം.ഒ.യു. പ്രകാരം 10 ലക്ഷം രൂപ നിർവ്വഹണ ഏജൻസി ഇംഹാൻസിൽ അടവാക്കേണ്ടതുമുണ്ട്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട അസസ്മെന്റ് ടൂൾസ് ഡെവലപ്പ് ചെയ്യുന്നതിന് ഇംഹാൻസിന് നൽകേണ്ട 10 ലക്ഷം രൂപ പോലും പ്രോജക്ടിൽ വകയിരുത്തിയിട്ടില്ല.
2. ഇംഹാൻസ് ഡയറക്ടറുടെ 10.02.2020 ലെ 198/2019 നമ്പർ കത്ത് പ്രകാരം രണ്ടാം ഗഡുവായി 5 ലക്ഷം രൂപ അടവാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും ഇതുവരെയും അടവാക്കിയിട്ടില്ല.
3. ഇംഹാൻസുമായി ഒപ്പുവെച്ച എം.ഒ.യു. പ്രകാരം പ്രോജക്ട കാലാവധി 31.07.2020 ന് അവസാനിക്കേണ്ടതാണ്. എന്നാൽ ഇതുവരെയും അസസ്മെന്റ് ടൂൾസ് ലഭ്യമാക്കിയിട്ടില്ല.
4. പ്രവർത്തകർക്ക് പരിശീലനം നൽകുക, ഐ.സി.ഡി.എസിന്റെ നാളിതുവരെയുള്ള പ്രവർത്തനങ്ങളെകുറിച്ച് സ്ഥിതിവിശകലനം നടത്തുക തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തിയതായി കാണുന്നില്ല.

അപാകതകൾക്കുള്ള മറുപടിയും തുടർ പ്രവർത്തനങ്ങളെ സംബന്ധിച്ച റിപ്പോർട്ടും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ അന്വേഷണകുറിപ്പിന് (17/25.11.20) ലഭ്യമാക്കിയ മറുപടിയിൽ 2020-21 ൽ 5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടെന്നും അസ്സസ്മെന്റ് ടൂൾസ് ഇതുവരേയും ലഭ്യമായിട്ടില്ലെന്നും ടൂൾസ് ലഭിക്കാത്തതിനാലാണ് അങ്കണവാടി പ്രവർത്തകർക്ക് പരിശീലന പരിപാടികൾ സംഘടിപ്പിക്കാതിരുന്നതെന്നും അറിയിച്ചിട്ടുണ്ട്. അസ്സസ്മെന്റ് ടൂൾസ് ലഭ്യമാക്കി പദ്ധതി ലക്ഷ്യം പൂർത്തീകരിക്കാത്തതിനാൽ ചെലവുതുക 5 ലക്ഷം തടസ്സത്തിൽ വെക്കുന്നു.

**1-29 മാമ്പുഴ നവീകരണം -കുഴിച്ചെടുത്ത മണ്ണ് നീക്കം ചെയ്യാത്തതിനാൽ പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.**

കോഴിക്കോട് ബ്ലോക്ക് പഞ്ചായത്ത്, ഒളവണ്ണ ഗ്രാമപഞ്ചായത്ത്, പെരുമണ്ണ ഗ്രാമപഞ്ചായത്ത്, പെരുവയൽ ഗ്രാമപഞ്ചായത്ത് കോഴിക്കോട് ജില്ലാപഞ്ചായത്ത് എന്നിവ സംയുക്തമായി നടപ്പാക്കിയ പദ്ധതിയാണ് മാമ്പുഴ നവീകരണം. 1 കോടി 50 ലക്ഷം ചെലവ് കണക്കാക്കി നടപ്പാക്കിവരുന്ന പ്രോജക്ടിൽ ഓഡിറ്റ് വർഷം താഴെ കൊടുത്ത പദ്ധതികളാണ് ഉൾപ്പെട്ടിരുന്നത്. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി മുഖേന നിർവ്വഹണം ചെയ്ത തൻ വർഷത്തെ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനം | പ്രോജക്ട് നം/പേര് | നിർവ്വഹണം | അടങ്കൽ | ചെലവ് | റിമാർക്സ് |
|---|---|---|---|---|---|
| 1 | 811/19-20 (സ്പിൽ ഓവർ) മാമ്പുഴ നവീകരണം | എക്സിക്യൂട്ടീവ് എഞ്ചിനീയർ | 5100000/- (100000- തനത് ഫണ്ട്, 5000000- ബ്ലോക്ക് പഞ്ചായത്ത് വിഹിതം) | 2653876 | ഫൈനൽ ബിൽ നൽകി |

| | | | | | |
|---|---|---|---|---|---|
| 2 | 992/19-20 (സ്പിൽ ഓവർ) മാമ്പുഴ നവീകരണം മൂന്നാംഘട്ടം | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 4100000/- (100000- തനത് ഫണ്ട്, 4000000- (ഗ്രാമ പഞ്ചായത്ത് വിഹിതം) | 1154964 | പാർട്ട്ബിൽ നൽകി |
| 3 | 991/19-20 ( സ്പിൽ ഓവർ) മാമ്പുഴ നവീകരണം നാലാംഘട്ടം | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 3600000/- (100000- തനത് ഫണ്ട്, ഗ്രാമ പഞ്ചായത്ത് വിഹിതം- 350000) | 784344 | പാർട്ട്ബിൽ നൽകി |
| 4 | 584/19-20 (പുതിയത്) മാമ്പുഴ നവീകരണം രണ്ടാംഘട്ടം | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 3000000/- (പൊതു വിഭാഗം സാധാരണ വിഹിതം) | ഇല്ല | - |

പദ്ധതിയിൽ മാമ്പുഴയിലെ അടിഞ്ഞുകൂടിയ മണ്ണ് ചെളി മറ്റ് മാലിന്യങ്ങൾ എന്നിവ നീക്കം ചെയ്ത് ഒഴുക്ക് സുഗമമാക്കാനും കോരി മാറ്റുന്ന മണ്ണിൽ നിന്നുള്ള പ്ലാസ്റ്റിക്ക് ഉൾപ്പെടെയുള്ള അജൈവമാലിന്യങ്ങൾ തരംതിരിച്ച് പ്രസ്തുത മണ്ണ് സൗകര്യപ്രദമായ സ്ഥലത്തേക്ക് നീക്കം ചെയ്യുകയും ആവശ്യമായ ഇടങ്ങളിൽ വേലികെട്ടി പുഴയെ മാലിന്യ മുക്തമാക്കി സംരക്ഷിക്കുന്നതിനുമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാംഘട്ടം 3940 മീറ്ററിലും, രണ്ടാംഘട്ടം 2060 മീറ്ററിലും മൂന്നാംഘട്ടം 2000 മീറ്ററിലും നാലാംഘട്ടം 1000 മീറ്ററിലുമായി നാല് ഘട്ടങ്ങളായി എസ്റ്റിമേറ്റ് തയ്യാറാക്കിയാണ് പ്രവൃത്തി നടപ്പിലാക്കിയിരിക്കുന്നത്.

വിവിധ ഘട്ടങ്ങളിലെ പ്രവൃത്തിഫയൽ പരിശോധിച്ചതിൽ ഒന്നാം ഘട്ടത്തിൽ 13416 എംക്യൂബ് മണ്ണും, രണ്ടാം ഘട്ടത്തിൽ 7410 എംക്യൂബ് മണ്ണും, മൂന്നാംഘട്ടത്തിൽ 5955 എം ക്യൂബ് മണ്ണും നാലാംഘട്ടത്തിൽ 4213 എംക്യൂബ് മണ്ണും പുഴയിൽ നിന്നും നീക്കം ചെയ്തിട്ടുണ്ട്. 12-6-19ലെ എക്സിക്യൂട്ടീവ് എഞ്ചിനീയരുടെ ജില്ലാപഞ്ചായത്ത് സെക്രട്ടറിക്കുള്ള കത്തിൽ മാമ്പുഴ നവീകരണ പ്രവൃത്തി മൂന്ന് ഘട്ടം വരെ പൂർത്തിയായിട്ടുണ്ടെന്നും നീക്കംചെയ്ത മണ്ണ് നിലവിൽ പുഴയുടെ തീരത്താണ് നിക്ഷേപിച്ചിട്ടുള്ളതെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇതിൽ നിന്നും എല്ലാത്തരം മാലിന്യങ്ങളും വേർതിരിച്ച് പ്രത്യേക പായ്ക്കുകളിലാക്കി ശേഷിക്കുന്ന മണ്ണ് ലേലം ചെയ്യുന്ന നടപടികൾ നടന്നുകൊണ്ടിരിക്കുകയാണെന്നും എന്നാൽ പ്രസ്തുത മണ്ണ് നീക്കം ചെയ്യുന്നതിന് പ്രദേശവാസികൾ സമ്മതിക്കാത്ത സാഹചര്യമാണുള്ളതെന്നും അറിയിച്ചിട്ടുണ്ട്. ചില സ്ഥലങ്ങളിൽ മണ്ണ് അനുമതിയോട് കൂടിയല്ലാതെ തണ്ണീർതടങ്ങൾ നികത്തുന്നതിന് പ്രദേശവാസികൾ ഉപയോഗിച്ച് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് ഗ്രാമപഞ്ചായത്ത് അധികാരികളുടെയും റവന്യൂ അധികാരികളുടെയും ശ്രദ്ധയിൽപ്പെടുത്തി പരിഹരിച്ചുതരണം എന്നും അറിയിച്ചിട്ടുണ്ട്.

എസ്റ്റിമേറ്റ് പ്രകാരം കരാറുകാരൻ പുഴയിൽ നിന്ന് കോരിമാറ്റുന്ന മണ്ണ് നീക്കം ചെയ്ത് സൂക്ഷിക്കുന്നതിനായി എം ക്യൂബിന് 160/- രൂപ നിരക്കിൽ തുക വകയിരുത്തിയിട്ടുണ്ടെങ്കിലും മണ്ണ് നീക്കം ചെയ്യൽ പ്രവൃത്തി നടത്താതെയാണ് ഒന്നാംഘട്ട പ്രോജക്ടിൽ കരാറുകാരന് ഫൈനൽ ബിൽ നൽകിയിട്ടുള്ളത്. പുഴയിൽ നിന്നും നീക്കം ചെയ്ത ചെളിയടക്കമുള്ള മണ്ണ് ഇരുകരകളിലായി നിക്ഷേപിച്ചത് നാളിതുവരെയായും നീക്കം ചെയ്തിട്ടില്ല എന്നതിനാൽ കാലവർഷത്തിൽ പുഴയിലേക്ക് തന്നെ ഒലിച്ചിറങ്ങി പദ്ധതി നിഷ്ഫലമാവുന്നതിനിടയുണ്ട്. കൂടാതെ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ള ആവശ്യമായ ഇടങ്ങളിൽ വേലികെട്ടി പുഴയിലേക്ക് മാലിന്യമെത്തുന്നത് തടയാനുള്ള നടപടികൾ ഒന്നും സ്വീകരിക്കാത്തതിനാൽ പുഴ വീണ്ടും മലിനമാകുന്നതിനും ഇടയാക്കും.

ഒന്നാംഘട്ട പ്രവൃത്തിയിൽ പുഴയിൽ നിന്ന് കോരിമാറ്റിയ മണ്ണിൽ നിന്നും പ്ലാസ്റ്റിക്ക് ഉൾപ്പെടെയുള്ള അജൈവമാലിന്യങ്ങൾ വേർതിരിച്ച പ്രവൃത്തിക്ക് 300 തൊഴിലാളികൾക്ക് 164517 രൂപ അനുവദിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ഐറ്റം നമ്പർ 1 ആയ കോരിമാറ്റുന്ന 18239 എംക്യൂബ് മണ്ണിൽ നിന്നും

അജൈവമാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായാണ് ഐറ്റം നമ്പർ 4 ആയി 300 തൊഴിലാളികൾക്ക് 548 രൂപ നിരക്കിൽ 164400 രൂപ അനുവദിക്കാവുന്നത്. എന്നാൽ എംബുക്ക് പ്രകാരം 13416 എംക്യൂബ് മണ്ണേ നീക്കം ചെയ്തിട്ടുള്ളൂ എന്നതിനാൽ ഐറ്റം നമ്പർ 4 ഇനത്തിൽ 220 തെഴിലാളികളെ ആവശ്യമായി വരികയുള്ളൂ. 80 തൊഴിലാളികൾക്ക് 548 രൂപനിരക്കിൽ 43840/- രൂപ കരാറുകാരന്, തൊഴിലാളികൾക്കുള്ള കൂലി, ഇനത്തിൽ അധികതുക അനുവദിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിനായി സൂപ്രണ്ടിംഗ് എഞ്ചിനീയർ നൽകിയ നിർദ്ദേശ പ്രകാരം സമയാസമയങ്ങളിൽ പ്രവൃത്തിയുടെ മസ്റ്റർ റോൾ തയ്യാറാക്കി എക്സിക്യൂട്ടീവ് എഞ്ചിനീയർ കൗണ്ടർ സൈൻ ചെയ്ത് തയ്യാറാക്കേണ്ടതാണ് എന്നാൽ ഡെയ്‌ലിലോഗ് റിപ്പോർട്ട് അടിസ്ഥാനത്തിലാണ് പ്രവൃത്തിക്ക് തൊഴിലാളികൾക്ക് കൂലി അനുവദിച്ചിരിക്കുന്നത്.

സ്പിൽ ഓവർ പദ്ധതികളായാണ് മൂന്ന്, നാല് ഘട്ട പദ്ധതികൾ നടപ്പിലാക്കിയതെങ്കിലും തൻ വർഷവും പദ്ധതി പൂർത്തീകരിച്ച് ഫൈനൽ ബിൽ നൽകാൻ കഴിഞ്ഞിട്ടില്ല. എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ മുഴവൻ നടത്താത്തതും കരാറുകാരന് നിരവധി തവണ പൂർത്തീകരണ സമയം നീട്ടി നൽകിയതും പദ്ധതി പൂർത്തീകരിക്കുന്നതിന് കാലതാമസം വരുത്തുകയും ഇത് കാരണം പദ്ധതി ലക്ഷ്യം കൈവരിക്കപ്പെടാതിരിക്കുന്നതിനുമിടയാക്കി. പദ്ധതി നടത്തിപ്പിലെ മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-48/27-2-21)ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതും ഒന്നാംഘട്ട പദ്ധതിയിൽ തൊഴിലാളി കൂലി ഇനത്തിൽ കരാറുകാരന് അധികം നൽകിയ 43840/- രൂപ കരാറുകാർക്കുള്ള പദ്ധതിയുടെ തുടർബില്ലിൽ നിന്നും കുറവ് വരുത്തി ക്രമീകരിക്കേണ്ടതുമാണ്.

**<u>1-30 വനിത തിയേറ്റർ ഗ്രൂപ്പ്-പദ്ധതി നടത്തിപ്പിലെ അപാകതകൾ</u>**

പ്രോജക്ട് നമ്പർ-642/20

വകയിരുത്തിയ തുക- 2700000/- (വികസന ഫണ്ട്)

800000/- (മറ്റുള്ളവ)

ബിൽ നമ്പർ-17717/28.5.19 തുക- 487300/-

നിർവ്വഹണോദ്യോഗസ്ഥൻ-കുടുംബശ്രീ ജില്ലാമിഷൻ കോർഡിനേറ്റർ

സാംസ്കാരിക രംഗത്ത് അഭിരുചിയുള്ള കുടുംബശ്രീ അംഗങ്ങളെ ഉൾപ്പെടുത്തി ഒരു തൊഴിൽസംരഭമെന്ന രീതിയിൽ തിയറ്റർ ഗ്രൂപ്പ് പ്രവർത്തന സജ്ജമാക്കുകയും ഇതുവഴി സ്ത്രീകൾക്ക് സുസ്ഥിരവരുമാനവും, സ്ത്രീകളുടെ സർഗാൽമകവും സാംസ്കാരികവുമായ കഴിവുകളെ പരിപോഷിപ്പിക്കുകയുമാണ് പദ്ധതി ലക്ഷ്യം. പ്രോജക്ട് നടത്തിപ്പിന്റെ സുതാര്യതയും പദ്ധതി ലക്ഷ്യം കൈവരിച്ചോയെന്നും താഴെകൊടുത്ത രേഖകൾ, രജിസ്റ്ററുകൾ എന്നിവയുടെ അഭാവത്തിൽ പരിശോധിച്ചുറപ്പിക്കാനായിട്ടില്ല.

1. പ്രാഥമിക സെലക്ഷൻ ക്യാമ്പിന്റെ വിശദാംശങ്ങൾ
2. വർക്കിംഗ് ഗ്രൂപ്പ് മിനുട്സ്, പ്രോജക്ട് രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, എന്നിവ
3. ക്യാമ്പിൽ പങ്കെടുത്തവർക്ക് ചായ, ലഘുഭക്ഷണം, ഊൺ എന്നിവ നൽകിയതിന് കരുണ കഫേ കുടുംബശ്രീ കേന്റീന് 129600/-രൂപ നൽകിയിട്ടുണ്ട്. എന്നാൽ എത്രപേർക്ക് എത്ര ദിവസമാണ് ഭക്ഷണം നൽകിയതെന്നോ ഓരോ ഇനത്തിന്റെയും വിലയോ രേഖപ്പെടുത്തിയിട്ടില്ല.
4. ക്യാമ്പിൽ പങ്കെടുത്തവരുടെ ഹാജർ വിവരങ്ങൾ
5. തെരെഞ്ഞെടുത്ത ഗുണഭോക്താക്കൾക്കുള്ള പരിശീലനത്തിന്റെ വിശദാംശം.
6. 45 ദിവസത്തിനു പകരം പരിശീലനം വെറും ഏഴ് ദിവസമായി ചുരുക്കിയതിന്റെ കാരണം
7. പരിശീലനം പൂർത്തിയാക്കിയ ശേഷം ഗ്രൂപ്പുകൾ സംഘടിപ്പിച്ച പരിപാടികളുടെ വിശദാംശം
8. മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട്

മറുപടിയോടൊപ്പം രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ അന്വേഷണ കുറിപ്പിന് (14/20 തിയ്യതി- 18.11.20) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവുതുക 487300/-രൂപ തടസ്സത്തിൽ വെക്കുന്നു.

**<u>1-31 ഔഷധിയിൽ നിന്നും മരുന്ന് ലഭ്യമായില്ല</u>**

ജില്ലാ ആയുർവേദാശുപത്രി മെഡിക്കൽ ഓഫീസർ നടപ്പാക്കിയ താഴെ കാണിച്ച പ്രോജക്ടുകൾ വഴി ഔഷധിക്ക് മുൻകൂറായി പണം നൽകിയെങ്കിലും മരുന്ന് ഇതുവരെയും പൂർണ്ണമായി ലഭ്യമായിട്ടില്ല. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ട് പേര്, നമ്പർ | ഔഷധിക്ക് നൽകിയ തുക | ബിൽ നം. തീയതി | ലഭിച്ചത് | ലഭിക്കാനുള്ളത് |
|---|---|---|---|---|---|
| 1 | 442/20- പുറക്കാട്ടിരി കുട്ടികളുടെയും കൗമാരക്കാരുടെയും ആയുർവേദാശുപത്രി യിലേക്ക് മരുന്ന് വാങ്ങൽ | 1000000/- (MG-NR) | 2757/20.11.19 | 993238 | 6762 |
| 2 | 534/20-ജില്ലാ ആയുർവേദാശുപത്രി യിലേക്ക് മരുന്ന് വാങ്ങൽ | 700000/- (MG-NR) | 2880/20.11.19 | 668576 | 31424 |
| | | | | | 38186 |

ഔഷധിയുമായുള്ള കരാർ പ്രകാരം പണം അടവാക്കി 60 ദിവസത്തിനുള്ളിൽ മരുന്ന് വിതരണം ചെയ്യേണ്ടതാണെങ്കിലും ഒരു വർഷമായിട്ടും മുഴുവൻ തുകയ്ക്കുമുള്ള മരുന്ന് ലഭിച്ചിട്ടില്ല. മരുന്ന് ലഭ്യമാക്കുന്നതിനായും കരാർ ലംഘനത്തിന് സ്ഥാപനത്തിനെതിരായും സ്വീകരിച്ച നടപടിവിവരങ്ങൾ റിപ്പോർട്ട് ചെയ്യേണ്ടതാണെന്ന് കാണിച്ച് നൽകിയ അന്വേഷണ കുറിപ്പിന് (15/20 തിയ്യതി 17.11.20) മറുപടി ലഭ്യമാക്കിയിട്ടില്ല. 38186/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-32 പ്രൊജക്ട് നിർവ്വഹണത്തിലെ കാലതാമസം - സർക്കാർ ഗ്രാന്റുകളുടെ വിനിയോഗം കുറഞ്ഞതിനാൽ 71.11കോടി ലാപ്സായി

ഓഡിറ്റ് വർഷം ആകെ 1066 പ്രോജക്ടുകളാണ് ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച് നല്കിയത്. ഇതിൽ 634 പുതിയ പ്രോജക്ടുകളും 432 സ്പിൽഓവർ പ്രോജക്ടുകളുമാണ്. 34.05 ശതമാനം പ്രോജക്ടുകളിൽ മാത്രമെ തുക ചെലവഴിച്ചിട്ടുള്ളൂ. നിർവ്വഹണോദ്യോഗസ്ഥർ നടപ്പിലാക്കാതിരിക്കുകയോ യഥാസമയം പൂർത്തിയാക്കി ബിൽ സമർപ്പിക്കുകയോ ചെയ്യാത്തത് കാരണമാണ് വിനിയോഗം കുറയാനിടയായത്. അംഗീകാരം ലഭിച്ച പ്രോജക്ടുകളിൻമേൽ ഫണ്ട് വിനിയോഗം സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ എണ്ണം | ഫണ്ട് വിനിയോഗം ഇല്ലാത്ത പ്രോജക്ടുകളുടെ എണ്ണം |
|---|---|---|
| സെക്രട്ടറി | 35 | 22 |
| ഡെ.ഡയറക്ടർ (കൃഷി) | 4 | 1 |
| ഡെ.ഡയറക്ടർ, മൃഗസംരക്ഷണം | 6 | 1 |
| അസി.എക്സി.എഞ്ചിനീയർ (കൃഷി) | 28 | 15 |
| സൂപ്രണ്ട്, ടൈലറിംഗ് ആന്റ് ഗാർമെന്റ്സ് | 2 | 1 |
| ഡെ.ഡയറക്ടർ, പൊതുവിദ്യാഭ്യാസം | 5 | 1 |
| കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്റർ | 3 | 1 |
| ജില്ലാ പട്ടികജാതി വികസന ഓഫീസർ | 10 | 5 |
| ജില്ലാ ഖാദി ഗ്രാമവ്യവസായം പ്രോജക്ട് ഓഫീസർ | 4 | 2 |
| ജില്ലാ പ്രോഗ്രാം ഓഫീസർ, സാമൂഹ്യക്ഷേമം | 1 | 0 |
| ഡെ.ഡയറക്ടർ, ഫിഷറീസ് | 1 | 0 |
| ഡെ.ഡയറക്ടർ, ഡയറീസ് | 2 | 0 |
| ജില്ലാ മെഡിക്കൽ ഓഫീസർ (അലോപ്പതി) | 1 | 0 |

| | | |
|---|---|---|
| ജില്ലാ മെഡിക്കൽ ഓഫീസർ (ഐ.എസ്.എം) | 2 | 0 |
| ജില്ലാ പട്ടികവർഗ്ഗ വികസന ഓഫീസർ | 8 | 0 |
| പ്രോജക്ട് ഓഫീസർ, ദാരിദ്ര്യലഘൂകരണം | 3 | 0 |
| ഫാം സൂപ്രണ്ട്, ജില്ലാ കൃഷിത്തോട്ടം | 4 | 0 |
| അസി.ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ, സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രം, പേരാമ്പ്ര | 2 | 0 |
| സൂപ്രണ്ട്, ജില്ലാ ആശുപത്രി, (ഹോമിയോ) | 1 | 0 |
| കൃഷി അസി.ഡയറക്ടർ, തെങ്ങിൻതൈ ഉൽപാദന കേന്ദ്രം, തിക്കോടി | 1 | 0 |
| അസി.ഡയറക്ടർ, റീജിയണൽ പൗൾട്രി ഫാം, ചാത്തമംഗലം | 1 | 0 |
| ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ | 14 | 10 |
| മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം | 5 | 3 |
| എക്സി.എഞ്ചിനീയർ, ത.സ്വ.ഭ.വ | 60 | 27 |
| സൂപ്രണ്ട്,ജില്ലാ ആശുപത്രി, വടകര | 5 | 1 |
| സൂപ്രണ്ട്/ചീഫ് മെഡിക്കൽ ഓഫീസർ, ജില്ലാ ആയുർവ്വേദആശുപത്രി | 5 | 1 |
| അസി.എക്സി.എഞ്ചിനീയർ, (കൃഷി) | 851 | 610 |
| ജില്ലാ ഓഫീസർ, വനിതാ ശിശു വികസനം | 2 | 2 |
| ആകെ | 1066 | 703 |

157,96,29,878/-രൂപ സർക്കാർ ഗ്രാന്റ് വകയിരുത്തിയെങ്കിലും 130,88,38,000/-രൂപയാണ് ബജറ്റ് അലോക്കേഷൻ. ആയതിൽ 597689636 രൂപയാണ് സുലേഖ ചെലവു പത്രിക പ്രകാരം ചെലവ്. അതായത് ബജറ്റ് അലോക്കേഷൻ പ്രകാരം ലഭിച്ച തുകയിൽ 45.67 ശതമാനം സർക്കാർ ഗ്രാന്റ് തൻവർഷം വിനിയോഗിക്കാത്തതിനാൽ ലാപ്സായിട്ടുണ്ട്. (സുലേഖ ചെലവുപത്രിക പ്രകാരമുള്ള ചെലവുതുകയും അപ്രോപ്രിയേഷൻ കൺട്രോൾ റജിസ്റ്റർ പ്രകാരമുള്ള ചെലവു തുകയും - വികസന ഫണ്ട് (ടി.എസ്.പി) ഒഴികെ വ്യത്യാസം കാണുന്നു.) സർക്കാർ ഗ്രാന്റ് വിനിയോഗ വിവരം താഴെ ചേർത്ത പ്രകാരമാണ്.

| ഗ്രാന്റ് | വകയിരുത്തൽ | ബജറ്റ് അലോക്കേഷൻ | സുലേഖ പത്രിക പ്രകാരം ചെലവ് | ലാപ്സായ തുക | എ.സി.ആർ പ്രകാരം ചെലവ് |
|---|---|---|---|---|---|
| വികസന ഫണ്ട് (പൊതു) | 628627752 | 505807000 | 290255107 | 215551893 | 343548056 |
| വികസന ഫണ്ട് (എസ്.സി.പി) | 156359463 | 130872000 | 39702005 | 91169995 | 41478034 |
| വികസന ഫണ്ട് (ടി.എസ്.പി) | 12949000 | 10703000 | 6525007 | 4177993 | 6525007 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 668032307 | 565955000 | 233288076 | 332666924 | 254677099 |
| സംരക്ഷണ ഗ്രാന്റ് | 113661356 | 95501000 | 27919441 | 67581559 | 32806913 |

| | | | | | |
|---|---|---|---|---|---|
| (റോഡിതരം) | | | | | |
| ആകെ | 1579629878 | 1308838000 | 597689636 | 711148364 | 679035109 |

മേൽ ചേർത്ത പ്രകാരം 71,11,48,364/- രൂപ സർക്കാർ ഗ്രാന്റ് തൻവർഷം വിനിയോഗിക്കാത്തത് കാരണം ലാപ്സായി. നിർവ്വഹണത്തിലെ കാലതാമസം ഒഴിവാക്കുന്നതിനും ലഭ്യമായ ഗ്രാന്റ്തുക പരമാവധി വിനിയോഗിക്കാനും കഴിയും വിധം, മുൻകാലങ്ങളെ അപേക്ഷിച്ച് തൻവർഷം സാമ്പത്തിക വർഷത്തിലെ ആദ്യപാദത്തിൽ തന്നെ പ്രൊജക്ടുകൾക്ക് ജില്ലാ ആസൂത്രണ സമിതി അംഗീകാരം നല്കിയിട്ടുണ്ട്. (6.9.2019ലെ 64750/2019/DPC/DPO/KKD ഉത്തരവ്) സംയുക്ത പ്രോജക്ടുകളുടെ ആസൂത്രണം, രൂപീകരണം സംബന്ധിച്ച് 13ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ പ്രകാരമുള്ള നടപടിക്രമങ്ങൾ കൃത്യമായി പാലിക്കപ്പെടാത്തത് കാരണം വകയിരുത്തലിൽ ഉണ്ടാകുന്ന കൃത്യതയില്ലായ്മ, പ്രോജക്ട് രൂപീകരണത്തിൽ അവലംബമാകേണ്ട വിശ്വസനീയവും കൃത്യവുമായ ഡാറ്റയുടെ അഭാവം, വേണ്ടത്ര പഠനങ്ങളും മുന്നൊരുക്കവുമില്ലാതെയുള്ള പ്രോജക്ട് രൂപീകരണം തുടങ്ങിയ കാരണങ്ങളാൽ പല പ്രോജക്ടുകളും നിർവ്വഹണഘട്ടത്തിൽ മാറ്റങ്ങൾ ഉൾപ്പെടുത്തി പരിഷ്കരിക്കേണ്ടി വന്നതിനാലും മറ്റ് കാരണങ്ങളാലും നിർവ്വഹണത്തിൽ കാലതാമസം വന്നു. ഉദാഹരണമായി -

1. പ്രോജ. നം.203/20 നെൽകൃഷിക്ക് കൂലിചെലവ്- വകയിരുത്തിയ തുക മുഴുവൻ ചെലവഴിക്കാൻ കഴിയില്ലെന്ന കാരണത്താൽ 28.2.2020ൽ പ്രോജക്ട് റിവൈസ് ചെയ്യാൻ നിർവ്വഹണോദ്യോഗസ്ഥനായ ഡെ.ഡയറക്ടർ (കൃഷി) കത്ത് നല്കുകയും റിവിഷനുശേഷം നടപ്പാക്കിയപ്പോൾ വികസന ഫണ്ട് വകയിരുത്തിയതിൽ 31 ശതമാനം മാത്രമായി ചെലവ്.
2. പ്രോജക്ട് നം. 321/20 വിദ്യാർത്ഥികൾക്ക് പച്ചക്കറി കൃഷി - വേണ്ടത്ര പഠനങ്ങളോ മുന്നൊരുക്കമോ നടത്താത്തതിനാൽ പ്രോജക്ട് റിവൈസ് ചെയ്തെങ്കിലും നിർവ്വഹണം സംബന്ധിച്ച അവ്യക്തതകൾ തുടർന്നും നിലനിന്നതു കാരണം, 10 ലക്ഷം രൂപ വികസന ഫണ്ട് വകയിരുത്തിയതിൽ തൻവർഷം 1.96 ശതമാനം (19595 രൂപ) മാത്രം ചെലവാക്കി.
3. 535/20 ഭിന്നശേഷിക്കാർക്ക് സഹായവിതരണം - 30 ലക്ഷം വികസന ഫണ്ട് വകയിരുത്തിയതിൽ നിർവ്വഹണം സംബന്ധിച്ച അവ്യക്തത കാരണം 7.36 ശതമാനം (221000/- രൂപ) മാത്രമാണ് തൻവർഷം ചെലവഴിക്കാനായത്.

പൂർത്തിയായ പ്രോജക്ടുകളുടെ ബില്ലുകൾ സാമ്പത്തിക വർഷാവസാനം നല്കുന്നത് കാരണം പല ബില്ലുകളും ക്യൂബില്ലിൽ ഉൾപ്പെട്ടു. ഇതിനു പുറമെ മാർച്ച് മാസം അവസാനവാരം, കോവിഡ് -19 പ്രതിരോധ നടപടികളുടെ ഭാഗമായുണ്ടായ അടച്ചുപൂട്ടലും ഗ്രാന്റ് വിനിയോഗം തൻവർഷം കുറക്കാൻ ഇടയാക്കിയിട്ടുണ്ട്.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ (സ.ഉ(കൈ)നം.11/2018/ ത.സ്വ.ഭ.വ തീയ്യതി 29.01.2018) ഖണ്ഡിക 6, 7 സ്പിൽ ഓവർ പദ്ധതികൾക്ക് ക്യാരി ഓവർ വിഹിതം ഉണ്ടായിരിക്കുന്നതല്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽത്തന്നെ, ബജറ്റ് അലോക്കേഷൻ പ്രകാരം ലഭിച്ച പദ്ധതി തുകയിൽ, സാമ്പത്തിക വർഷം ചെലവഴിക്കാത്ത തുക, കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചെടുക്കുന്നതിനാൽ ഫലത്തിൽ ജില്ലാ പഞ്ചായത്തിന് തൻവർഷം വിവിധ വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാമായിരുന്ന 71.11 കോടിയിലധികം രൂപ നഷ്ടപ്പെട്ട അവസ്ഥയാണ്. അപാകത സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദമായ മറുപടി ഇക്കാര്യത്തിൽ ലഭ്യമാക്കേണ്ടതാണ്.

## 1-33 പുതുക്കയം നിടുംപറമ്പ് ചിറ്റാരി റോഡ് കട്ടിംഗ് - പുനഃസ്ഥാപിക്കൽ ചാർജ്ജ് ഈടാക്കിയതിൽ കുറവ്

വാണിമേൽ ഗ്രാമപഞ്ചായത്തിലെ പുതുക്കയം നിടുംപറമ്പ് ചിറ്റാരി റോഡ് കട്ട് ചെയ്ത് ഒപ്റ്റിക്കൽ ഫൈബർ കേബിൾ സ്ഥാപിക്കുന്നതിനായി റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ അനുമതിക്കായി അപേക്ഷിച്ചിരുന്നു. പ്രസ്തുത അപേക്ഷ പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിനായി എഞ്ചിനീയറിംഗ് വിഭാഗത്തിന് കൈമാറുകയും എക്സിക്യൂട്ടീവ് എഞ്ചിനീയർ റോഡ് പുനസ്ഥാപിക്കുന്നതിനുള്ള ചാർജ്ജ് കണക്കാക്കുകയും, തുക ഈടാക്കി അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഫയൽ നം. | പി5/445/19 Dt.22/2/19 |
| പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി അനുമതി | തീരുമാനം നം- 23/19(2)തീയതി. 13.06.19 |
| എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അനുമതി | ഡി1/OFC/2019 DT.18.10.2019 |
| അനുമതിയുടെ വിശദാംശം | .50 മീറ്റർ വീതിയിൽ 5180 മീറ്റർ Berm കട്ടിംഗ് |

| | | | |
|---|---|---|---|
| | | .50 മീറ്റർ വീതിയിൽ 20 മീറ്റർ ഐെറിഷ് കട്ടിംഗ് | |
| തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ വിശദാംശം | | | |
| ഇനം | അളവ് | നിരക്ക് | തുക |
| Road Berm Cutting For Laying Cable | 5180x.5x1.5= 3885ച.മീ | 329.87@/ച.മീ | 1281545.00 |
| Concrete Road Irish Cutting For Laying Cable | 20x.5x1.5=15 ച.മീ | 6252.24@/ച.മീ | 93784.00 |
| ആകെ | | | 1375329. |

പൊതുമരാമത്ത് വകുപ്പ് (റോഡ്സ് ) ചീഫ് എഞ്ചിനീയറുടെ 30.03.2019 തീയതിയിലെ സി.ഇ/ആർ&ബി/ ജിഎൽ-ആർസി/2/2019 നമ്പർ സർക്കുലർ പ്രകാരം റോഡ് പുനസ്ഥാപിക്കൽ ചാർജ്ജ് പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. പഴയ നിരക്കിലാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. യഥാർത്ഥത്തിൽ ഈടാക്കേണ്ടിയിരുന്ന പുനസ്ഥാപിക്കൽ ചാർജ്ജിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | അളവ് | നിരക്ക് | തുക |
|---|---|---|---|
| Road Berm Cutting For Laying Cable | 5180x.5x1.5= 3885ച.മീ | 359.85@/ ച.മീ | 1398017.25 |
| Concrete Road Irish Cutting For Laying Cable | 20x.5x1.5=15 ച.മീ | 5473.44@/ ച.മീ | 82101.60 |
| ആകെ | | | 1480118.85<br>1480119/- |
| ഈടാക്കിയ തുക - 1375329/- രൂപ (രസീത്. നം-119010400009/5.09.19)<br>ഈടാക്കേണ്ടിയിരുന്നത്----------1480119/-രൂപ,<br>കുറവ് വന്നത് - 104790/- രൂപ | | | |

പുതുക്കിയ നിരക്ക് പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി ഫീസ് ഈടാക്കാത്തതിനാൽ റോഡ് പുനസ്ഥാപിക്കൽ ഫീ ഇനത്തിൽ 104790/- രൂപ കുറവ് വന്നിട്ടുണ്ട്. ഇതു സംബന്ധിച്ച് നൽകിയ അന്വേഷണകുറിപ്പിന് (44/01.02.21) മറുപടി ലഭ്യമാക്കിയിട്ടില്ല. ജില്ലാ പഞ്ചായത്തിന് വരവിനത്തിൽ നഷ്ടം വന്ന 104790/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അടക്കേണ്ടതാണ്.

**<u>1-34 റോഡ് റെസ്റ്റൊറേഷൻ ചാർജ് ഈടാക്കുന്നതിലെ അപാകതകൾ</u>**

ജില്ലാ പഞ്ചായത്ത് ഭരണസമിതി മിനുട്സ്, റോഡ് റെസ്റ്റൊറേഷൻ ചാർജ് സംബന്ധിച്ച് എഞ്ചിനീയറിംഗ് വിഭാഗം ഹാജരാക്കിയ ഫയലുകൾ എന്നിവ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

**<u>എ)റോഡ് റെസ്റ്റൊറേഷൻ ചാർജ് ഈടാക്കിയതു സംബന്ധിച്ച വിവരം ലഭ്യമല്ല.</u>**

ജില്ലാപഞ്ചായത്തിൽ ലഭിച്ച റോഡ് റെസ്റ്റൊറേഷൻ ചാർജ് സംബന്ധിച്ച് അപേക്ഷകളിൽ താ ഴെ കൊടുത്തവയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി, ഭരണ സമിതി തീരുമാനമെടുത്ത് പണം അടവാക്കാൻ കത്ത് നൽകിയിട്ടുണ്ടെങ്കിലും പണം അടവാക്കിയതായി കാണുന്നില്ല.വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | അപേക്ഷകന്റെ പേര് | റോഡിന്റെ പേര് | ഭരണസമിതി തീരുമാനം | എസ്റ്റിമേറ്റ് |
|---|---|---|---|---|
| 1 | മാനേജർ, റിലയൻസ് | എടക്കിലാട്- പൊയിൽ താഴം | 2-41/19dt.27.5.19 | 1514568 |

| | | | | |
|---|---|---|---|---|
| | ജിയോ ഇൻഫോകോം | റോഡ് | | |
| 2 | കേരള വാട്ടർ അതോറിറ്റി | തുണേരി-പട്ടാണി റോഡ് | 6-7/20dt.30.01.20 | 332657 |
| 3 | കേരള വാട്ടർ അതോറിറ്റി | പനയന്റെ മുക്ക് സംസ്കൃതം സ്കൂൾ മലയിൽ പീടിക റോഡ് | 7-7/20dt.30.01.20 | 1498358 |
| 4 | കേരള വാട്ടർ അതോറിറ്റി | കുമാരം പൊയിൽ കുന്നത്തെരു -ബാലുശ്ശേരി കൈരളി റോഡ് | 8-7/20dt.30.01.20 | 600294 |
| 5 | കേരള വാട്ടർ അതോറിറ്റി | മൊകേരി കോളേജ്-ചെക്യാട് റോഡ് | 9-7/20dt.30.01.20 | 496097 |
| 6 | മാനേജർ, റിലയൻസ് ജിയോ ഇൻഫോകോം | തണ്ണീർപന്തൽ ഇളയിടം അരൂർ റോഡ് | 31-23/20dt.27.2.20 | 2229529 |
| 7 | മാനേജർ, റിലയൻസ് ജിയോ ഇൻഫോകോം | കുറുവന്തേരി എളമ്പറോഡ് | 17-27/20dt.13.3.20 | 243040 |
| 8 | കേരള വാട്ടർ അതോറിറ്റി | വെള്ളികുളങ്ങര ക്രാഷ് റോഡ് ഒഞ്ചിയം | 67/18(3)B Dt.23.11.18 | 1656036 |
| 9 | മാനേജർ, റിലയൻസ് ജിയോ ഇൻഫോകോം | പെരുമ്പള്ളി എട്ടേക്ര വനഭൂമി റോഡ് പുതുപ്പാടി | 13/19-10 Dt.28.02.19 | 2845900 |

മേൽ കാണിച്ച റോഡ് റെസ്റ്റൊറേഷൻ ചാർജ് ഈടാക്കിയതു സംബന്ധിച്ച വിശദാംശം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ അന്വേഷണകുറിപ്പിന് **(45/01.02.2021)** മറുപടിലഭ്യമാക്കിയിട്ടില്ല.

**ബി)<u>റോഡ് റെസ്റ്റൊറേഷൻ ചാർജ് ഈടാക്കിയ ഫയൽ പരിശോധനക്ക് ഹാജരാക്കിയില്ല.</u>**

2019-20 ലെ റോഡ് റെസ്റ്റൊറേഷൻ ചാർജുമായി ബന്ധപ്പെട്ട ലെഡ്ജർ പരിശോധിച്ചതിൽ പുന്നശ്ശേരി രാമല്ലൂർ റോഡ് കട്ടിംഗിനുവേണ്ടി 470000/- അടവാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ഫയൽ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഫയൽ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

**സി)പൊതു അപാകതകൾ**

ജില്ലാ പഞ്ചായത്ത് റോഡുകൾ കട്ടുചെയ്യുന്നതിനായി സെക്രട്ടറിക്ക ലഭിക്കുന്ന അപേക്ഷകൾ തുടർനടപടികൾക്കായി എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് അയച്ചുകൊടുക്കുകയാണ് ചെയ്തുവരുന്നത്. 2018-19 ൽ ലഭിച്ചതും എന്നാൽ പണം അടവാക്കാത്തതുമായ അപേക്ഷകളെ സംബന്ധിച്ചും 2019-20 ൽ ലഭിച്ച മുഴുവൻ അപേക്ഷകളെ സംബന്ധിച്ചുമുള്ള വിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (26/01.01.2021) മറുപടിയോ വിവരങ്ങളോ ലഭ്യമാക്കിയിട്ടില്ല.

ജില്ലാ പഞ്ചായത്തിൽ റോഡ് റെസ്റ്റൊറേഷൻ ചാർജ് സംബന്ധിച്ച രജിസ്റ്റർ എഴുതി സൂക്ഷിക്കുകയോ അപേക്ഷകളുടെ തുടർനടപടികൾ നിരീക്ഷിക്കുകയോ ചെയ്തുകാണുന്നില്ല. എഞ്ചിനീയറിംഗ് വിഭാഗം എസ്റ്റിമേറ്റ് തയ്യാറാക്കി തിരികെ ലഭിക്കുന്ന അപേക്ഷകളിൽ ഭരണസമിതിയുടെ തീരുമാനത്തിനു ശേഷം തുക അടവാക്കി എന്ന് ഉറപ്പുവരുത്തേണ്ടതാണ്. സെക്ഷൻ ക്ലർക്കമാർ ഫയലുകളും രജിസ്റ്ററുകളും കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതും

തുടർനടപടികൾ മേലുദ്യോഗസ്ഥർ നിരീക്ഷിക്കേണ്ടതുമാണ്. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

**1-35 ചെറുവണ്ണൂർ ഗ്രാമപഞ്ചായത്ത് ബഡ്സ് സ്കൂൾ കെട്ടിട നിർമ്മാണം-ചെലവഴിക്കാനവശേഷിക്കുന്ന തുക തിരിച്ചടവാക്കിയില്ല.**

പ്രോജക്ട് നമ്പർ-665/20

ബിൽ നമ്പർ-65061/22.05.19 തുക 10ലക്ഷം(വി.ഫണ്ട്)

**ജില്ലാ സാമൂഹ്യനീതി ഓഫീസർ നടപ്പാക്കിയ ചെറുവണ്ണൂർ ഗ്രാമപഞ്ചായത്ത് ബഡ്സ് സ്കൂൾ കെട്ടിട നിർമ്മാണത്തിന് ജില്ലാ പഞ്ചായത്ത് വിഹിതം കൈമാറൽ എന്ന പ്രോജക്ട് പ്രകാരം 10 ലക്ഷം രൂപ ചെറുവണ്ണൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് മേൽ ബിൽ പ്രകാരം കൈമാറിയിട്ടുണ്ട്. സെക്രട്ടറിയുടെ 28.10.20ലെ എ3/1000/20 നമ്പർ വിനിയോഗസാക്ഷ്യപത്ര പ്രകാരം ഇതുവരെ 676644/- രൂപ മാത്രമാണ് ചെലവഴിച്ചത്. ചെലവഴിക്കാനവശേഷിക്കുന്ന തുക 323356/- രൂപ തിരിച്ചടവാക്കിയതു സംബന്ധിച്ച വിവരം പരിശോധനക്ക് ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ അന്വേഷണകുറിപ്പിന് (13/20 Dt.17.11.20) ലഭ്യമാക്കിയ മറുപടിയിൽ സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ചെലവഴിക്കാത്ത തുക കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കി വിവരം ഒറിജിനൽ ചെലാൻ സഹിതം വിവരം അറിയിക്കേണ്ടതാണ്.**

**1-36 ചെറുകിടവ്യവസായ മേഖലയിലെ പദ്ധതി നിർവ്വഹണം കര്യക്ഷമമായില്ല**

മാനേജർ ഡിസ്ട്രിക്ട് ഇൻഡസ്ട്രീസ് സെന്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി ചെറുകിട വ്യവസായ മേഖലയിൽ രൂപീകരിച്ച അഞ്ച് പ്രോജക്ടുകളിൽ രണ്ട് സ്പിൽ ഓവർ പ്രോജക്ടും മൂന്ന് പുതിയ പ്രോജക്ടുകളുമാണ് ഉണ്ടായിരുന്നത് . ഇതിൽ രണ്ട് സ്പിൽ ഓവർ പ്രോജക്ടുകളിൽ മാത്രമാണ് തൻവർഷം ചെലവുള്ളത്. ആകെ പദ്ധതികൾക്കായി വകയിരുത്തിയ 7000000/- രൂപയിൽ 3000000/- രൂപ മാത്രമാണ് തൻവർഷം ചെലവഴിച്ചത്. ചെറുകിടവ്യവസായ മേഖലയിൽ രൂപീകരിക്കുന്ന പദ്ധതികൾ അതാത് വർഷം തന്നെ നടപ്പാക്കാൻ കഴിയാത്തത് മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിലും ചൂണ്ടികാണിച്ചിരുന്നെങ്കിലും രൂപീകരിച്ച പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ 2019-20 വർഷവും കഴിഞ്ഞിട്ടില്ല.

ഓഡിറ്റ് വർഷം നടപ്പാക്കിയ രണ്ട് സ്പിൽഓവർ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| ക്രമനം | പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് | ബിൽ നം, തീയതി |
|---|---|---|---|---|---|
| 1 | 631 | കേരള കൈത്തറി വീവേഴ്സ് സൊസൈറ്റി വർക്ക് , ചിറയിൽപീടിക അഴിയൂർ പഞ്ചായത്ത് | 1500000 | 1500000 | 1/21-7-19 |
| 2 | 644 | ഒളവണ്ണ കയർ സൊസൈറ്റിക്ക് ധനസഹായം നൽകൽ | 1500000 | 1500000 | 2/21-7-19 |

ട്രഷറി ബിൽ ബുക്ക് പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥൻ 1500000/- രൂപ വീതം മേൽപറഞ്ഞ രണ്ട് സൊസൈറ്റി സെക്രട്ടറിമാരുടെയും ഡിസ്ട്രിക്ട് ഇൻഡസ്ട്രിയൽ മാനേജരുടെയും പേരിലുള്ള ജോയിന്റ് ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്. പ്രസ്തുത ജോയിന്റ് അക്കൗണ്ടുകളുടെ ബാങ്ക് പാസ്ബുക്ക് സ്റ്റേറ്റ്മെന്റുകളും തുകകളുടെ വിനിയോഗ വിവരങ്ങളും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് ഓഡിറ്റ്

അന്വേഷണകുറിപ്പ് നൽകിയിരുന്നു (31/11-1-21). ആയതിന് ലഭ്യമാക്കിയ മറുപടിയിൽ കയർ സഹകരണ സംഘങ്ങളുടെ പ്രവർത്തന മേഖല കായലോരങ്ങളിലും ചതുപ്പ് നിലങ്ങളോട് ചേർന്നുള്ള പ്രദേശങ്ങളുമാണ്. കായലോരങ്ങളിലും ചതുപ്പ് നിലങ്ങളോട് ചേർന്നുള്ള പ്രദേശങ്ങളിലുമുള്ള നിർമ്മാണങ്ങൾ കർശനമായി നിയന്ത്രിക്കപ്പെട്ടതോടുകൂടി ഇത്തരം യൂണിറ്റുകളുടെ പ്രവൃത്തികൾക്കുള്ള അനുമതി ലഭിക്കാൻ കാലതാമസമുണ്ടാകുന്നത് പദ്ധതി നിർവ്വഹണത്തെ ബാധിക്കുന്നതായി പരാമർശിച്ചിട്ടുണ്ട്. എന്നാൽ തൻവർഷം നടപ്പിലാക്കാൻ കഴിയാതിരുന്ന മൂന്ന് പ്രോജക്ടുകളിൽ ഒന്ന് ഇരുമ്പുരുക്ക് സഹകരണ സംഘത്തിന് ധനസഹായവും രണ്ട് എണ്ണം കോക്കനട്ട് പ്രൊഡ്യൂസർ കമ്പനികൾക്കുള്ള റിവോൾവിംഗ് ഫണ്ട് അനുവദിക്കലുമാണ്. ആയതിനാൽ മറുപടി പരിഗണനാർഹമല്ല.

ധനസഹായം നൽകിയ കയർ സൊസൈറ്റികളുടെ ഓഡിറ്റിന് ലഭ്യമാക്കിയ ജോയിന്റ് അക്കൗണ്ട് പാസ്ബുക്കുകളുടെ പകർപ്പുകളിൽ നിന്നും ഒളവണ്ണ കയർ സൊസൈറ്റി 1000000 രൂപ വിനിയോഗിച്ചതായും കൈരളി വീവേഴ്സ് സൈസൈറ്റി നാളിതുവരെയായും തുകയൊന്നും വിനിയോഗിക്കാത്തതായും കാണുന്നു. ഒളവണ്ണ സൊസൈറ്റിക്ക് നൽകിയ തുകയിൽ അവശേഷിക്കുന്ന തുകയുടെ വിനിയോഗ വിവരങ്ങൾ കൂടി ഓഡിറ്റിന് ലഭ്യമാക്കേണ്ടതും. കേരളാ കൈത്തറിവീവേഴ്സ് സൊസൈറ്റിക്ക് അനുവദിച്ച തുക വിനിയോഗിക്കാൻ കഴിയില്ലെങ്കിൽ സർക്കാർ ഫണ്ടിലേക്ക് തിരിച്ചടവാക്കി അറിയിക്കേണ്ടതുമാണ്.

## 1-37 റീയൂസബിൾ ഐറ്റം കുറവ് ചെയ്യാതെ കരാറുകാരന് തുക നൽകിയത് വഴി നഷ്ടം-

പ്രോജക്ട് നം-752/19-20

അടങ്കൽ -2502791(വികസനഫണ്ട്)

ചെലവ് -2502791( ബിൽ നം-35/22-5-19)

നിർവ്വഹണം-അസിസ്റ്റന്റ് എക്സികൂട്ടീവ് എഞ്ചിനീയർ

2017-18 ൽ മുട്ടനട അടലാട്ട് റോഡ് നിർമ്മാണ പ്രവൃത്തിക്കായി അംഗീകരിച്ച എസ്റ്റിമേറ്റിൽ 550 മീറ്റർ നീളത്തിൽ Damage ആയിട്ടുള്ള കരിങ്കൽകെട്ട് പൊളിച്ച് പുതിയ DR കെട്ടി മണ്ണ് ഫില്ലിംഗ് ചെയ്യാനാണ് ഉദ്ദേശിച്ചത്. എന്നാൽ കഴിഞ്ഞ കാലവർഷത്തിൽ നിലവിലുള്ള കരിങ്കൽകെട്ടിന് കനത്ത നാശനഷ്ടം സംഭവിച്ചതിനാൽ കരാർ തുകയിൽ നിന്നുകൊണ്ട് എസ്റ്റിമേറ്റിൽ പരാമർശിച്ച പ്രകാരം 550 മീറ്റർ നീളത്തിൽ സൈഡ് കെട്ട് ചെയ്യാൻ സാധിക്കുകയില്ലെന്നും ആയത് 510 മീറ്റർ ആയി കുറയുമെന്നും കൂടാതെ റോഡ് മണ്ണിട്ടുയർത്തി ക്വാറിമക്ക് ഉപയോഗിച്ച് ബലപ്പെടുത്തേണ്ട പ്രവൃത്തിയും അത്യാവശ്യമായി ചെയ്യേണ്ടതിനാൽ പ്രസ്തുത മാറ്റങ്ങൾ ഉൾക്കൊള്ളിച്ച് കരാർ തുകയിൽ അധികരിക്കാതെ എസ്റ്റിമേറ്റ് ഭേദഗതി ചെയ്യുന്നതിനായി എക്സിക്യുട്ടീവ് എഞ്ചിനീയർ സെക്രട്ടറിയോട് അപേക്ഷിക്കുകയുംചെയ്തു. ആയത് പ്രകാരം റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയാണ് പ്രവൃത്തി നിർവ്വഹണം നടത്തിയിട്ടുള്ളത്.

പ്രവൃത്തിയുടെ എം.ബുക്ക് പരിശോധിച്ചതിൽ (എം ബുക്ക് നം-623/17-18) ഐറ്റം നമ്പർ 1 ആയി നിലവിലെ കൽകെട്ട് പൊളിച്ച ഇനത്തിൽ റീയൂസബിൾ ഐറ്റം ആയി 29.704 എംക്യൂബ് ഡ്രൈറബിൾ സ്റ്റാക്ക് ചെയ്തത് അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്(എം.ബുക്ക് പേജ്-3).

ഫൈനൽ ബിൽ പരിശോധിച്ചതിൽ ഐറ്റം നമ്പർ 3 ആയി ചെയ്ത Dry Rubble Without Concrete Including All Cost And Coveyance Of Materials And Labour Charge Etc Complete ആയി 517 മീറ്റർ കരിങ്കൽ കെട്ടിയയിനത്തിൽ ആകെ 543.97 എംക്യൂബ് ന് 2471 രൂപ നിരക്കിൽ 1344149.87 രൂപ കോൺട്രാക്ടർക്ക് അനുവദിച്ചിട്ടുണ്ട് (എം.ബുക്ക് പേജ്-39) ഐറ്റം നമ്പർ 4 ആയി DR With Departmental Rubble Dry Rubble Masonry Without Concrete As Per The Direction Of Deptl Officers At Site ആയി നേരത്തെ സ്റ്റാക്ക് ചെയ്ത 29.538 എംക്യൂബിന് 920 രൂപനിരക്കിൽ 27174.96 രൂപയും അനുവദിച്ചിട്ടുണ്ട്. റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം ഐറ്റം നം-3 Dry Rubble Masonry ആയി 517 മീറ്ററിലെ പ്രവൃത്തിക്ക് 543.967 എംക്യൂബ് കണക്കാക്കിയത് സ്റ്റാക്ക് ചെയ്ത ഇനത്തിൽ ലഭിച്ച 29.538എംക്യൂബ് കല്ല് കഴിച്ചാണ് എന്നാൽ എം ബുക്ക് പ്രകാരം ഐറ്റം നമ്പർ 3 ആയി കരാറുകാരന് തുക നൽകിയിരിക്കുന്നത് റീയൂസ് ചെയ്ത 29.538 എംക്യൂബ് കുറവ് വരുത്താതെയാണ്. ഇത് വഴി ഐറ്റം നം-3 ഇനത്തിൽ കരാറുകാരന് 72988.39/- രൂപ അധികം നൽകുന്നതിനിടയായിട്ടുണ്ട്. ആയതിന് വിശദീകരണം നൽകേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-25/23-12-20) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക 72988.39/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## 1-38 പുതുപ്പാടി സീഡ് ഫാം - വർഷങ്ങളായി പ്രവർത്തന സജ്ജമല്ലാത്ത യന്ത്രസംവിധാനങ്ങൾക്ക് ഇലക്ട്രിസിറ്റി ചാർജ്ജ് അടവാക്കുന്നു

പുതുപ്പാടി സ്റ്റേറ്റ് സീഡ് ഫാമിൽ വിത്ത് സംസ്കരണത്തിനും അനുബന്ധ പ്രവർത്തികൾക്കുമായി നാഷണൽ

ഹോർട്ടികോർപ്പ് മിഷൻ സജ്ജീകരിച്ച കെട്ടിടവും യന്ത്രസംവിധാനങ്ങളും നാളിതവരെയായും പ്രവർത്തനക്ഷമമായിട്ടില്ല. പ്രസ്തുത കെട്ടിടത്തിലെ വൈദ്യുതിയിൽ പ്രവർത്തിക്കുന്ന വിത്ത് പ്രോസസിംഗ് പായ്ക്കിംഗ് യന്ത്രസംവിധാനങ്ങൾക്കായുള്ള (കൺസ്യൂമർ നമ്പർ 1167325017954) ത്രീഫേസ് ഇലക്ട്രിസിറ്റി ചാർജ്ജ് ഇനത്തിൽ 2019-20 വർഷം 1160/- രൂപ ഫാമിൽ നിന്നും വിവിധ മാസങ്ങളിലായി KSEB ക്ക് അടവാക്കിയിട്ടുണ്ട്. മീറ്ററിലെ വിവരങ്ങൾ പ്രകാരം 2013 ലാണ് മീറ്റർ സ്ഥാപിച്ചിട്ടുള്ളത് അന്നുമുതൽ KSEB ക്ക് ഇത്തരത്തിൽ ഫാമിൽ നിന്നും വൈദ്യുതി ചാർജ്ജ് അടവാക്കിവരുന്നുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം-40/23-1-21) മറുപടി ലഭ്യമാക്കിയിട്ടില്ല. വർഷങ്ങൾക്ക് മുമ്പ് സ്ഥാപിക്കപ്പെട്ട പ്രസ്തുത യന്ത്രങ്ങൾ ഫാം ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്താൻ നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. പ്രവർത്തന സജ്ജമാക്കി ഉപയോഗിക്കാൻ കഴിയില്ലാ എങ്കിൽ കെട്ടിടത്തിലേക്കുള്ള വൈദ്യുതി കണക്ഷൻ വിഛേദിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-39 ജി.എച്ച് .എസ്.എസ് .കൊളത്തൂർ-അധിക പ്രവൃത്തികൾ -ജി.എസ്.ടി ഈടാക്കിയതിൽ കുറവ്**

പ്രോജക്ട്- 733/19-20 (സ്പിൽ ഓവർ)

അടങ്കൽ -500000 (എം.ജി . നോൺറോഡ്)

ചെലവ് - 454295/-

നിർവ്വഹണം-അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ.

ഓഡിറ്റ് വർഷം ജി.എച്ച്.എസ്.എസ്.കൊളത്തൂർ അധിക പ്രവൃത്തികൾ പദ്ധതിയുടെ ഫൈനൽ ബില്ലായി 852961/- രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത തുകയിൽ 454295/- രൂപ മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് ഫണ്ടിൽ നിന്നും 398666/- രൂപ RMSA ഫണ്ടിൽ നിന്നുമാണ് ചെലവഴിച്ചിട്ടുള്ളത്. എം ബുക്ക് നം. 376/17-18 പ്രകാരം പദ്ധതിയുടെ ആകെ പ്രവൃത്തിമൂല്യമായി 3327295/- രൂപ കണക്കാക്കുകയും ഇതിൽ 2474334/- രൂപ ഫസ്റ്റ് ആന്റ് പാർട്ട് ബില്ല് ആയി കരാറുകാരന് അനുവദിച്ചിട്ടുമുണ്ട് ബാക്കി തുകയാണ് ഓഡിറ്റ് വർഷം അനുവദിച്ചിട്ടുള്ളത് . ഇതിൽ നിന്നും 1% വീതം IT, KCWWF, GST, SGST ഇനത്തിലായി 34120/- രൂപ കുറവ് ചെയ്താണ് കരാറുകാരന് തുകകൈമാറിയിട്ടുള്ളത്. എന്നാൽ ഫസ്റ്റ് പാർട്ട്ബിൽ തുകയായ 2474334/- രൂപ നൽകിയതിൽ നിന്നും 1% വീതം GST, SGST തുക ഈടാക്കാതെയാണ് കരാറുകാരന് തുക നൽകിയിട്ടുള്ളത് ആയതിന് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഫസ്റ്റ് പാർട്ട് ബില്ലിൽ നിന്നും ജി.എസ്.ടി ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന രൂപ കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയരിൽ നിന്നോ ഈടാക്കി അടവാക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

**1-40 പുതുപ്പാടി സീഡ്ഫാം-ഫാം ഉല്പന്നങ്ങൾ സ്റ്റോക്കിലെടുക്കാതെ വില്പന നടത്തുന്നു.**

പുതുപ്പാടി സീഡ്ഫാമിൽ ഉല്പാദിപ്പിക്കുന്ന നടീൽ വസ്തുക്കൾ, വിത്തുകൾ, തൈകൾ മറ്റ് ഫാം ഉല്പന്നങ്ങൾ എന്നിവ ഫാമിന് മുന്നിൽ റോഡരികിൽ സ്ഥാപിച്ച സെയിൽസ് കൗണ്ടർ വഴിയാണ് വില്പന നടത്തിവരുന്നത്. ജില്ലാപഞ്ചായത്ത് നൽകുന്ന രസീത് വഴിയാണ് സെയിൽസ് കൗണ്ടർ വില്പന നടത്തേണ്ടതെങ്കിലും വില്പനക്ക് വ്യക്തിഗത രസീത് നൽകുന്നില്ല . അതാത് ദിവസങ്ങളിലെ വില്പനക്ക് ശേഷം ഒരുമിച്ച് ഒന്നോ രണ്ടോ പേരുടെ പേരിൽ റസീറ്റ് ചെയ്യുന്നരീതിയാണ് നിലവിലുള്ളത്. കൂടാതെ ഫാം ഉല്പന്നങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കാതെയാണ് സെയിൽസ് കൗണ്ടർ വഴി വില്പനയ്ക്കായി നൽകുന്നത്. സെയിൽസ് കൗണ്ടർ വഴിയുള്ള ഓരോ വില്പനക്കും വാങ്ങുന്ന ആളുടെ പേര്, വാങ്ങുന്ന ഇനം, എണ്ണം, വില അക്കത്തിലും അക്ഷരത്തിലും രേഖപ്പെടുത്തി ഡബിൾസൈഡ് കാർബൺ ഉപയോഗിച്ച് വ്യക്തിഗത റസീറ്റ് നൽകേണ്ടതാണ്. സെയിൽ കൗണ്ടർ വഴി വിൽപ്പനയ്ക്ക് നൽകുന്ന ഉല്പന്നങ്ങളുടെ സ്റ്റോക്ക് വിവരം എഴുതി സൂക്ഷിക്കേണ്ടതും അതാത് ദിവസം അവശേഷിക്കുന്ന സ്റ്റോക്കിന്റെ വിവരങ്ങൾ രേഖപ്പെടുത്തി ഉത്തരവാദപ്പെട്ടവർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയും ചെയ്തെങ്കിൽ മാത്രമേ കൗണ്ടർ സെയിൽ സുതാര്യമാണെന്ന് പറയാൻ കഴിയുകയുള്ളൂ. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-41/23-1-21) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത ജില്ലാപഞ്ചായത്തിന്റെയും ബന്ധപ്പെട്ട ഫാം കൗൺസിലിന്റെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

**1-41 ജില്ലാ മൃഗാശുപത്രിക്ക് ഫോട്ടോകോപ്പിയർകംസ്കാനർ പ്രിന്റർ വാങ്ങൽ കെൽട്രോണിന് മുൻകൂർ പണം നൽകിയിട്ടും നാളിതുവരെയായും സാധനങ്ങൾ ലഭിച്ചില്ല.**

പ്രോജക്ട് നം-1078

നിർവ്വഹണം- ഡെപ്യൂട്ടി ഡയറക്ടർ മൃഗസംരക്ഷണം .

അടങ്കൽ - 35000/-(മെയിന്റനൻസ് ഗ്രാന്റ് റോഡിതരം)

ചെലവ് -33101/- (ബിൽ നം-1/24-2-20 14851/-രൂപ,ബിൽ നം-2/25-2-20 18250/- രൂപ)

ജില്ലാ മൃഗാശുപത്രിക്ക് ഫോട്ടോകോപ്പിയർകംസ്കാനർ പ്രിന്റർ, ടോക്കൺ മെഷീൻ, വെയിംഗ് മെഷീൻ എന്നിവ വാങ്ങുന്നതിനായാണ് പ്രോജക്ട് നടപ്പാക്കിയത്. ഇതിൽ 18250/- രൂപ ചെലവഴിച്ച് വെയിംഗ് മെഷീൻ, ടോക്കൺ മെഷീൻ എന്നിവ വാങ്ങുകയും ആയത് സ്റ്റോക്കിലെടുത്ത് നിലവിൽ ആശുപത്രി ആവശ്യങ്ങൾക്ക് ഉപയോഗിച്ചുവരുന്നുമുണ്ട്. എന്നാൽ കെൽട്രോണിന്റെ 11-12-2019 ലെ ടിവിഎം/ഐടിബിജി/പിഐ /ആർസി/ 12384/19-20 പെർഫോർമാ ഇൻവോയ്സ് പ്രകാരം എ4 മൾട്ടിഫംഗ്ഷൻ പ്രിന്റർ/കോപ്പിയർ/സ്കാനറിനുള്ള വിലയായി 14851/-രൂപ ട്രഷറി ബിൽ നം 2/25-2-20 പ്രകാരം കേരളാ സ്റ്റേറ്റ് എടി മിഷന് കൈമാറിയിട്ടുണ്ടെങ്കിലും നാളിതുവരെയായും മേൽ സാധനം മൃഗാശുപത്രിക്ക് സപ്ലൈ ചെയ്തിട്ടില്ല. കെൽട്രോണിൽ നിന്നും പെർഫോർമാ ഇൻവോയ്സ് പ്രകാരമുള്ള സാധനങ്ങൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല (ഒ.എസ്-32/13-01-21) ചെലവ് തുക 14851/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## 1-42 പേരാമ്പ്രവനിതാ ഹോസ്റ്റൽ- നടത്തിപ്പിലെ അപാകതകൾ-

ജില്ലാപഞ്ചായത്തിനു കീഴിൽ പേരാമ്പ്രയിൽ പ്രവർത്തിച്ചുവരുന്ന വനിതാ ഹോസ്റ്റലിന്റെ പ്രവർത്തനം പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

1-അന്തേവാസികളിൽ നിന്ന് ഹോസ്റ്റൽ ഫീ, കോഷൻ ഡെപ്പോസിറ്റ് ഇനങ്ങളിൽ ഈടാക്കുന്ന തുക തൊട്ടടുത്ത ദിവസം തന്നെ ജില്ലാപഞ്ചായത്തിൽ അടവാക്കുന്നില്ല.

പേരാമ്പ്ര വനിതാഹോസ്റ്റൽ അന്തേവാസികളിൽ നിന്നും പ്രതിമാസ ഹോസ്റ്റൽ ഫീ എല്ലാമാസവും പത്താം തീയതിക്കകമാണ് ഇടാക്കേണ്ടത് . എന്നാൽ ജില്ലാവനിതാക്ഷേമ ഓഫീസർ ഓഡിറ്റിന് ലഭ്യമാക്കിയ 2019-20 വർഷത്തെ രസീറ്റ് പുസ്തകങ്ങളും രജിസ്ററുകളും പരിശോധിച്ചതിൽ ഭൂരിഭാഗം മാസങ്ങളിലും അഞ്ചാം തീയതിക്കുള്ളിൽ തന്നെ മുഴുവൻ പേരിൽ നിന്നും ഫീ ഈടാക്കിയിട്ടുണ്ടെങ്കിലും തുക ജില്ലാപഞ്ചായത്തിൽ അടവാക്കുന്നതിൽ കാലതാമസം വന്നതായി കാണുന്നു. ഈടാക്കുന്ന തുകകൾ തൊട്ടടുത്ത ദിവസം തന്നെ ജില്ലാ പഞ്ചായത്തിൽ അടവാക്കുന്നതിന് പകരം പല മാസങ്ങളിലും തുക അടവാക്കിയിരിക്കുന്നത് ഈടാക്കി ഒരാഴ്ചകഴിഞ്ഞാണ് ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| മാസം | രസീതു പ്രകാരം ഫീ ഈടാക്കിയ തീയതി | ഈടാക്കിയ തുക | തുക ജില്ലാപഞ്ചായത്തിൽ അടവാക്കിയ തീയതി |
|---|---|---|---|
| മെയ് | 5-05-19 | 40500 | 15-05-19 |
| ജൂൺ | 5-06-19 | 52500 | 14-06-19 |
| ജനവരി | 5-1-20 | 84750 | 15-01-20 |
| ഫെബ്രുവരി | 5-02-20 | 71250 | 14-02-20 |

ഇത് കൂടാതെ കോഷൻ ഡെപ്പോസിറ്റ് ഇനത്തിൽ 23-7-2019 ന് കളക്ഷൻ വന്ന 16200/- രൂപ ജില്ലാപഞ്ചായത്തിൽ അടവാക്കുന്നത് 14-08-2019 നും 24-9-19 ന് വരവ് വന്ന 4850/- രൂപ അടവാക്കുന്നത് 11-10-2019നുമാണ്. ജില്ലാപഞ്ചായത്ത് രസീത് നൽകി ഈടാക്കുന്ന ഹോസ്റ്റൽഫീയും കോഷൻ ഡെപ്പോസിറ്റും ഉൾപ്പെടെ പ്രതിമാസ കളക്ഷൻ തുക ജില്ലാപഞ്ചായത്തിൽ അടവാക്കുന്നത് വരെ ചെസ്റ്റ് സൗകര്യം ഇല്ലാത്ത ഹോസ്റ്റലിൽ ഹോസ്റ്റൽ വാർഡന്റെ ചുമതലയുള്ള താൽക്കാലിക ജീവനക്കാരിയുടെ ചുമതലയിൽ തന്നെയാണ് സൂക്ഷിക്കുന്നത്. ഒരോമാസത്തെയും അന്തേവാസികളുടെ മുഴുവൻ ഫീയും നിശ്ചിത തീയതിക്കകം തന്നെ ഈടാക്കുന്നുണ്ട് എന്നിരിക്കെ തൊട്ടടുത്ത ദിവസം തന്നെ തുക ജില്ലാപഞ്ചായത്തിന് അടവാക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

2-കിണറുണ്ടായിട്ടും കുടിവെള്ള വിതരണത്തിനായി 151200/-രൂപ ചെലവഴിക്കേണ്ടി വന്നു.

വനിതാഹോസ്റ്റലിലേക്ക് 2019-20 വർഷം പാചക കുടിവെള്ള ആവശ്യങ്ങൾക്കായി പുറത്ത് നിന്നും വെള്ളം സപ്ളൈ ചെയ്ത ഇനത്തിൽ ജയപ്രകാശ് പി.കെ, വാഹിനി വാട്ടർ സപ്ലൈ എന്നയാൾക്ക് 151200/- രൂപ ഓഡിറ്റ് വർഷം ജില്ലാപഞ്ചായത്തിൽ നിന്നും അനുവദിച്ചിട്ടുണ്ട്. എന്നാൽ വെള്ളം വിതരണത്തിന് കൊട്ടേഷൻക്ഷണിച്ചതിന്റെയോ, വെള്ളം വിതരണം ചെയ്തതിന്റെ അളവ്, വിതരണം ചെയ്യുന്ന വെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി സ്വീകരിച്ച നടപടികൾ എന്നിവയും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. വനിതാ ഹോസ്റ്റൽ കോമ്പൗണ്ടിൽ തന്നെ ജലലഭ്യമായ കിണർ ഉണ്ടായിട്ടും ഹോസ്റ്റലിലെ 60 ഓളം അന്തേവാസികൾക്കാവശ്യമായ കുടിവെള്ള, പാചക ആവശ്യങ്ങൾക്കുള്ള വെള്ളം പുറമേ നിന്ന് വാങ്ങേണ്ടിവരുന്ന

സാഹചര്യം എന്തെന്ന് വ്യക്തമല്ല. വെള്ളം കുടിക്കാൻയോഗ്യമല്ലാ എന്നുണ്ടെങ്കിൽ പ്രശ്നം അടിയന്തിരമായി പരിഹരിക്കുന്നതനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

3-മാലിന്യ സംസ്കരണത്തിനായി സ്ഥിരം സംവിധാനമില്ല.

വനിതാ ഹോസ്റ്റലിൽ വർങ്ങൾക്ക് മുൻപ് സ്ഥാപിച്ച ബയോഗ്യാസ് പ്ലാന്റ് നാട്ടുകാരുടെ എതിർപ്പിനെ തുടർന്ന് നിലവിൽ പ്രവർത്തിപ്പിക്കുന്നില്ല. ആയതിനാൽ തന്നെ ഹോസ്റ്റലിൽ ഉല്പാദിപ്പിക്കപ്പെടുന്ന മാലിന്യങ്ങളുടെ സംസ്കരണത്തിനായി നിലവിൽ മറ്റ് സംവിധാനങ്ങളൊന്നുമില്ല. മുൻവർഷം നിർമ്മിച്ച ബയോഗ്യാസ് പ്ലാന്റ് പ്രവർത്തനക്ഷമമാക്കുന്നതിനായി നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്. വനിതാ ഹോസ്റ്റൽ പ്രവർത്തനത്തിലെ അപാകതകൾ സംബന്ധിച്ച് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥയ്ക്ക് ഓഡിറ്റ് അന്വേഷണകുറിപ്പ് (നം-46/6-2-21) നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ചറിയിക്കേണ്ടതാണ്.

**1-43 മുൻകൂർ നൽകിയ തുകയ്ക്കുള്ള മുഴുവൻ മരുന്നുകളും ലഭിച്ചില്ല.**

പ്രോജക്ട് നം-426/20

അടങ്കൽ -2500000/- (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്)

ചെലവ് -2223295/-

നിർവ്വഹണം- സൂപ്രണ്ട് ജില്ലാ ആശുപത്രി വടകര.

വടകര ജില്ലാ ആശുപത്രിയിൽ എത്തുന്ന പാവപ്പെട്ട രോഗികൾക്ക് മെച്ചപ്പെട്ട ചികിത്സാ സൗകര്യം ഒരുക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കിയ പദ്ധതിയിൽ കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ 30-09-19 ലെ പെർഫോർമ ഇൻവോയ്സ് PRF 1357 പ്രകാരം 1476102/- രൂപയും (ട്രഷറി ബിൽ നം-2/26-12-19) 23-12-19 ലെ പെർഫോർമ ഇൻവോയ്സ് PRF 3444 പ്രകാരം 747193/- രൂപയും (ട്രഷറി ബിൽ നം-4/24-2-20) കെ.എം.എസ്.സി.എൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിക്ക് കൈമാറി. പ്രോജക്ട് പ്രകാരം നാളിതുവരെയായും താഴെ പറയും പ്രകാരം തുകയ്ക്കുള്ള മരുന്നുകളേ വടകര ജില്ലാ ആശുപത്രിയിൽ ലഭിച്ചിട്ടുള്ളൂ.

| ഇൻവോയ്സ് നം, തീയ്യതി | തുക | പെർഫോർമ ഇൻവോയ്സ് നം |
|---|---|---|
| 67831/26-2-20 | 24385 | 3444/23-12-19 |
| 68379/29-2-20 | 268392 | 3444/23-12-19 |
| 69697/6-3-20 | 78403 | 3444/23-12-19 |
| 8101/2-6-20 | 44596 | 3444/23-12-19 |
| 26722/10-11-20 | 164899 | 3444/23-12-19 |
| 31091/17-12-20 | 19290 | 3444/23-12-19 |
| 57776/12-1-20 | 57859 | 1357/30-9-18 |
| 67823/26-2-20 | 238011 | 1357/30-9-18 |
| 67833/26-2-20 | 144258 | 1357/30-9-18 |
| 68482/29-2-20 | 93636 | 1357/30-9-18 |
| 68382/29-2-20 | 126683 | 1357/30-9-18 |
| 69694/6-3-20 | 117411 | 1357/30-9-18 |
| 3/3-4-20 | 7623 | 1357/30-9-18 |
| 2379/19-4-20 | 92800 | 1357/30-9-18 |
| 4193/3-5-20 | 60406 | 1357/30-9-18 |
| 8091/2-6-20 | 71974 | 1357/30-9-18 |
| 14570/19-7-20 | 9323 | 1357/30-9-18 |
| 21904/25-9-20 | 87796 | 1357/30-9-18 |
| 26720/10-11-20 | 84771 | 1357/30-9-18 |
| ആകെ | 1792516 | |

2019-20 വർഷ പദ്ധതിയിൽ കെ.എം.എസ്.സി.എല്ലിന് മരുന്ന് വിലയിനത്തിൽ മുൻകൂർ നൽകിയ 2223295/- രൂപയിൽ 1792516/- രൂപയ്ക്കുള്ള മരുന്നുകൾ മാത്രമേ നാളിതുവരെയായും ആശുപത്രിക്ക് ലഭിച്ചിട്ടുള്ളൂ. അവശേഷിക്കുന്ന 430779/- രൂപയ്ക്കുള്ള മരുന്നുകൾ ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. കേന്ദ്രീകൃത

രീതിയിലുള്ള വാങ്ങലിലൂടെ മരുന്നുകൾ ആരോഗ്യ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുക എന്നത് ബന്ധപ്പെട്ട വകുപ്പുകളുടെ ചുമതലയാണ്. എന്നാൽ വകുപ്പ് മുഖേന വിതരണം ചെയ്തുവരുന്ന മരുന്നുകൾ അപര്യാപ്തമാണെങ്കിൽ അവയുടെ നിയന്ത്രണ ചുമതലയുള്ള തദ്ദേശഭരണ സ്ഥാപനത്തിന് മരുന്നുകൾ വാങ്ങി നൽകി ആരോഗ്യസ്ഥാപനത്തിലെ മരുന്ന് വിതരണത്തിന്റെ കാര്യക്ഷമത ഉറപ്പ് വരുത്താവുന്നതാണ്. എന്നിരിക്കെ മേൽ ആവശ്യത്തിനായി മുൻകൂർ നൽകി ആറുമാസങ്ങൾക്ക് ശേഷവും മുഴുവൻ മരുന്നുകളും ലഭ്യമാവാത്തതിലൂടെ മരുന്ന് വിതരണത്തിലെ കാര്യക്ഷമത ഉറപ്പ് വരുത്താൻ കഴിയാതെ വന്നത് പദ്ധതി മോണിറ്ററിംഗ് ചുമതയുള്ള വർക്കിംഗ് ഗ്രൂപ്പിന്റെയും മേൽനോട്ട ചുമതലയുള്ള അരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു. ലഭിക്കാൻ അവശേഷിക്കുന്ന മരുന്നുകളുടെ വിലയായ 430779/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**<u>1-44 കൃഷി ഫാമുകളിൽ നിന്നും ക്രഡിറ്റ് സെയിൽ ഇനത്തിൽ 2059929/- രൂപ ലഭിക്കാൻ അവശേഷിക്കുന്നു.</u>**

ജില്ലാ പഞ്ചായത്തിനു കീഴിലുള്ള കൃഷിഫാമുകളിൽ നിന്നും ഉല്പാദിപ്പിക്കുന്ന വിത്ത്, നടീൽവസ്തുക്കൾ, വളം, വൈക്കോൽ എന്നിവ വിവിധ കൃഷിഭവനുകൾക്കും മറ്റ് സ്ഥാപനങ്ങൾക്കും വിൽപ്പന നടത്തിയ ഇനത്തിൽ ഓഡിറ്റ് വർഷത്തിൽ 2059929/- രൂപ കിട്ടാനവശേഷിക്കുന്നു. ഇൻവോയ്സ് പ്രകാരമുള്ള ഉല്പന്നങ്ങളുടെ വില അതാത് സ്ഥാപനങ്ങൾ കൃഷിഫാമുകൾക്ക് ലഭ്യമാക്കുന്ന മുറക്ക് കൃഷിഫാമുകൾ ജില്ലാപഞ്ചായത്ത് അക്കൗണ്ടിലേക്ക് അടവാക്കിവരികയാണ് ചെയ്യുന്നത്. ഓഡിറ്റ് വർഷം ഫാമുകളിൽ ക്രഡിറ്റ് സെയിൽ ഇനത്തിൽ ലഭിക്കാനവശേഷിക്കുന്ന തുകകൾ ലഭിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമല്ല. ഫാമുകളിൽ സൂക്ഷിച്ചിരിക്കുന്ന ക്രഡിറ്റ് സെയിൽ രജിസ്റ്ററിൽ രേഖപ്പെടുത്തിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് വർഷം ലഭിക്കാനവശേഷിക്കുന്ന തുകകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു. മേൽ തുകയിൽ കൃഷിവകുപ്പ് ഫാമുകൾക്ക് സപ്ലൈ ചെയ്യുന്ന വിത്തുതേങ്ങയിൽ നിന്ന് ഫാമുകളിൽ ഉല്പാദിപ്പിക്കുന്ന തെങ്ങിൻ തൈകളുടെ വില്പന ഇനത്തിൽ ലഭിച്ച തുക ഉൾപ്പെടുന്നില്ല. മേൽ തുക ഡിപ്പാർട്ട് മെന്റ് നിർദ്ദേശപ്രകാരം നേരിട്ട് കൃഷികുപ്പിന് അടവാക്കിവരികയാണ് ചെയ്തുവരുന്നത് .

| സ്ഥാപനം | ലഭിക്കാനവശേഷിക്കുന്ന തുകകൾ |
|---|---|
| സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രം പേരാമ്പ്ര | 364271 |
| സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രം പുതുപ്പാടി | 303004 |
| തെങ്ങിൻതൈ ഉല്പാദന കേന്ദ്രം തിക്കോടി | 618850 |
| ജില്ലാ കൃഷിത്തോട്ടം കൂത്താളി | 773804 |
| ആകെ | 2059929 |

മേൽ ഫാമുകൾക്ക് ഇത് സംബന്ധിച്ച വിശദാംശങ്ങളും തുക ഈടാക്കുന്നതിനായി സ്വീകരിച്ച നടപടികളും അറിയിക്കുന്നതിനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നെങ്കിലും വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടുകളിലും ഇത്തരത്തിൽ കുടിശ്ശിക ഈടാക്കാത്തത് സംബന്ധിച്ച പരാമർശങ്ങൾ ഉൾപ്പെടുത്തിയിരുന്നെങ്കിലും കുടിശ്ശികയായ തുകകൾ ഈടാക്കുന്നതിനായി യാതൊരുവിധ നടപടികളും ഫാമുകളോ ജില്ലാപഞ്ചായത്തോ കൈക്കൊണ്ടിട്ടില്ല. ക്രഡിറ്റ് സെയിൽസ് നടത്തിയ ഇനത്തിൽ വിവിധ കൃഷിഭവനുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നുമായി ലഭിക്കാനവശേഷിക്കുന്ന തുകകൾ ഈടാക്കുന്നതിനായി അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**<u>1-45 ആർ.പി.എഫ് ജീവനക്കാരുടെ ഇ.പി.എഫ് .വിഹിതം അടവാക്കുന്നതിൽ വന്ന കാലതാമസത്തിന് ജില്ലാപഞ്ചായത്ത് ഫണ്ടിൽ നിന്നും പിഴ ഈടാക്കി.</u>**

ചാത്തമംഗലം പ്രാദേശിക കോഴിവളർത്തൽ കേന്ദ്രത്തിലെ തൊഴിലാളികളുടെ 12/2007 മുതൽ 3/2017

വരെയുള്ള കാലയളവിൽ ഇ.പി.എഫ് സർക്കാർ വിഹിതം അടക്കുന്നതിൽ കാലതാമസം സംഭവിച്ചതിന്റെ പേരിൽ അടക്കാനുള്ള പിഴയായ 22730/- രൂപ അസിസ്റ്റന്റ് ഡയറക്ടർ റീജിയണൽ പോൾട്രിഫാമിന്റെ എസ്.ബി.ഐ എൻഐടി ബ്രാഞ്ചിലുള്ള 35354093787 നമ്പർ അക്കൗണ്ടിൽ നിന്നും 9-05-19 ന് DD No-45896069 ആയി റീജിയണൽ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് ഓർഗനൈസേഷന്റെ നിർദ്ദേശ പ്രകാരം ബാങ്ക് കൈമാറി നൽകിയിട്ടുണ്ട്. മേൽ തുക പിൻവലിച്ചിരിക്കുന്നത് ജില്ലാ പഞ്ചായത്തിന്റെ ഉത്തരവ് നം-പി 11 913/19 തീയതി 25-04-2019 പ്രകാരം കോഴിവളർത്തൽ കേന്ദ്രത്തിന് അനുവദിച്ച അഡ്വാൻസ് തുകയായ 3 ലക്ഷം രൂപയിൽ നിന്നാണ്. കോഴിവളർത്തൽ കേന്ദ്രത്തിലെ തൊഴിലാളികളുടെ ഇ.പി.എഫ് സർക്കാർ വിഹിതം അടവാക്കുന്നതിൽ കാലതാമസം സംഭവിച്ചത് ജില്ലാപഞ്ചായത്തിന്റെ വീഴ്ചകൊണ്ടല്ലാത്തതിനാൽ ജില്ലാ പഞ്ചായത്തിൽ നിന്നും അനുവദിച്ച അഡ്വാൻസ് തുകയിൽ നിന്നും ഈടാക്കിയ 22730/- രൂപ നിശ്ചിത അക്കൗണ്ടിലേക്ക് റീക്ലപ്പ് ചെയ്ത് വിവരം അറിയിക്കുന്നതിനായി 24-10-19 ന് ജില്ലാ പഞ്ചായത്ത് സെക്രട്ടറി അസിസ്റ്റന്റ് ഡയറക്ടറോട് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെയായും തുക റീക്ലപ്പ് ചെയ്തിട്ടില്ല. ആയതിനാൽ മേൽ തുക വീഴ്ചവരുത്തിയ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി ജില്ലാപഞ്ചായത്തിന് അടവാക്കി അറിയിക്കേണ്ടതാണ്. തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 1-46 സ്പന്ദനം -ആയുർവ്വേദരംഗത്തെ അനുകരണീയ പദ്ധതി

കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ സഹകരണത്തോടെ ഭാരതീയ ചികിത്സാവകുപ്പ് നടപ്പാക്കിവരുന്ന പദ്ധതികളിൽ ഏറെ ശ്രദ്ധിക്കപ്പെട്ടതും തിരുവനന്തപുരത്ത് വച്ചുനടന്ന ആയുഷ് കോൺക്ളേവിൽ തെരെഞ്ഞെടുക്കപ്പെട്ട പദ്ധതികളിൽ പ്രഥമസ്ഥാനം ലഭിച്ച പദ്ധതിയുമാണ് 'സ്പന്ദനം'. 2010-12 ൽ കോഴിക്കോട് ജില്ലാ ആശുപത്രിയിൽ കുട്ടികൾക്കുള്ള ഒ.പി യായി തുടങ്ങിയ പദ്ധതി കുട്ടികളിലെ വളർച്ചാ വൈകല്യങ്ങൾക്കുള്ള ചികിത്സാ പദ്ധതിയായി 'ആയുരാശ്വാസ് 'എന്ന പേരിൽ ആയുർവേദ ആശുപത്രി കേന്ദ്രീകരിച്ച് ആരംഭിക്കുകയും പിന്നീട് കുട്ടികളിലെ പഠന പെരുമാറ്റ വൈകല്യങ്ങൾകൂടി ഉൾപ്പെടുത്തി 'സ്പന്ദനം' എന്ന നൂതന പദ്ധതിക്ക് രൂപം നൽകുകയും ചെയ്തു.

പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾക്കായി 06.09.2015ൽ പുറക്കാട്ടിരിയിൽ എ.സി.ഷൺമുഖദാസ് മെമ്മോറിയൽ ആയുർവേദിക് ചൈൽഡ് & അഡോളസെന്റ് കെയർ സെന്റർ പ്രവർത്തനമാരംഭിച്ചു. കോഴിക്കോട് ജില്ലയിലെ വിവിധ ആയുർവേദ ആശുപത്രികളായ നൊച്ചാട്, കുന്നമ്മൽ, വടകര, തലയാട്, വെണ്ണക്കോട്, പയ്യോളി, കടലുണ്ടി, ചെറുവണ്ണൂർ എന്നിവിടങ്ങളിൽ സ്പന്ദനം സബ്സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. 2019 ൽ നടന്ന അന്താരാഷ്ട്ര ആയുഷ് കോൺക്ളേവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കിയ പദ്ധതികളുടെ അവതരണത്തിൽ ഏറ്റവും മികച്ച പദ്ധതിയ്ക്കുള്ള ഒന്നാം സമ്മാനമായ മൂന്ന് ലക്ഷം രൂപയും പ്രശസ്തിപത്രവും കരസ്ഥമാക്കി എന്നുള്ളത് പ്രശംസനീയമാണ്.

പഠനപെരുമാറ്റ വൈകല്യങ്ങളും ശാരീരിക മാനസിക വളർച്ചാ പ്രയാസങ്ങളുമുള്ള കുട്ടികളും അവരുടെ രക്ഷിതാക്കളുമാണ് സ്പന്ദനം പദ്ധതിയുടെ ഗുണഭോക്താക്കൾ. ആയതുകൊണ്ടുതന്നെ ഈ പദ്ധതി കൂടുതൽ കരുത്താർജ്ജിച്ച് മുന്നോട്ട് പോകേണ്ടത് സമൂഹനന്മക്ക് ഒഴിച്ചുകൂടാനാകാത്തതാണ്.

ഔഷധങ്ങളും അനുബന്ധ സാമഗ്രികളും വാങ്ങുന്നതിനും ക്ളിനിക്കൽ പുരോഗതിക്കും ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി ജില്ലാ പഞ്ചായത്ത് കഴിഞ്ഞ അഞ്ച് വർഷം ചെലവഴിച്ച തുകയുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 796/16 | പഠനവൈകല്യമുള്ള കുട്ടികൾക്ക് ചികിൽസാ പദ്ധതി-സ്പന്ദനം-രണ്ടാം ഘട്ടം | 3322400 | 2767711 |
| 2 | 804/16 | പുറക്കാട്ടിരി കുട്ടികളുടെയും കൗമാരക്കാരുടെയും ആയുർവേദാശുപത്രി യിലേക്ക് മരുന്ന് വാങ്ങൽ | 500000 | 500000 |
| 3 | 192/16 | പുറക്കാട്ടിരി ചൈൽഡ്& അഡോളസെന്റ് കെയർ സെന്റർ ചുറ്റുമതിൽ നിർമ്മാണം | 2500000 | 794019 |
| 4 | 547/16 | ആശുപത്രി അനക്സ്-പുറക്കാട്ടിരി ചൈൽഡ്& അഡോളസെന്റ് കെയർ സെന്റർ | 5263287 | 4447538 |
| 5 | 441/17 | പഠനവൈകല്യമുള്ള കുട്ടികൾക്ക് ചികിൽസാ പദ്ധതി-സ്പന്ദനം - | 4737500 | 4591710 |
| 6 | 70/17 | പുറക്കാട്ടിരി ചൈൽഡ്& അഡോളസെന്റ് കെയർ സെന്റർ ചുറ്റുമതിൽ നിർമ്മാണം | 1705981 | 1357936 |
| 7 | 325/17 | ആശുപത്രി അനക്സ്-പുറക്കാട്ടിരി ചൈൽഡ്& അഡോളസെന്റ് കെയർ സെന്റർ – പൂർത്തീകരണം | 4600000 | 4001381 |
| 8 | 622/17 | പുറക്കാട്ടിരി കുട്ടികളുടെയും കൗമാരക്കാരുടെയും ആയുർവേദാശുപത്രി യിലേക്ക് മരുന്ന് വാങ്ങൽ | 1000000 | 1000000 |
| 9 | 624/17 | പുറക്കാട്ടിരി ചൈൽഡ്& അഡോളസെന്റ് കെയർ സെന്റർ കണ്ടിജൻസി ചെലവുകളും മറ്റ് ചെലവുകളും | 500000 | 75887 |
| 10 | 30/18 | പഠനവൈകല്യമുള്ള കുട്ടികൾക്ക് ചികിൽസാ പദ്ധതി-സ്പന്ദനം - | 6000000 | 6000000 |
| 11 | 36/18 | പുറക്കാട്ടിരി കുട്ടികളുടെയും കൗമാരക്കാരുടെയും ആയുർവേദാശുപത്രി യിലേക്ക് മരുന്ന് വാങ്ങൽ | 1000000 | 1000000 |
| 12 | 752/18 | പുറക്കാട്ടിരി കുട്ടികളുടെയും | 500000 | 499998 |

| | | | | |
|---|---|---|---|---|
| | | കൗമാരക്കാരുടെയും ആയുർവേദാശുപത്രി യിലേക്ക് നിത്യോപയോഗ സാധനങ്ങൾ ഉപകരണങ്ങൾ വാങ്ങൽ | | |
| 13 | 31/18 | പുറക്കാട്ടിരി ചൈൽഡ്& അഡോളസെന്റ് കെയർ സെന്റർ ഭൗതിക സാഹചര്യങ്ങൾ | 2500000 | 1488000 |
| 14 | 252/19 | വളർച്ചാ പെരുമാറ്റ പ്രശ്നങ്ങളുള്ള കുട്ടികൾക്ക് ചികിൽസാ പദ്ധതി – സ്പന്ദനം - | 7000000 | 7000000 |
| 15 | 646/19 | പുറക്കാട്ടിരി ചൈൽഡ് & അഡോളസെന്റ് കെയർ സെന്റർ ഭൗതിക സാഹചര്യങ്ങൾ | 7440500 | 1752868 |
| 16 | 544/20 | കുട്ടികൾക്കുള്ള ആയുർവേദ ചികിൽസാ പദ്ധതി | 7000000 | 6464179 |
| 17 | 442/20 | പുറക്കാട്ടിരി കുട്ടികളുടെയും കൗമാരക്കാരുടെയും ആയുർവേദാശുപത്രി യിലേക്ക് മരുന്ന് വാങ്ങൽ | 1000000 | 1000000 |
| 18 | 484/20 | പുറക്കാട്ടിരി കുട്ടികളുടെയും കൗമാരക്കാരുടെയും ആയുർവേദാശുപത്രി യിലേക്ക് നിത്യോപയോഗ സാധനങ്ങൾ ഉപകരണങ്ങൾ വാങ്ങൽ | 500000 | 66359 |
| 19 | 1007/20 | പുറക്കാട്ടിരി ചൈൽഡ്& അഡോളസെന്റ് കെയർ സെന്റർ ഭൗതിക സാഹചര്യങ്ങൾ | 5687632 | 2039928 |

പദ്ധതിക്കായി വകയിരുത്തുന്ന തുക 2012-13ലെ ഇരുപത് ലക്ഷത്തിൽ നിന്നും തുടങ്ങി 2019-20 ൽ 1.41 കോടിയിലെത്തി നിൽക്കുകയാണ്. ആയുർവേദ ചികിൽസാ ശാസ്ത്രത്തെ പ്രധാന ചികിൽസയായി നിലനിർത്തികൊണ്ടുതന്നെ സൈക്കോളജി, സ്പീച്ച് തെറാപ്പി, ക്ലിനിക്കൽ യോഗ, ഫിസിയോതെറാപ്പി, ഒക്യുപ്പേഷണൽ തെറാപ്പി, ലേണിംഗ് അസസ്മെന്റ് & റെമഡിയൽ ട്രെയിനിംഗ് തുടങ്ങിയ ചികിൽസാ രീതികളെ സമന്വയിപ്പിച്ച് നടപ്പിലാക്കാൻ സാധിച്ചു എന്നുള്ളതാണ് പദ്ധതിയുടെ വിജയം.

കഴിഞ്ഞ ഏഴ് വർഷത്തെ ചികിൽസയിലൂടെ മുപ്പതിനായിരത്തിൽപ്പരം കുട്ടികൾക്കും അവരുടെ രക്ഷിതാക്കൾക്കും സാന്ത്വനമേകാൻ സ്പന്ദനം പദ്ധതിക്ക് സാധിച്ചിട്ടുണ്ട്. ഇക്കാലയളവിൽ നിരവധി അംഗീകാരങ്ങൾ

പദ്ധതിയെ തേടിയെത്തിയിട്ടുണ്ട്. ഡോക്ടർമാരുടെയും സപ്പോർട്ടിംഗ് തെറാപ്പി സ്റ്റാഫുകളുടെയും മറ്റു ജോലിക്കാരുടെയും ആത്മാർത്ഥപരിശ്രമം പദ്ധതിയുടെ വിജയത്തിനുപിന്നിലുണ്ട്.

സ്പന്ദനം പ്രേജക്ട് പ്രകാരം 2013-14 മുതൽ 2019-20 വരെയുള്ള കാലയളവിലെ ഗുണഭോക്താക്കളുടെ (രോഗികളുടെ) എണ്ണം ചുവടെ കൊടുക്കുന്നു. രോഗികളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവ് പ്രോജക്ടിന്റെ അനിവാര്യതയെ സൂചിപ്പിക്കുന്നതാണ്.

സൂചിപ്പിക്കുന്നതാണ്.

| ക്രമ നം. | വർഷം | രോഗികളുടെ എണ്ണം |
|---|---|---|
| 1 | 2013-14 | 3328 |
| 2 | 2014-15 | 9229 |
| 3 | 2015-16 | 11257 |
| 4 | 2016-17 | 19362 |
| 5 | 2017-18 | 26745 |
| 6 | 2018-19 | 27756 |
| 7 | 2019-20 | 24648 |

സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും അകറ്റിനിർത്തപ്പെട്ട കുട്ടികളോടും അവരുടെ കുടുംബത്തോടുമുള്ള സമീപന രീതിയിൽ മാറ്റം കൊണ്ടുവരുന്നതിനും ഇത്തരം പാർശ്വവൽക്കരിക്കപ്പെട്ടവരുടെ പ്രശ്നങ്ങളിലേക്ക് അധികാരികളുടെയും ആസൂത്രണ സമിതികളുടെയും ശ്രദ്ധപതിപ്പിക്കുന്നതിനും ഉതകുന്ന രീതിയിൽ പ്രോജക്ട് ശക്തിപ്പെടുത്താനും ഈ രംഗത്തെ നൂതന ആശയങ്ങളും ചികിൽസാ രീതികളും പ്രോജക്ടിലേക്ക് സന്നിവേശിപ്പിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്. ഡോക്ടർമാർക്കും മറ്റ് ആരോഗ്യ പ്രവർത്തകർക്കും നൂതന ചികിൽസാ രീതികളെ സംബന്ധിച്ച് പരിശീലനങ്ങൾ നൽകുന്നതിനും പ്രോജക്ടിൽ വിഭാവനം ചെയ്യാവുന്നതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 പുതുക്കയം നിട്ടംപറമ്പ് ചിറ്റാരി റോഡ് കട്ടിംഗ് - പുനഃസ്ഥാപിക്കൽ ചാർജ്ജ് ഈടാക്കിയതിൽ കുറവ്

വാണിമേൽ ഗ്രാമപഞ്ചായത്തിലെ പുതുക്കയം നിട്ടംപറമ്പ് ചിറ്റാരി റോഡ് കട്ട് ചെയ്ത് ഒപ്റ്റിക്കൽ ഫൈബർ കേബിൾ സ്ഥാപിക്കുന്നതിനായി റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ അനുമതിക്കായി അപേക്ഷിച്ചിരുന്നു. പ്രസ്തുത അപേക്ഷ പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിനായി എഞ്ചിനീയറിംഗ് വിഭാഗത്തിന് കൈമാറുകയും എക്സിക്യൂട്ടീവ് എഞ്ചിനീയർ റോഡ് പുനസ്ഥാപിക്കുന്നതിനുള്ള ചാർജ്ജ് കണക്കാക്കുകയും, തുക ഈടാക്കി അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഫയൽ നം. | പി5/445/19 Dt.22/2/19 |

| | |
|---|---|
| പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി അനുമതി | തീരുമാനം നം-23/19(2)തീയതി. 13.06.19 |
| എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അനുമതി | ഡി1/OFC/2019 DT.18.10.2019 |
| അനുമതിയുടെ വിശദാംശം | .50 മീറ്റർ വീതിയിൽ 5180 മീറ്റർ Berm കട്ടിംഗ്<br>.50 മീറ്റർ വീതിയിൽ 20 മീറ്റർ ഐറിഷ് കട്ടിംഗ് |

തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ വിശദാംശം

| ഇനം | അളവ് | നിരക്ക് | തുക |
|---|---|---|---|
| Road Berm Cutting For Laying Cable | 5180x.5x1.5= 3885ച.മീ | 329.87@/ച.മീ | 1281545.00 |
| Concrete Road Irish Cutting For Laying Cable | 20x.5x1.5=15 ച.മീ | 6252.24@/ച.മീ | 93784.00 |
| ആകെ | | | 1375329.0 |

പൊതുമരാമത്ത് വകുപ്പ് (റോഡ്സ് ) ചീഫ് എഞ്ചിനീയറുടെ 30.03.2019 തീയതിയിലെ സി.ഇ/ആർ&ബി/ ജിഎൽ-ആർസി/2/2019 നമ്പർ സർക്കുലർ പ്രകാരം റോഡ് പുനസ്ഥാപിക്കൽ ചാർജ്ജ് പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. പഴയ നിരക്കിലാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. യഥാർത്ഥത്തിൽ ഈടാക്കേണ്ടിയിരുന്ന പുനസ്ഥാപിക്കൽ ചാർജ്ജിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | അളവ് | നിരക്ക് | തുക |
|---|---|---|---|
| Road Berm Cutting For Laying Cable | 5180x.5x1.5= 3885ച.മീ | 359.85@/ ച.മീ | 1398017.25 |
| Concrete Road Irish Cutting For Laying Cable | 20x.5x1.5=15 ച.മീ | 5473.44@/ ച.മീ | 82101.60 |
| ആകെ | | | 1480118.85<br>1480119/- |
| ഈടാക്കിയ തുക – 1375329/- രൂപ (രസീത്. നം-119010400009/5.09.19)<br>ഈടാക്കേണ്ടിയിരുന്നത്----------1480119/-രൂപ,<br>കുറവ് വന്നത് - 104790/- രൂപ | | | |

പുതുക്കിയ നിരക്ക് പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി ഫീസ് ഈടാക്കാത്തതിനാൽ റോഡ് പുനസ്ഥാപിക്കൽ ഫീ ഇനത്തിൽ 104790/- രൂപ കുറവ് വന്നിട്ടുണ്ട്. ഇതു സംബന്ധിച്ച് നൽകിയ അന്വേഷണകുറിപ്പിന് (44/01.02.21) മറുപടി ലഭ്യമാക്കിയിട്ടില്ല. ജില്ലാ പഞ്ചായത്തിന് വരവിനത്തിൽ നഷ്ടം വന്ന 104790/-രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അടക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 റീയൂസബിൾ ഐറ്റം കുറവ് ചെയ്യാതെ കരാറുകാരന് തുക നൽകിയത് വഴി നഷ്ടം

പ്രോജക്ട് നം-752/19-20

അടങ്കൽ -2502791 (വികസനഫണ്ട്)

ചെലവ് -2502791( ബിൽ നം-35/22-5-19)

നിർവ്വഹണം-അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

2017-18 ൽ മുട്ടനട അടലാട്ട് റോഡ് നിർമ്മാണ പ്രവൃത്തിക്കായി അംഗീകരിച്ച എസ്റ്റിമേറ്റിൽ 550 മീറ്റർ നീളത്തിൽ Damage ആയിട്ടുള്ള കരിങ്കൽകെട്ട് പൊളിച്ച് പുതിയ DR കെട്ടി മണ്ണ് ഫില്ലിംഗ് ചെയ്യാനാണ് ഉദ്ദേശിച്ചത്. എന്നാൽ കഴിഞ്ഞ കാലവർഷത്തിൽ നിലവിലുള്ള കരിങ്കൽകെട്ടിന് കനത്ത നാശനഷ്ടം സംഭവിച്ചതിനാൽ കരാർ തുകയിൽ നിന്നുകൊണ്ട് എസ്റ്റിമേറ്റിൽ പരാമർശിച്ച പ്രകാരം 550 മീറ്റർ നീളത്തിൽ സൈഡ് കെട്ട് ചെയ്യാൻ സാധിക്കുകയില്ലെന്നും ആയത് 510 മീറ്റർ ആയി കുറയുമെന്നും കൂടാതെ റോഡ് മണ്ണിട്ടുയർത്തി ക്വാറിമക്ക് ഉപയോഗിച്ച് ബലപ്പെടുത്തേണ്ട പ്രവൃത്തിയും അത്യാവശ്യമായി ചെയ്യേണ്ടതിനാൽ പ്രസ്തുത മാറ്റങ്ങൾ ഉൾക്കൊള്ളിച്ച് കരാർ തുകയിൽ അധികരിക്കാതെ എസ്റ്റിമേറ്റ് ഭേദഗതി ചെയ്യുന്നതിനായി എക്സിക്യൂട്ടീവ് എഞ്ചിനീയർ സെക്രട്ടറിയോട് അപേക്ഷിക്കുകയും ആയത് പ്രകാരം റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയുമാണ് പ്രവൃത്തി നിർവ്വഹണം നടത്തിയിട്ടുള്ളത്.

പ്രവൃത്തിയുടെ എം.ബുക്ക് പരിശോധിച്ചതിൽ (എം ബുക്ക് നം-623/17-18) ഐറ്റം നമ്പർ 1 ആയി നിലവിലെ കൽകെട്ട് പൊളിച്ച ഇനത്തിൽ റീയൂസബിൾ ഐറ്റം ആയി 29.704 എംക്യൂബ് ഡ്രൈറബിൾ സ്റ്റാക്ക് ചെയ്തത് അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട് (എം.ബുക്ക് പേജ്-3).

ഫൈനൽ ബിൽ പരിശോധിച്ചതിൽ ഐറ്റം നമ്പർ 3 ആയി ചെയ്ത Dry Rubble Without Concrete Including All Cost And Coveyance Of Materials And Labour Charge Etc Complete ആയി 517 മീറ്റർ കരിങ്കൽ കെട്ടിയയിനത്തിൽ ആകെ 543.97 എംക്യൂബ് ന് 2471 രൂപ നിരക്കിൽ 1344149.87 രൂപ കോൺട്രാക്ടർക്ക് അനുവദിച്ചിട്ടുണ്ട് (എം.ബുക്ക് പേജ്-39). ഐറ്റം നമ്പർ 4 ആയി DR With Departmental Rubble Dry Rubble Masonry Without Concrete As Per The Direction Of Deptl Officers At Site ആയി നേരത്തെ സ്റ്റാക്ക് ചെയ്ത 29.538 എംക്യൂബിന് 920 രൂപ നിരക്കിൽ 27174.96 രൂപയും അനുവദിച്ചിട്ടുണ്ട്. റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം ഐറ്റം നം-3 Dry Rubble Masonry ആയി 517 മീറ്ററിലെ പ്രവൃത്തിക്ക് 543.967 എംക്യൂബ് കണക്കാക്കിയത് സ്റ്റാക്ക് ചെയ്ത ഇനത്തിൽ ലഭിച്ച 29.538 എംക്യൂബ് കല്ല് കഴിച്ചാണ് എന്നാൽ എം ബുക്ക് പ്രകാരം ഐറ്റം നമ്പർ 3 ആയി കരാറുകാരന് തുക നൽകിയിരിക്കുന്നത് റീയൂസ് ചെയ്ത 29.538 എംക്യൂബ് കുറവ് വരുത്താതെയാണ്. ഇത് വഴി ഐറ്റം നം-3 ഇനത്തിൽ കരാറുകാരന് 72988.39/- രൂപ അധികം നൽകുന്നതിനിടയായിട്ടുണ്ട്. ആയതിന് വിശദീകരണം നൽകേണ്ടതാണ്. അപാകതക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല അധികം നൽകിയ 72988.39/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-2 ജില്ലാ മൃഗാശുപത്രിക്ക് ഫോട്ടോകോപ്പിയർകംസ്കാനർ പ്രിന്റർ വാങ്ങൽ കെൽട്രോണിന് മുൻകൂർ പണം നൽകിയിട്ടും നാളിതുവരെയായും സാധനങ്ങൾ ലഭിച്ചില്ല

പ്രോജക്ട് നം-1078

നിർവ്വഹണം- ഡെപ്യൂട്ടി ഡയറക്ടർ മൃഗസംരക്ഷണം .

അടങ്കൽ - 35000/-(മെയിന്റനൻസ് ഗ്രാന്റ് റോഡിതരം)

ചെലവ് -33101/- (ബിൽ നം-1/24-2-20 14851/-രൂപ, ബിൽ നം-2/25-2-20 18250/- രൂപ)

ജില്ലാ മൃഗാശുപത്രിക്ക് ഫോട്ടോകോപ്പിയർകംസ്കാനർ പ്രിന്റർ, ടോക്കൺമെഷീൻ, വെയിംഗ് മെഷീൻ എന്നിവ വാങ്ങുന്നതിനായാണ് പ്രോജക്ട് നടപ്പാക്കിയത് . ഇതിൽ 18250/- രൂപ ചെലവഴിച്ച് വെയിംഗ് മെഷീൻ, ടോക്കൺ മെഷീൻ എന്നിവ വാങ്ങുകയും ആയത് സ്റ്റോക്കിലെടുത്ത് നിലവിൽ ആശുപത്രി ആവശ്യങ്ങൾക്ക് ഉപയോഗിച്ചു വരുന്നുമുണ്ട്. എന്നാൽ കെൽട്രോണിന്റെ 11-12-2019 ലെ ടിവിഎം/ഐടിബിജി/പിഐ / ആർസി/12384/19-20 പെർഫോർമാ ഇൻവോയ്സ് പ്രകാരം എ4 മൾട്ടിഫംഗ്ഷൻ പ്രിന്റർ/കോപ്പിയർ/സ്കാനറിനുള്ള വിലയായി 14851/-രൂപ ട്രഷറി ബിൽ നം 2/25-2-20 പ്രകാരം കേരളാ സ്റ്റേറ്റ് ഐടി മിഷന് കൈമാറിയിട്ടുണ്ടെങ്കിലും നാളിതുവരെയായും മേൽ സാധനം മൃഗാശുപത്രിക്ക് സപ്ലൈ ചെയ്തിട്ടില്ല. കെൽട്രോണിൽ നിന്നും പെർഫോർമാ ഇൻവോയ്സ് പ്രകാരമുള്ള സാധനങ്ങൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല (ഒ.എസ്-32/13-01-21) ചെലവ് തുക 14851/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

# ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 2500000 | മാമ്പുഴ നവീകരണം | | |
| കോഴിക്കോട് ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 500000 | മാമ്പുഴ നവീകരണം | | |
| | 2017-18 | 610250 | മാമ്പുഴ നവീകരണം | | |
| | 2017-18 | 1355160 | മാമ്പുഴ നവീകരണം | | |
| | 2018-19 | 34590 | മാമ്പുഴ നവീകരണം | | |
| | | 5000000 | | 2653876 | 2346124 |
| ഒളവണ്ണ ഗ്രാമ പഞ്ചായത്ത് | 2017-18 | 1000000 | മാമ്പുഴ നവീകരണം | | |
| | 2017-18 | 1500000 | മാമ്പുഴ നവീകരണം | | |
| പെരുവയൽ ഗ്രാമ പഞ്ചായത്ത് | 2017-18 | 2500000 | മാമ്പുഴ നവീകരണം | | |
| പെരുമണ്ണ ഗ്രാമ പഞ്ചായത്ത് | 2017-18 | 896900 | മാമ്പുഴ നവീകരണം | | |
| | 2017-18 | 282610 | മാമ്പുഴ നവീകരണം | | |
| | 2018-19 | 1320490 | മാമ്പുഴ നവീകരണം | | |
| ചാത്തമംഗലം ഗ്രാമ പഞ്ചായത്ത് | 2018-19 | 200000 | പെരുവഴിക്കടവ് ലിഫ്റ്റ് ഇറിഗേഷൻ | | |
| | 2019-20 | 300000 | പെരുവഴിക്കടവ് ലിഫ്റ്റ് ഇറിഗേഷൻ | | |
| | | 8000000 | | 2439308 | 5560692 |
| **ആകെ** | | **13000000** | | **5093184** | **7906816** |

## 4-2 ഓഡിറ്റ് വർഷം ഡെപ്പോസിറ്റ് വർക്കിനായി നല്കിയ തുകയുടെ വിവരം

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെല വഴിച്ച തുക | നിലവിലെ സ്ഥിതി |
|---|---|---|---|---|---|---|
| 1 | കുറ്റ്യാടി ഇറിഗേഷൻ പ്രോജക്ട് | ഉപ്പിലോറ കനാൽ പാലം, തിരുവള്ളൂർ | 34/ 28.2.2020 | 100000 | 0 | പൂർത്തീകരിച്ചില്ല |
| 2 | കുറ്റ്യാടി ഇറിഗേഷൻ പ്രൊജക്ട് | പെരുമ്പാലശ്ശേരി മുക്ക് റോഡ്-കീഴരിയൂർ | 367/ 30.3.2020 | 100000 | 0 | ടി |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| 3 | കുറ്റ്യാടി ഇറിഗേഷൻ പ്രൊജക്ട് | മാമ്പൊയിൽ മുക്ക് മൊകേരി ഗവ.കോളേജ് റോഡ്, കുന്നമ്മൽ | 369/ 30.3.2020 | 100000 | 0 | ടി |
| 4 | കുറ്റ്യാടി ഇറിഗേഷൻ പ്രൊജക്ട് | മാമ്പിലാക്കുന്ന് കനാൽ റോഡ് - രണ്ടാംഘട്ടം- കായക്കൊടി | 341/ 25.2.2020 | 100000 | 0 | ടി |
| 5 | കുറ്റ്യാടി ഇറിഗേഷൻ പ്രൊജക്ട് | പാറക്കിനാറ്റുമ്മൽ തച്ചോറ മലയിൽ മുതുവാട് താഴം കനാൽ ബ്രിഡ്ജ് | 183/ 5.9.19 | 1400000 | 1400000 | പൂർത്തീ കരിച്ചു |
| 6 | കുറ്റ്യാടി ഇറിഗേഷൻ പ്രൊജക്ട് | ചായാടത്ത് ഇല്ലം ഈങ്ങാളി താഴെ കനാൽ റോഡ് - ബാലുശ്ശേരി | 162/ 22.8.19 | 2000000 | 2000000 | പൂർത്തീ കരിച്ചു |
| 7 | കുറ്റ്യാടി ഇറിഗേഷൻ പ്രൊജക്ട് | കൊളത്തൂർ നോർത്ത് കനാൽ റോഡ്- നന്മണ്ട | 132/ 20.7.19 | 1500000 | 1500000 | പൂർത്തീ കരിച്ചു |
| 8 | മൈനർ ഇറിഗേഷൻ | വെള്ളിയൂർക്കുളം -നൊച്ചാട് | 168/ 17.8.19 | 2500000 | 0 | പൂർത്തീക രിച്ചില്ല |
| 9 | മൈനർ ഇറിഗേഷൻ | ചെക്യാട് വി.സി.ബി - ചെക്യാട് | 168/ 17.8.19 | 2000000 | 0 | ടി |
| 10 | മൈനർ ഇറിഗേഷൻ | പെരുവഴിക്കടവ് ലിഫ്റ്റ് ഇറിഗേഷൻ- ചാത്തമംഗലം | 168/ 17.8.19 | 6000000 | 0 | ടി |
| 11 | മൈനർ ഇറിഗേഷൻ | വടക്കുമ്പാട് വി.സി.ബി -കടലുണ്ടി | 168/ 17.8.19 | 1500000 | 0 | ടി |
| 12 | മൈനർ ഇറിഗേഷൻ | പൂളേങ്കര ചാലി -ഒളവണ്ണ | 168/ 17.8.19 | 2500000 | 0 | ടി |
| 13 | മൈനർ ഇറിഗേഷൻ | വെള്ളുവയൽ പാടശേഖരം ഇൻഫ്രാസ്ട്രക്ച്ചർ ഫെസിലിറ്റീസ്, കോടഞ്ചേരി | 168/ 17.8.19 | 3990000 | 3990000 | പൂർത്തീ കരിച്ചു |
| 14 | മൈനർ ഇറിഗേഷൻ | പുഞ്ചപ്പാടം വി.സി.ബി, ചേറോട് | 168/ 17.8.19 | 500000 | 0 | ടി |
| 15 | മൈനർ ഇറിഗേഷൻ | ചെരണ്ടത്തൂർ ചിറത്തോട് മണിയൂർ | 168/ 17.8.19 | 2000000 | 0 | ടി |
| 16 | മൈനർ ഇറിഗേഷൻ | ഓലപ്പുഴ പെരുമ്പുഴക്കടവ് തോട് പ്രൊട്ടക്ഷൻ- ഏറാമല | 168/ 17.8.19 | 1000000 | 0 | ടി |
| 17 | മൈനർ ഇറിഗേഷൻ | ചക്കരത്തോട് റിന്നവേഷൻ - മൂടാടി | 137/ 20.7.20 | 300000 | 0 | ടി |
| 18 | മൈനർ ഇറിഗേഷൻ | പള്ളിക്കൽ മണക്കാട്ടുപാലം – പെരുവയൽ പുഞ്ചപ്പാടം ലിഫ്റ്റ് ഇറിഗേഷൻ - മാവൂർ | 230/ 30.9.19 | 8500000 | 0 | ടി |
| 19 | കേരള വാട്ടർ അതോറിറ്റി | വടക്കേമുക്ക്- ഓടോളിത്താഴം ഭാഗം പൈപ്പ് | 161/ 17.8.2020 | 500000 | 0 | ടി |

| | | | | | | |
|---|---|---|---|---|---|---|
| | | ലൈൻ നീട്ടുന്ന പ്രവൃത്തി | | | | |
| 20 | കെ.എസ്.ഇ.ബി, കക്കോടി | കിരാലൂർ പാടശേഖര സമിതി പമ്പ്ഹൗസ് - 3 ഫേസ് ലൈൻ സ്ഥാപിക്കൽ | 7/ 18.1.2020 9/ 23.3.2020 | 205434 | 0 | പൂർത്തീകരിച്ച |
| 21 | പി.ഡബ്ല്യൂ.ഡി ഇലക്ട്രിക്കൽ ഡിവിഷൻ, കോഴിക്കോട് | സെന്റേജ് ചാർജ്ജ് (വടകര ജില്ലാ ആശുപത്രിയിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ) | 6/ 30.7.2019 | 250000 | 0 | പൂർത്തീകരിച്ചില്ല |
| 22 | പി.ഡബ്ല്യൂ.ഡി ഇലക്ട്രിക്കൽ ഡിവിഷൻ, കോഴിക്കോട് | സെന്റേജ് ചാർജ്ജ് (ജില്ലാ പഞ്ചായത്ത് ഓഫീസ് റീ വയറിങ്ങ്) | 07/ 30.7.2019 | 56250 | 0 | ടി |
| 23 | പി.ഡബ്ല്യൂ.ഡി ഇലക്ട്രിക്കൽ ഡിവിഷൻ, കോഴിക്കോട് | സെന്റേജ് ചാർജ്ജ് (പേരാമ്പ്ര വനിതാ ഹോസ്റ്റൽ റീ വയറിങ്ങ്) | 8/ 30.7.2019 | 45000 | 0 | ടി |

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായുള്ള പ്രോജക്ടുകൾ പ്രകാരമുള്ള ഡെപ്പോസിറ്റ് തുകകളും മറ്റ് നിർവ്വഹണോദ്യോഗസ്ഥരുടെ പ്രോജക്ടുകളിൽ, തനതുഫണ്ടിൽ നിന്നും ഡെപ്പോസിറ്റ് വർക്കിനായി തുക കൈമാറിയിട്ടുണ്ടെങ്കിൽ ആ വിവരങ്ങളും മാത്രമാണ് ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി- 18ൽ അക്കൗണ്ട് ചെയ്തിട്ടുള്ളത്. ആയതു പ്രകാരം അസി.എക്സി.എഞ്ചിനീയർ, എക്സി.എഞ്ചിനീയർ എന്നീ നിർവ്വഹണോദ്യോഗസ്ഥരെ സംബന്ധിച്ച മേൽ പട്ടിക വിവരങ്ങൾ ബി- 18 ഷെഡ്യൂളിലേതുമായി പൊരുത്തപ്പെടുന്നില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരം

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല.

## 4-5 സ്ഥിര നിക്ഷേപം

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

**(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക**

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തര വാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 1997-98 | 43 (ഭാഗികം) | ജെ.രാധാകൃഷ്ണൻ സെക്രട്ടറി | LF9695/ Spl.Cell SC4/2000 Dtd-01-11-02 | 13,895 | 16,962/- രൂപ രസീത് നം-91/ 16955/03 Dtd- 30/07/03 | | | | | | |
| 2 | 1999- | 65(3), | കെ.പി. പ്രസന്നൻ | LF 16197/ | | | | | | | | |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | 2000 | (4), (6), 26 | ഡയറക്ടർ ഫുഡ് പ്രോസസ്സിംഗ് ആന്റ് ന്യൂട്രീഷ്യൻ സെന്റർ<br>ബാലുശ്ശേരി.<br>ഇ.എ.കൃഷ്ണൻ, അസിസ്റ്റന്റ് സെക്രട്ടറി | Spll. Celll/Sc 5/03<br>Dtd- 23-11-05<br>Dtd- 28-08-06<br>Dtd- 26-12-06 | | | | | | | | |

**(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക.**

ഇല്ല.

## 4-8 സമാഹൃത ഓഡിറ്റ്റിപ്പോർട്ട് വിവരം

**പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.**

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| | | 1999-00 | IV.57.1(A) | സോളാർ ഫെൻസിംഗ് | എൽ.എഫ്.എ.സി യുടെ 2004-06 പത്താമത് റിപ്പോർട്ടിൽ ഖണ്ഡിക 21, 22, 23, 24 ആയി ഉൾപ്പെട്ടു. |
| | | | IV.57.1(B) | മത്സ്യ ബന്ധനം | എൽ.എഫ്.എ.സി.യുടെ 2004-06 പത്താമത് റിപ്പോർട്ടിൽ ഖണ്ഡിക 27, 28 ധന വിനിയോഗ റിപ്പോർട്ട് ഓഡിറ്റിന് കൈമാറണം |
| | | | IV.57.1(C) | മലബാറി ആട് സംരക്ഷണം | എൽ.എഫ്.എ.സി യുടെ 2004-06 പത്താമത് റിപ്പോർട്ടിൽ ഖണ്ഡിക 34 |
| | | | IV.57.1(D) | മിനി വ്യവസായ എസ്റ്റേറ്റ് | എൽ.എഫ്.എ.സി യുടെ 2004-06 പത്താമത് റിപ്പോർട്ടിൽ ഖണ്ഡിക 57 വ്യവസായ |

| | | | | | |
|---|---|---|---|---|---|
| | | | | | എസ്റ്റേറ്റ് പുരോഗതി സമിതിയെ അറിയിക്കണം |
| | | | IV.57.1(E) | അട്ടപ്പ് മോൾഡ് നിർമ്മാണ യൂണിറ്റ് | എൽ.എഫ്. എ.സി യുടെ 2004-06 പത്താമത് റിപ്പോർട്ടിൽ ഖണ്ഡിക 61 |
| | | | IV.57.1(F) | പൊയിൽ കാവ് - കാഞ്ഞില ശ്ശേരി റോഡ് | എൽ.എഫ്. എ.സി യുടെ 2004-06 പത്താമത് റിപ്പോർട്ടിൽ ഖണ്ഡിക 66, 67 വകുപ്പ് തല നടപടിക്ക് ശുപാർശ. |
| | | | IV.57.1(G) | ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് സഹായം | എൽ.എഫ്. എ.സി യുടെ 2004-06 പത്താമത് റിപ്പോർട്ടിൽ ഖണ്ഡിക 75<br>തൃപ്തികരമായ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഒഴിവാക്കാവുന്നതാണ് |
| | | | IV.57.1(H) | റിട്ടയർ ചെയ്ത എഞ്ചിനീയർമാരുടെ നിയമനം | എൽ.എഫ്. എ.സി യുടെ 2004-06 പത്താമത് റിപ്പോർട്ടിൽ ഖണ്ഡിക 79<br>കരാർ അടിസ്ഥാനത്തിൽ നിയമിക്കാൻ ശുപാർശ |
| | 1998-99 | | 2000-01 | IV.96(I) | റോഡ് പണി തൃപ്തികരമല്ല ബിൽ നൽകി | എൽ.എഫ്. എ.സി യുടെ 2004-06 പത്താമത് |

| | | | | | |
|---|---|---|---|---|---|
| | | | | | റിപ്പോർട്ടിൽ ഖണ്ഡിക 83. സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്റെ അനുമതി യോടെ നടപടി സ്വീകരി ക്കേണ്ടതാ യിരുന്നു. |
| 1999-00 | 31 | 2001-02 | 11.15.1 | നാടകപഠന കളരി | |
| 1999-00 | 65 | 2001-02 | 11.15.2 | മാനവീയം സാംസ്കാരിക മിഷൻ | |
| 1999-00 | 71 | 2001-02 | 11.15.3 | ബുദ്ധി മാന്ദ്യമുള്ള കുട്ടികളുടെ പുനരധി വാസം | |
| 2002-03 | 2-4 | 2006-07 | 3.79.3.16 | രജിസ്റ്റർ എഴുതി സൂക്ഷി ക്കുന്നില്ല. | |
| 2002-03 | 2-18 | 2006-07 | 3.79.13.7 | സ്റ്റോർ പർച്ചേസ് വ്യവസ്ഥകൾ പാലിച്ചില്ല | |
| 2002-03 | 2-10 | 2006-07 | 3.79.15.4 | ഡെപ്പോസിറ്റ് വർക്ക് | |
| 2002-03 | 2-11 | 2006-07 | 3.79.15.5 | ഡെപ്പോസിറ്റ് വർക്ക് | |
| 2002-03 | 2-46 | 2006-07 | 3.79.16.8.113 | സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല | |
| 2002-03 | 2-20 | 2006-07 | 3.79.16. 15.114 | സ്കൗട്ട്ആന്റ് ഗെയിംസ് ജെ.ആർ.സി പരിശീലനം | |
| 2002-03 | 2-12 | 2006-07 | 3.79.16. 15.114 | ഗ്രാമീണ വൈദ്യുതീ കരണ പദ്ധതി | |
| 2002-03 | 2-9 | 2006-07 | 3.79.18. 19.117 | വാഴോറമല എസ്. സി ശുദ്ധജല പദ്ധതി | |
| 2002-03 | 2-23 | 2006-07 | 3.79.18. 20.117 | ബാക്ടീരിയോ ളജിക്കൽ | |

| | | | | | |
|---|---|---|---|---|---|
| | | | | ലാബ് | |
| 2002-03 | 2-26 | 2006-07 | 3.79.18.21.117 | അങ്കണവാടി പൂർത്തീകരിച്ചില്ല | |
| 2002-03 | 2-30 | 2006-07 | 3.79.18.22.117 | ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല | |
| 2002-03 | 2-31 | 2006-07 | 3.79.18.23.117 | വ്യവസായ എസ്റ്റേറ്റ് ട്രാൻസ്ഫോർമർ സ്ഥാപിക്കൽ | |

| | | | | |
|---|---|---|---|---|
| 2002-03 | 2-40 | 2006-07 | 3.79.18.24.118 | എസ്.ജി.ആർ.വൈ പദ്ധതി |
| 2002-03 | 2-15 | 2006-07 | 3.79.19.19.120 | കോരപ്പുഴ തീര സംരക്ഷണം – അധിക നിരക്ക് നൽകി |
| 2002-03 | 2-24.1 | 2006-07 | പൊതു പരാമർശം | ഈങ്ങോറചാലിൽ ജലസേചനം - അധികനിരക്ക് |
| 2002-03 | 2-24.2 | 2006-07 | പൊതു പരാമർശം | വടക്കുതല ജല സേചനപദ്ധതി – അധികനിരക്ക് |
| 2002-03 | 2-1 | 2006-07 | 3.80.1.121 | ബഡ്ജറ്റ് തയ്യാറാക്കി അംഗീകരിക്കാതെ ചെലവ് |
| 2002-03 | 2-14 | 2006-07 | 3.80.2.121 | ആദായനികുതി കുറവ് ചെയ്തില്ല |
| 2002-03 | 2-16 | 2006-07 | 3.80.3.121,122 | ടാർ അധിക വില നൽകി |
| 2002-03 | 2-29 | 2006-07 | 3.80.4.122 | മണ്ണ് ജല സംരക്ഷണ പ്രവൃത്തികൾ |
| 2002-03 | 2-42 | 2006-07 | 3.80.5.122 | എസ്.ജി.ആർ.വൈ പ്രവൃത്തികൾ ടാർ വാങ്ങിയില്ല |
| 2002-03 | 2-44 | 2006-07 | 3.80.6.122,123 | കനോലി കനാൽ അപാകതകൾ |
| 2002-03 | 2-47 | 2006-07 | 3.80.7.123 | കോരങ്ങാട് കോളിക്കൽ റോഡ് |
| 2002-03 | 2-50(1) | 2006-07 | 3.80.8.123 | മേഖലാടിസ്ഥാനത്തിലുള്ള ചുമതല മറികടന്ന് ചെലവ് |
| 2008-09 | 3-2 | 2010-11 | 2.14 | ഡെപ്പോസിറ്റ് വർക്ക് കാലതാമസം |
| 2009-10 | 3-3 | 2011-12 | 4.17 | അപ്രോച്ച് റോഡ് ഇല്ലാതെ പാലം |
| | | 2012-13 | 3.2.6.1 | ആസ്തി സംരക്ഷണത്തിൽ |

| | | | | |
|---|---|---|---|---|
| | | (പ്രവർത്ത നക്ഷമതാ റിപ്പോർട്ട്) | | വീഴ്ച – കുത്താളി ഫാം |
| | | 2012-13 (പ്രവർത്ത നക്ഷമതാ റിപ്പോർട്ട്) | 3.2.6.2 | ഫാം കൃഷി ഭൂമികൾ ഫലപ്രദമായി വിനിയോഗിക്കുന്നില്ല – തിക്കോടി |
| | | 2012-13 (പ്രവർത്ത നക്ഷമതാ റിപ്പോർട്ട്) | 3.2.6.3 | കെട്ടിട സൗകര്യങ്ങൾ അപര്യാപ്തത - കുത്താളി, തിക്കോടി |
| | | 2012-13 (പ്രവർത്ത നക്ഷമതാ റിപ്പോർട്ട്) | 3.2.6.4 | തൊഴിലാളികളുടെ അഭാവം – തിക്കോടി, കുത്താളി |
| | | 2012-13 (പ്രവർത്ത നക്ഷമതാ റിപ്പോർട്ട്) | 3.2.6.6 | കാർഷിക യന്ത്ര വൽക്കരണം പരാജയം – കുത്താളി |
| | | 2012-13 (പ്രവർത്ത നക്ഷമതാ റിപ്പോർട്ട്) | 3.2.6.10 | സാമ്പത്തിക ഇടപാടുകളിലെ പോരായ്മ -തിക്കോടി |
| | | 2012-13 (പ്രവർത്ത നക്ഷമതാ റിപ്പോർട്ട്) | 3.2.6.11 | ഫാം കൗൺസിൽ പ്രവർത്തനം കാര്യക്ഷമമല്ല – കുത്താളി |
| | | 2012-13 (പ്രവർത്ത നക്ഷമതാ റിപ്പോർട്ട്) | 3.2.6.14 | ഫാമുകളുടെ നടത്തിപ്പ് |
| | | 2013-14 (പ്രവർത്ത നക്ഷമതാ റിപ്പോർട്ട്) | 5.3.5.16 | സബ്സിഡി മാർഗ്ഗരേഖ ലംഘനം |

| | | | | | |
|---|---|---|---|---|---|
| | | 2014-15 (അവ ലോകനം) | 4.1.8 | ആസ്തികൾ കാടുപിടിച്ച് കിടക്കുന്നു | |
| | | 2014-15 (പ്രവർത്ത നക്ഷമതാ റിപ്പോർട്ട്) | 5-എ,5.2 | കോഴി വളർത്തൽ കേന്ദ്രങ്ങൾ – ചാത്തമംഗലം | |
| | | | 5-എ.7 | യന്ത്രങ്ങൾ ഉപയോഗി ക്കുന്നില്ല. | |

| | | | | | |
|---|---|---|---|---|---|
| | | | 5-എ.9 | ആവശ്യാനുസരണം ഉല്പാദിപ്പിച്ച് വിതരണം നടത്താനാവുന്നില്ല | |
| | | | 5-എ.11 | പദ്ധതി നടത്തിപ്പ് ചാത്തമംഗലം ഫാം | |
| സ്പെഷ്യൽ ഓ. റി | | 2017-18 | 2-5 | റോഡുകളുടെ ചുമതലാ വിഭജനം | |
| | | 2017-18 | 2.4.4a അനുബന്ധം 1 | വ്യവസായ എസ്റ്റേറ്റുകളുടെ പ്രവർത്തന ക്ഷമത | |
| | | 2017-18 | 2.4.4b അനുബന്ധം 1 | വ്യവസായ എസ്റ്റേറ്റുകളുടെ പ്രവർത്തന ക്ഷമത | |
| | | 2017-18 | 2.4.4c അനുബന്ധം 1 | വ്യവസായ എസ്റ്റേറ്റുകളുടെ പ്രവർത്തന ക്ഷമത | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 85,20,77,255 രൂപ (മുന്നിരിപ്പ് 18,08,07,911/- ഉൾപ്പടെ) |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 681671905/- രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | 104790/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 87839/- രൂപ |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 41489658/- രൂപ |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 104790 | | ശ്രീ സന്ദീപ്. കെ.ജി, എക്സി.എഞ്ചനീയർ, ത.സ്വ.ഭ.വ |
| 3-2 | | 72988 | ശ്രീ ഷൈജു.ടി.കെ, അസി.എക്സി.എഞ്ചിനീയർ |
| 3-3 | | 14851 | ഡോ.കെ. വി. ഉമ, ഡെ.ഡയറക്ടർ, |

| | | | |
|---|---|---|---|
| | | | മൃഗസംരക്ഷണം |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-11-3(1) | 208896 | സൂപ്രണ്ട്,<br>ജില്ലാ കൃഷി ഫാം, കൂത്താളി |
| 1-11-3(2) | 999248 | സൂപ്രണ്ട്,<br>ജില്ലാ കൃഷി ഫാം, കൂത്താളി |
| ടി | 1329783 | അസി. എക്സി. എഞ്ചിനീയർ(കൃഷി) |
| 1-11-3(3) | 42078 | സൂപ്രണ്ട്,<br>ജില്ലാ കൃഷിഫാം, കൂത്താളി |
| 1-15 | 129894 | ജില്ലാ പട്ടിക വർഗ്ഗവികസന ഓഫീസർ, കോഴിക്കോട് |
| 1-16(1) | 300000 | ടി |
| 1-16(2) | 900000 | ടി |
| | | |
| 1-18(1മുതൽ 10വരെ) | 3368275 | സെക്രട്ടറി, ജില്ലാ പഞ്ചായത്ത് |
| 1-18(11) | 23346155 | സാമൂഹ്യനീതി ഓഫീസർ |
| 1-18(12) | 1000000 | കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ |
| 1-19 | 282000 | സെക്രട്ടറി, ജില്ലാ പഞ്ചായത്ത് |
| 1-20 | 2400000 | -ടി- |
| 1-21 | 725860 | -ടി - |
| 1-22 | 948964 | -ടി - |
| 1-23 | 1061215 | സൂപ്രണ്ട്,<br>ജില്ലാ ഹോമിയോ ആശുപത്രി, കോഴിക്കോട് |
| 1-25 | 275000 | ഡെ.ഡയറക്ടർ, ഫിഷറീസ് |
| 1-26 | 2693295 | അസി.എക്സി.എഞ്ചിനീയർ, (കൃഷി) |
| 1-28 | 500000 | പ്രോഗ്രാം ഓഫീസർ, ജില്ലാ ഐ.സി.ഡി.എസ്. സെൽ |
| 1-30 | 487300 | കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ |
| 1-31 | 38186 | സൂപ്രണ്ട്,<br>ജില്ലാ ആയുർവ്വേദ ആശുപത്രി,<br>കോഴിക്കോട് |
| 1-43 | 430779 | സൂപ്രണ്ട്,<br>ജില്ലാ ആശുപത്രി,വടകര |
| 1-45 | 22730 | അസി.ഡയറക്ടർ,<br>പ്രാദേശിക കോഴിവളർത്തുകേന്ദ്രം.<br>ചാത്തമംഗലം |
| | **41489658** | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

1-40

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും | ഇപ്പോഴത്തെ | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ഉദ്യോഗപ്പേരും | (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | |
| ശ്രീ.സയിദ് നയീം.സി, | ജില്ലാ പട്ടിക വർഗ്ഗ വികസന ഓഫീസർ, കോഴിക്കോട് | 'അനഫിദ', ഫ്ലോറിക്കൻ റോഡ്(പി.ഒ), സിവിൽ സ്റ്റേഷൻ, കോഴിക്കോട്-673020 |
| ശ്രീ.അബ്ദുൾ വഹാബ്.വി.എസ്, | അസി.എക്സി.എഞ്ചിനീയർ, (കൃഷി) | വി.എസ്.ഹൗസ്, അരക്കിണർ (പി.ഒ), കോഴിക്കോട് |
| ശ്രീമതി.ഷീബ മുംതസ് | സാമൂഹ്യനീതി ഓഫീസർ (അധിക ചുമതല) | കാളിയേടത്ത്(വീട്), വെളിമണ്ണ (പി.ഒ), ഓമശ്ശേരി |
| ശ്രീമതി കവിത.പി.സി | കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ | 'സാന്ദ്രം', പെരുവട്ടൂർ പി.ഒ, കൊയിലാണ്ടി |
| ശ്രീ ബാബു.വി | സെക്രട്ടറി, (അധിക ചുമതല) ജില്ലാ പഞ്ചായത്ത് | നിവേദ്യം, സി.എച്ച് കോളനി, ചേവരമ്പലം, കോഴിക്കോട്. |
| ഡോ. മുഹമ്മദ് അക്ബർ | സൂപ്രണ്ട്, ജില്ലാ ഹോമിയോ ആശുപത്രി, കോഴിക്കോട് | 'ഹുദ', ഡൗൺ ഹിൽ(പി.ഒ), മലപ്പുറം -676519 |
| ശ്രീ സുധീർ കൃഷൻ | ഡെ.ഡയറക്ടർ, ഫിഷറീസ് | പത്മാലയം, വൈത്തിരി (പി.ഒ), വയനാട് |
| ശ്രീമതി പുഷ്പ. വി | പ്രോഗ്രാം ഓഫീസർ, ജില്ലാ ഐ.സി.ഡി.എസ്. സെൽ | പുഷ്പശ്രീ, പുതിയറ, കോഴിക്കോട് |
| ഡോ. പ്രീത. എ | സൂപ്രണ്ട്, ജില്ലാ ആയുർവ്വേദ ആശുപത്രി, കോഴിക്കോട് | കൗസ്തുഭം, പാറക്കൽ, കൽപ്പറ്റ നോർത്ത്, വയനാട് |
| ശ്രീ ഷാജി. ടി. ആർ | സൂപ്രണ്ട്, ജില്ലാ കൃഷി ഫാം, കൂത്താളി | ലഭ്യമല്ല |
| ശ്രീ സന്ദീപ്. കെ. ജി | എക്സി. എഞ്ചിനീയർ, ത.സ്വ.ഭ.വ | കിഴക്കെ തൊടികയിൽ, മുക്കം, (സി.എച്ച്.സി ക്ക് സമീപം), താഴെക്കോട്, കോഴിക്കോട്-673602 |
| ശ്രീ ഷൈജു. ടി.കെ | അസി.എക്സി.എഞ്ചിനീയർ | കാർത്തിക, താഴെക്കൊല്ലേരി (വീട്), ചേവരമ്പലം (പി.ഒ), കോഴിക്കോട് |
| ശ്രീമതി കെ.വി. ഉമ | ഡെ.ഡയറക്ടർ, മൃഗസംരക്ഷണം | 'ശ്രീലക്ഷ്മി' ശാന്തിനഗർ, പെരിന്തൽമണ്ണ-679322 |
| ശ്രീ അലി. കെ.വി | സൂപ്രണ്ട്, ജില്ലാ ആശുപത്രി, വടകര | ുണ്ടിയിൽ (വീട്), മൊകേരി (പി.ഒ), തലശ്ശേരി, കണ്ണൂർ – 670692 |
| ഡോ.സിന്ധുബാലൻ | അസി.ഡയറക്ടർ, പ്രാദേശിക കോഴിവളർത്തു കേന്ദ്രം, ചാത്തമംഗലം | ഫ്ലാറ്റ് 4 സി സ്കൈലൈൻ ഗാർനറ്റ്, കെ.ടി.ഗോപാലൻ റോഡ്, കോട്ടൂളി |

## 4-10 തീർപ്പാക്കാൻ ശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1997-98 | എൽ.എഫ്.പി8/654/10<br>തീയതി-1-7-10 | 33 | 48, 49, 50, 51(3), 39, 40, 41, 42, 43, 44, 45, 46, 28, 32, 37, 38, 5, 6, 7, 8, 11, 16, 17, 18, 19, 20, 56, 57, 58, 59, 60, 62, 64. |
| 1998-99 | എൽ.എഫ് കെ.കെ.ഡി/പി8/954/10<br>തീയതി-7-8-10 | 30 | 8, 9, 12, 14, 15, 17, 19, 24, 26എ, 27(1), 28, 29, 30, 31, 32, 35 എ, ബി, സി, ഡി,<br>38, 41, 42, 43, 46, 47, 48, 49, 51, 52, 53, 54, 55, 56 |
| 1999-2000 | എൽ.എഫ്.കെ.കെ.ഡി/പി8/954/10(5)<br>തീയ്യതി 7-8-10 | 29 | 23, 24, 25, 26, 31, 37, 38, 39, 40, 44, 54, 55,<br>56, 57, 58, 59, 62, 64, 65, 66, 67, 69, 70, 71, 75, 76, 77, 78, 81 |
| 2000-2001 | എൽ.എഫ്.കെ.കെ.ഡി/പി8/1563/2012,തീ.12.3.2013 | | |
| 2001-2002 | എൽ.എഫ്.കെ.കെ.ഡി/പി1/538/2004,തീ.17.07.2012 | 34 | 2-31 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി/പി8/954/2010(2)<br>തീയ്യതി 7-8-10 | 42 | 2-1, 2-2ഡി, 2-4, 2-7, 2-8, 2-9, 2-10, 2-11, 2-12, 2-13, 2-14, 2-15, 2-16, 2-17, 2-18, 2-19, 2-20, 2-21, 2-22, 2-23, 2-24, 2-25, 2-26,<br>2-30, 2-31, 2-32<br>2-34 (1, 3, 4, 5, 6, 7, 8) 2-35, 2-36, 2-37, 2-38, 2-39, 2-40, 2-41,<br>2-42, 2-43, 2-44, 2-46, 2-47, 2-48, 2-49, 2-50(1), (2) |
| 2002-03 (വരവ്) | എൽ.എഫ്.കെ.കെ.ഡി/പി 7/866/09 | 5 | |
| 2003-04 | എൽ.എഫ്.കെ.കെ.ഡി/പി8/954(3)/2010<br>തീയ്യതി-7-8-2010 | 21 | 2-4, 2-7, 2-9, 2-10, 2-11, 2-13, 2-15, 2-16, 2-17, 2-18, 2-19, 2-20, 2-21, 2-22, 2-23, 2-24, |

| | | | |
|---|---|---|---|
| | | | 2-25, 2-26, 2-29(2), 2-30, 2-35 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി/ പി8/954/10(4)<br>തീയതി 7-8-10 | 23 | 2(2a), 2-4 (3,4,5), 2-5, 2-6(1), 2-7, 2-9, 2-10(2,3),<br>2-11a, 2-13, 2-14, 2-15, 2-16(2),<br>2-17, 2-18, 2-19, 2-21, 2-22,<br>2-25(2), 2-26<br>2-27(1,2), 2-28, 2-29, 2-30 |
| 2004-05 (വരവ്) | എൽ.എഫ്.കെ.കെ.ഡി/ പി 7/1392/08<br>തീയത് 2-12-09 | 10 | 1-2, 2-1(2,3), 2-2(1), 3-3(9), 2-2(5,6), 2-3(3), 4-6,2-3-5 (എ, ബി, സി, ഇ), 4-7 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി/ പി7/551/09<br>തീയതി1-7-10 | 5 | 2-6, 2-14എ, 2-15, 2-16 എ, ബി |
| 2005-06 (വരവ്) | എൽ.എഫ്.കെ.കെ.ഡി/പി7/ 865/2009,തീ.30.6.2009 | 15 | |
| 2006-07 | എൽ.എഫ്.കെ.കെ.ഡി/പി8/ 250/11 തീയതി-13-7-11 | 14 | 2-5, 2-7, 2-8, 2-12, 2-16, 2-24,<br>2-27, 2-31, 2-33, 2-35, 2-36, 2-43, 2-44, 2-45 |
| 2006-07 (വരവ്) | എൽ.എഫ്.കെ.കെ.ഡി/പി8/ 4/2011 തീയതി -26-4-11 | 3 | |
| 2007-08 | എൽ.എഫ്.കെ.കെ.ഡി/ പി8/196/2010<br>തീയ്യതി 1-7-10 | 24 | 3 എiv(1)li, lv, 3എv, (2) (4) (5), 3ബി(1), 3ബി(5), 3ബി(14), 3ബി(18), 19, 22,<br>23(1)(3), 26, 28, (2), 29((2), (3), 30(1)(2), 34(4)<br>37, 38, (1)(3), 39, 40, 41, 46, 47, 48, 50, 51 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി/ പി8/1318/2010<br>തീയ്യതി-15-7-2011 | 43 | 2-1, 2-3(1), (6), (9), (10), (11),<br>2-6, 2-7(1), (2), (3), (4), (5), (6),<br>3-4(1), (3), (4), (5), (6), 3-5(2), (3), 3-6, 3-7(1, 2, 3, 4, 5),<br>3-8 (1,3),<br>3-8(2), 3-9 (1,3 (2 എ, ബി),<br>3-10 (1, 3, 4, 5),<br>3-11 (2, 3, 6), 3-12 (1,2),<br>3-16 (1), 3-17(1),<br>3-18(1), 3-19(1,2), |

| | | | |
|---|---|---|---|
| | | | 3-20(1), 3-21(1 ,2, 3), 3-22(2), 3-23, 3-24, 3-25, 3-26, 3-27, 3-28 (1,2), 3-29, 3-32, 3-33, 3-34(1,2), 3-35(1), 3-36, 3-39 (1,2,3), 3-40 (1, 3, 4), 3-41, 3-42, 3-43(1, 2), 3-44, 3-45, 4-3, 4-5, 4-6 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി/ പി 8/841/11<br>തീയതി-17-8-12 | 40 | 2-2 ,2-3, 3-3, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18, 3-20, 3-21, 3-23, 3-24, 3-26, 3-27, 3-28, 3-29, 3-31, 3-33, 3-34, 3-36, 3-37, 3-38, 3-39, 3-40, 3-41, 3-42, 3-43, 3-44, 3-45, 3-46, 3-47, 3-48 |
| 2010-11 | എൽ.എഫ്.കെ.കെ.ഡി/ പി8/368/15<br>തീയ്യതി-5-5-15 | 19 | 1-2, 1-3, 1-5, 2-2, 3-3 ,3-4(1), 3-5, 3-6, 3-7(1), (2), (3), (4), (5), (6), (7), 3-8, 3-9, 3-10, 3-11, 3-12, 3-13, 3-15, 3-17, 3-20, 4-3, 4-7 |
| 2011-12 | എൽ.എഫ്.കെ.കെ.ഡി/ പി8/296/15<br>തീയ്യതി-3-06-15 | 18 | 2-1 (1), (2), 2-2, 2-4, 3-2, 3-3, 3-4, 3-5, 3-9, 3-16 , 3-19, 3-21, 3-22, 3-23, 3-24, 3-25, 3-27, 3-28, 3-31, 4-5 |
| 2012-13 | എൽ.എഫ്.കെ.കെ.ഡി/ പി8/45/15<br>തീയ്യതി-12-2-15 | 26 | 2-2, 2-3, 2-5, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-17, 3-18, 3-19, 3-20, 3-21, 3-22, 3-23, 3-24, 3-26, 3-27,3-28 |
| 2013-14 | കെ.എസ്.എ.കെ.കെ.ഡി/ പി14/1502/17<br>തീയ്യതി-20-03-18 | 31 | 2-2, 2-3, 2-14, 3-3, 3-4, 3-5, 3-6, 3-7, 2-1, 2-2, 2-3, 2-4, 2-5, 3-8, 3-9, 3-10, 3-11, 3-12, 3-14, 3-15, 3-17, 3-22, 3-23, 3-24, 3-26, 3-27, 3-28, 3-29, 3-30, 3-31, 4-1 |

| | | | |
|---|---|---|---|
| 2014-15 | കെ.എസ്.എ.കെ.കെ.ഡി/ പി14/2448/17 തീയ്യതി-23.12.2017 | 28 | 2(1), 2(2), 2(3), 3(1), 3(2), 3(4), 3(6), 3(8), 3(9), 3(10), 3(11), 3(13), 3(14), 3(15), 3(18), 3(19), 3(20), 3(21), 3(22), 3(23), 3(24), 3(25), 3(26), 3(27), 3(28), 3(29), 3(30), 3(31) |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി/ പി 14/2445/17. തീയതി-8-2-18 | 33 | 2(3)II, III, 2-4, 2-5, 2-6, 3-1, 3-2, 3-3, 3-5, 3-6, 3-11, 3-12, 3-13, 3-14, 3-15, 3-19, 3-20, 3-21, 3-22, 3-24, 3-27, 3-28, 3-29, 3-30, 3-33, 3-34, 3-37, 3-38, 3-41, 3-42, 3-43, 3-44, 3-45, 3-47 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി.പി14/ 496/18തീയതി25-09-18 | 38 | 2-1 ,2-2, 3-1, 3-2, 3-3, 3-4, 3-5, 3-7, 3-8, 3-13, 3-14, 3-17, 3-18, 3-19, 3-20, 3-21, 3-22, 3-23, 3-24, 3-25, 3-26, 3-27, 3-28, 3-29, 3-30, 3-31, 3-32, 3-33, 3-34, 3-35, 3-36, 3-37, 3-38, 3-39, 3-40, 3-41, 3-42, 3-43 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി.പി. 12/ 1451/2019 തീ. 19.06.2020 | | 1-1, 1-12(2), 2-1, 2-2(1), 2-2(2), 2-4, 2-5, 2-6, 2-7(1), 2-7(2), 2-7(3), 3-1, 3-2(2), 3-3 മുതൽ 3-30 വരെ, 3-31, 3-32, 3-33, 3-34, 3-35, 3-36, 3-37, 3-38, 3-39(1), 3-32(2), 3-41, 3-42, 3-44, 3-45, 3-46, 3-47, 3-48, 3-50(I), 3-50(II), 3-50(III), 3-50(IV), 3-50(V), 3-50(VI), 3-50(VII), 3-50(VIII), 3-51, 3-52, 3-53, 3-54, 3-55(I(1)), 3-55(I)(2), 3-55(II)(2), 3-55(III), 3-56(1), 3-56(3), |

| | | | |
|---|---|---|---|
| | | | 3-56(4), 3-57, 3-58, 3-59, 3-60(6)(2), 4-10 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി. പി.12/802/2020 Dt.14.07.2021 | 33 | 1-7, 1-9(1) (2) (3) (4) (5) (6) (7) (9), 1-10(1) (2) (3) (4) (5(1,2,3)) (6(1,2)) (7(1,4,5,7)), 1-11(1) (2) (3) (5), 1-12(1), 1-13(1)(2), 1-14(1) (3) (4), 1-15, 1-16, 1-17, 1-18, 1-19, 1-20, 1-21, 1-22, 1-23, 1-24, 1-25, 1-29, 1-30, 1-31, 1-32, 1-35, 1-38 (1) (2) (3) (4)(5), 1-39, 1-40, 1-42, 1-45, 3-1, 3-2 ,3-3, 4-10, 4-11 |

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

**അനുബന്ധം-1**

**ഓഡിറ്റ് സാക്ഷ്യപത്രം**

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**അനുബന്ധം-2**

**ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം**

കോഴിക്കോട് ജില്ലയിലെ കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്